

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 92 ● ലക്കം 02 ● ആഗസ്റ്റ് 2019

വേദപ്രചാര മധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ : തടവറ പ്രേഷിത ദിനം ..... 05
സർക്കുലർ : ജസ്റ്റിസ് സൺഡേ ..... 11
ഇടയലേഖനം : കൈത്താക്കാലം - സഭയോടൊത്ത് ..... 14
കച്ചേരിക്കാര്യം ..... 23
അനുസ്മരണങ്ങൾ ..... 24
ജാഗ്രതാസമിതി ..... 28
സന്ദേശനിലയം ..... 29
ചെറുപുഷ്പ മിഷൻലീഗ് ..... 36
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ..... 38
ഫാമിലി അപ്പോസ്തലേറ്റ് ..... 42
യുവദീപ്തി ..... 44
കെ.സി.എസ്.എൽ. ..... 47
ചാസ് ..... 48
ജീവകാരുണ്യനിധി ട്രസ്റ്റ് ..... 58
കേരളാ ലേബർ മൂവ്മെന്റ് ..... 59
പ്രവാസി അപ്പോസ്റ്റലേറ്റ് ..... 60
കെയർ ഹോംസ് ..... 61
ആത്മതാകേന്ദ്രം ..... 62
ദലിത് കത്തോലിക്കാ മഹാജനസഭ ..... 64
ആവേമരിയ ..... 66
ഫ്രാൻസിസ്കൻ അല്മായസഭ ..... 67
വിൻസെൻഷ്യൻ വേദി ..... 69
മാനവ വിഭവശേഷി വികസനട്രസ്റ്റ് ..... 71
ചാരിറ്റി വേൾഡ് ട്രസ്റ്റ് ..... 72
കരിസ്മാറ്റിക് നവീകരണം ..... 74
പൗരോഹിത്യ ആദ്ധ്യാത്മികത ..... 76
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 81
Engagements ..... 88

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3209/K-5/KCBC/OL/DS 20.7.2019

## 2019 ആഗസ്റ്റ് 11 ഞായർ
# തടവറ പ്രേഷിത ദിനം

കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്‌മെന്റ് കമ്മീഷന്റെ ഭാഗമായ
ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത
പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന

## സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചുകിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. ''ഒരാത്മാവിന്റെ കഥ'' എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻവേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: ഫ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ

അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. ''അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്ന തിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും'' (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന ഈശോയുടെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോ ലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തി ച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സ ഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവ രുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥ രില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോച നീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ? അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: ''ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?'' സുപ്ര ധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരി ക്കുകയാണ്. ഈശോസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരി ച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തി നാല്പത്തിമൂവായിരത്തി അറുനൂറ്റിപ്പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യ യിൽ നാലു ലക്ഷത്തിപ്പത്തൊമ്പതിനായിരത്തി അറുനൂറ്റിയിരുപത്തി മൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാ നും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം, പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖ ലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തട വറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്1:27). കുറ്റക്കാരെ കർശന

മായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെ യൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്ര മണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാ വം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹ ചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണ മെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മി പ്പിക്കുന്ന ദിനമാണിന്ന്.

ഈശോ പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യക ളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കു കയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവി ടുന്നു പറഞ്ഞു: ''ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക'' (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ ഈശോ പറഞ്ഞു, താൻ നീതിമാ ന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് ഈശോ ''ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചി രിക്കുന്നു'' എന്നും (ലൂക്കാ 4:18), താൻ വിശക്കുന്നവരിലും ദാഹിക്കുന്ന വരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31-46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019- ലെ പ്രമേയം ''ഭിത്തി കൾ തടവറകൾ സൃഷ്ടിക്കുന്നില്ല'' എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From Prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്ര മായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനി യും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും

ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റി നിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: ''തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.'' ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലപനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

ഈശോസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ

മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽത്തന്നെ ഈശോസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും ഈശോസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും ഈശോസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ

സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം



**N.B:** *2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Ref: 3208/K-5/KCBC/OL/DS 20.7.2019

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019

## ആഗസ്റ്റ് 18, ഞായർ

കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് ഈശോ പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് ഈശോയുടെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: ''മിശിഹായുടെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?'' (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും ഈശോയുടെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. ഈശോ അരുൾചെയ്ത

തുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം' (മത്താ 5:43-48).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ഈശോവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർദ്ധിക്കേണ്ടതുണ്ട്. ഭവന നിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്ത സഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരം) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം,

വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Programme ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസിബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



**N.B:** *2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## കൈത്താക്കാലം - സഭയോടൊത്ത്



ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

**1.** 'സഭയിൽ സഭയോടൊത്ത് ചിന്തയും ജീവിതവും പ്രവൃത്തിയും' എന്നതാണ് കൈത്താക്കാലത്തിന്റെ സന്ദേശം. സഭയെ അറിഞ്ഞും സ്നേഹിച്ചും സഭയോടൊത്ത് ചിന്തിച്ചും ജീവിച്ചും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുന്നവരാണ് മിശിഹാനുയായികൾ. സഭയെ അമ്മയായി കാണണമെന്നും അപ്പോഴാണ് ദൈവം നമുക്ക് പിതാവാകുന്നതെന്നും വിശുദ്ധ സിപ്രിയാൻ നമ്മെ പഠിപ്പിക്കുന്നു. സഭ ഒരു മഹാരഹസ്യമാണ്. ഒരു നിർവചനത്തിൽ സഭയെ ഉൾക്കൊള്ളിക്കാനാവില്ല. നിരവധി ഉപമകളിലൂടെയും സാദൃശ്യങ്ങളിലൂടെയുമാണ് വേദപുസ്തകം സഭയെ അവതരിപ്പിക്കുന്നത്.

### 2. സഭ നമ്മുടെ അമ്മ

സഭ നമുക്ക് അമ്മയാകുന്നത് മാമ്മോദീസായിലൂടെയാണ്. സഭയുടെ ഗർഭപാത്രം എന്നു വിശേഷിപ്പിക്കപ്പെടുന്ന മാമ്മോദീസാത്തൊട്ടിയിലാണ് നമ്മൾ ദൈവമക്കളായി ജന്മംകൊള്ളുന്നത്. മാമ്മോ

ദീസാജലത്തെ സഭാമാതാവിന്റെ ഉദരം എന്നും വിശേഷിപ്പിക്കുന്നു. ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്കാണ് മാമ്മോദീസായിലൂടെ നമ്മൾ ചേർക്കപ്പെടുന്നത്. 'ബാവായുടെയും പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും നാമത്തിൽ മാമ്മോദീസാ മുക്കപ്പെടുന്നു' എന്നാണല്ലോ കാർമ്മികൻ പറയുന്നത്. ഇപ്രകാരം ആരംഭിക്കുന്ന ക്രിസ്തീയജീവിതം നിരന്തരം പരിപോഷിപ്പിക്കപ്പെടുന്നത് സഭയിലും സഭയിലൂടെയുമാണ്. വിശ്വാസജീവിതത്തിന്റെ ഊർജ്ജസ്രോതസ്സ് സഭയുടെ ആരാധനക്രമമാണ്, വിശേഷിച്ച് വിശുദ്ധ കൂദാശകൾ. തൈലാഭിഷേകകൂദാശയിൽ നമ്മൾ സ്വീകരിക്കുന്ന റൂഹാദ്ക്കുദ്ശാ വഴിയും സത്യവും ജീവനുമായ മിശിഹായിലൂടെ വിശുദ്ധിയുടെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നു. വിശുദ്ധിയുടെ പാതയിൽ പാപംവഴിയുണ്ടാകുന്ന തടസ്സങ്ങൾ നീക്കുകയും പാപത്തിൽ വീഴാതിരിക്കാൻ ശക്തിപകരുകയും ചെയ്യുന്നതാണ് അനുരഞ്ജനകൂദാശ. നിത്യജീവൻ നൽകുന്ന സ്വർഗ്ഗീയ അപ്പമാണ് വിശുദ്ധ കുർബാന. സാത്താനെതിരെ ശക്തമായി പോരാടാനുള്ള മൂർച്ചയേറിയ വാളാണ് ദൈവവചനം.

ഇവയെല്ലാം പ്രവർത്തനനിരതമാകുന്ന വിശുദ്ധ സ്ഥലമാണ് നമ്മുടെ ദൈവാലയം. ബലിപീഠം, വചനവേദി (ബേമ), മാമ്മോദീസാത്തൊട്ടി, അനുരഞ്ജനവേദി എന്നിവയെ കേന്ദ്രീകരിച്ചാണ് ഇവ സംഭവിക്കുന്നത്. ദൈവവും നമ്മളും പരസ്പരം കണ്ടുമുട്ടുന്ന വിശുദ്ധസ്ഥലങ്ങളാണിവ. ഈ സ്ഥലങ്ങൾ ശ്രദ്ധാപൂർവ്വം സംരക്ഷിക്കപ്പെടേണ്ടതും ഭക്ത്യാദരവുകളോടെ സമീപിക്കേണ്ടതുമാണ്. നമ്മുടെ കർത്താവിന്റെ കൃപയാൽ സഭയാകുന്ന അമ്മയുടെ മേൽനോട്ടത്തിൽ നടക്കുന്ന രക്ഷാകര പ്രവർത്തനങ്ങളാണിവ. സഭയുടെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാക്കാര്യങ്ങളും വിശ്വസ്തതയോടെ നിറവേറ്റി സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും നമുക്കു പരിശ്രമിക്കാം.

### 3. സഭയുടെ ദൈവികോത്ഭവവും സ്വഭാവവും

സഭ ദൈവസ്ഥാപിതമാണെന്ന് വേദപുസ്തകവും സഭയുടെ വിശുദ്ധ പാരമ്പര്യവും സാക്ഷിക്കുന്നു. സഭയുടെ വളർച്ചയും ദൈവത്തിൽ അധിഷ്ഠിതമാണ്. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ:

> നിങ്ങൾ വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്. മിശിഹായിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ വിശുദ്ധമായ ആലമായി അത്

വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്നു (എഫേ. 2:19-22).

വിശ്വാസികളുടെ സമൂഹത്തെ ഒരു ഭവനത്തോടാണ് പൗലോസ് ശ്ലീഹാ സാദൃശ്യപ്പെടുത്തുന്നത്. ഈ ഭവനം ദൈവത്തിന്റെ വാസസ്ഥലമാണ്. അതിന്റെ മൂലക്കല്ല് ഈശോമിശിഹായാണ്. അതിന്റെ അടിത്തറയാകാൻ ദൈവനിയോഗം ലഭിച്ചവരാണ് ശ്ലീഹന്മാരും പ്രവാചകന്മാരും. റൂഹാദ്ക്കുദ്ശായാൽ നയിക്കപ്പെട്ട് വിശ്വാസികൾ മിശിഹായോട് ചേർന്ന് ഈ ഭവനത്തിന്റെ ഭാഗമായി അതിനെ അനുദിനം വളർത്തുന്നു. ചുരുക്കത്തിൽ, സഭയുടെ ഉത്ഭവവും നിലനില്പും വളർച്ചയും ത്രിയേക ദൈവത്തെ ആശ്രയിച്ചും പരി. ത്രിത്വവുമായി സംസർഗ്ഗത്തിൽ ആയിരുന്നുകൊണ്ടുമാണ്. അതായത്, ത്രിത്വൈകദൈവവുമായി കൂട്ടായ്മയിൽ ആയിരിക്കുന്ന വിശ്വാസിസമൂഹമാണ് സഭ. അതിന്റെ പൂർണ്ണത മരണശേഷം സ്വർഗ്ഗത്തിലാണ് കൈവരുന്നത്, സ്വർഗ്ഗീയ സഭയിൽ.

### 4. സഭ ദൈവിക കൂട്ടായ്മ

സഭ ഒരു ദൈവിക കൂട്ടായ്മയാണെന്ന് യോഹന്നാൻ ശ്ലീഹായും സുവിശേഷത്തിലൂടെയും ലേഖനത്തിലൂടെയും പഠിപ്പിക്കുന്നു. തന്റെ ശിഷ്യന്മാർക്കും അവർവഴി തന്നിൽ വിശ്വസിക്കുന്നവർക്കും വേണ്ടിയുള്ള ഈശോയുടെ പ്രാർത്ഥന ഈ കൂട്ടായ്മയെയാണ് വെളിപ്പെടുത്തുന്നത്.

''അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും..... നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന്.... അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ'' (യോഹ. 17:20-23).

ഈശോയിൽ വിശ്വസിക്കുന്ന എല്ലാവരും എക്കാലത്തും എവിടെയും ഐക്യത്തിൽ ഒന്നായിരിക്കണമെന്നും, ഈ ഐക്യത്തിന്റെ മാതൃക പിതാവായ ദൈവവും പുത്രനായ മിശിഹായും തമ്മിലുള്ള ഐക്യമാണെന്നും, ഈ ഐക്യം വിശ്വാസികളുടെയിടയിൽ മാത്രമല്ല, ദൈവ

വുമായും ഉണ്ടായിരിക്കേണ്ടതാണെന്നുമുള്ള ദൈവഹിതമാണ് ഇവിടെ വ്യക്തമാക്കുന്നത്. അതായത്, ഒരു ദൈവമനുഷ്യകൂട്ടായ്മയാണ് സഭ. ഈ കൂട്ടായ്മയുടെ അടിസ്ഥാനം ദൈവസ്നേഹമാണ്. പിതാവ് പുത്രനെ സ്നേഹിക്കുന്നതുപോലെതന്നെ നമ്മെയും സ്നേഹിക്കുന്നു. അതുപോലെതന്നെ പുത്രനും നമ്മെ സ്നേഹിക്കുന്നു.(യോഹ. 15:9).

**5.** ഇപ്രകാരം ദൈവസ്നേഹത്തിൽ നിലനില്ക്കുന്നതിന് ദൈവകല്പനകൾ പാലിക്കണമെന്നും ഈശോ വ്യക്തമാക്കുന്നു: ''ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും'' (യോഹ. 15:10).

സഭയിൽ യാഥാർത്ഥ്യമാകേണ്ട ദൈവ-മനുഷ്യ ഐക്യത്തിന്റെ മനോഹരമായ ചിത്രമാണ് 'മുന്തിരിച്ചെടിയും ശാഖകളും' എന്ന ഉപമയിലൂടെ ഈശോ വരച്ചിരിക്കുന്നത്. ഇവിടെ ഈശോ മുന്തിരിച്ചെടിയും വിശ്വാസികൾ ശാഖകളുമാണ്. ശാഖകൾക്ക് മുന്തിരിച്ചെടിയിൽനിന്ന് വേറിട്ടൊരു നിലനില്പില്ല. അപ്രകാരം അവിഭാജ്യമായൊരു ബന്ധമാണ് ഈശോയും സഭാംഗങ്ങളും തമ്മിലുള്ളത്. ഈശോയുടെ വാക്കുകൾതന്നെ ശ്രദ്ധിക്കാം:

> ''നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. .....ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു'' (യോഹ. 15:4-6).

മിശിഹായും സഭയും തമ്മിലുള്ള അഭേദ്യമായ ഈ ബന്ധത്തെ 'ശരീരവും അവയവങ്ങളും' എന്ന സാദൃശ്യത്തിലൂടെ പൗലോസ് ശ്ലീഹായും വ്യക്തമാക്കുന്നു:

> ''ശരീരം ഒന്നാണെങ്കിലും, അതിൽ പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെതന്നെയാണ് മിശിഹായും. നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ മാമ്മോദീസാ സ്വീകരിച്ചു.... നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്'' (1 കോറി 12:12,13,27).

നിത്യജീവന്റെ വചനമായ ഈശോമിശിഹായിൽ രൂപീകരിക്കപ്പെട്ട ദൈവിക കൂട്ടായ്മയിലേക്കാണ് വിശ്വാസികൾ ചേർക്കപ്പെടുന്നതെന്ന്

തന്റെ ലേഖനത്തിലൂടെ യോഹന്നാൻ ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു:

> ''പിതാവിനോടുകൂടി ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെട്ട തുമായ നിത്യജീവൻ ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇത് പ്രഘോഷിക്കുന്നത്. ഞങ്ങ ളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്'' (1 യോഹ. 1:2-3).

**6.** ഇപ്രകാരമുള്ള ദൈവികവെളിപാടിന്റെ വെളിച്ചത്തിൽ, സഭ ഐക്യത്തിന്റെ കൂദാശയാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലി ലൂടെ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു:

> ''മിശിഹായിൽ ദൈവത്തോടുള്ള ഗാഢമായ ഐക്യത്തിന്റെയും എല്ലാ മനുഷ്യരും തമ്മിലുള്ള ഐക്യത്തിന്റെയും അടയാളവും ഉപകരണവുമാകയാൽ സഭയ്ക്ക് കൂദാശയുടെ സ്വഭാവമാണ്'' (തിരുസ്സഭ 1).

കൗൺസിലിന്റെ ഈ പ്രബോധനം സഭയ്ക്ക് ദൈവത്തോടും മനുഷ്യവർഗ്ഗം മുഴുവനോടുമുള്ള ആത്മീയ ബന്ധമാണ് വെളിപ്പെ ടുത്തുന്നത്. ഈശോമിശിഹായിൽ ഏകശരീരമായിരിക്കുന്ന സഭ മിശിഹായിലൂടെ ദൈവവുമായി ഗാഢബന്ധത്തിൽ ആയിരിക്കുന്നു. ദൈവ-മനുഷ്യബന്ധത്തിന്റെ ഉത്തമമാതൃകയാണ് സഭ. ഇപ്രകാര മൊരു ബന്ധത്തിലേക്ക് എല്ലാ മനുഷ്യരും ദൈവത്താൽ വിളിക്കപ്പെ ട്ടിരിക്കുന്നു. അതിനൊരു ഉപകരണമാകുവാനുള്ള ദൈവനിയോഗം സഭയ്ക്കും ലഭിച്ചിരിക്കുന്നു. അതുകൊണ്ടാണ്, ദൈവ-മനുഷ്യബ ന്ധത്തിന്റെ അടയാളവും ഉപകരണവുമാണ് സഭ എന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. അതുപോലെതന്നെ മനുഷ്യർ തമ്മിൽ തമ്മിലുള്ള ഐക്യത്തിന്റെ അടയാളവും ഉപകരണവുമാകണം സഭ. എല്ലാവരെയും സഹോദരങ്ങളായി കണ്ട് സ്നേഹിക്കുകയും ആവ ശ്യമനുസരിച്ച് പങ്കുവയ്ക്കുകയും ചെയ്തിരുന്ന ആദിമക്രൈസ്തവ സമൂഹം എക്കാലത്തും ഏറ്റവും ഉത്തമമാതൃകയായി നിലകൊള്ളുന്നു. ഇപ്രകാരമുള്ള സഭാത്മകജീവിതത്തിന്റെ ചൈതന്യം ഉൾക്കൊള്ളാൻ കൈത്താക്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

### 7. നിലത്തുവീണ് അഴിയണം

മുളച്ച് വളർന്ന് ഫലം പുറപ്പെടുവിക്കണമെങ്കിൽ വിത്ത് നിലത്തു വീണ് അഴിയണം. ദൈവവചനമാകുന്ന വിത്ത് മുളച്ച് വളർന്ന് ഫലം പുറപ്പെടുവിക്കുന്ന വൃക്ഷമായതാണ് സഭ. ഈശോമിശിഹായാണല്ലോ,

പൂർണ്ണമായ അർത്ഥത്തിൽ ദൈവവചനം. ഈ വിത്ത് നിലത്തുവീണ് അഴിയുന്നതിന്റെ ചിത്രമാണ് ഈശോയുടെ ജീവിതം, പ്രത്യേകിച്ച് സഹനവും കുരിശിലെ മരണവും. സ്വയം ഇല്ലാതായ വിത്ത് നിത്യ ജീവന്റെ വൃക്ഷമായി രൂപാന്തരപ്പെട്ടതാണ് ഉയിർത്തെഴുന്നേറ്റ ഈശോ. ഈശോയുടെ തുടർച്ചയായി, നിത്യസാന്നിദ്ധ്യമായി ഈശോയാകുന്ന തായ്ത്തടിയോടു ചേർന്നു വളരുന്ന മുന്തിരിച്ചെടിയായി സഭ നിലകൊള്ളുന്നു. മരണത്തോളം സ്വയം ശൂന്യനാക്കിയ ഈശോയിൽനിന്ന് സഭ രൂപംകൊള്ളുന്നതിന്റെ പ്രതീകമാണ്, ഈശോയുടെ പിളർക്കപ്പെട്ട തിരുവിലാവിൽനിന്ന് പുറപ്പെട്ട വെള്ളവും രക്തവും. ഇവ മാമ്മോദീസായേയും വിശുദ്ധ കുർബാനയേയും സൂചിപ്പിക്കുന്നു. സഭയിൽ ദൈവമക്കളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന അടിസ്ഥാന കൂദാശകളാണല്ലോ ഇവ.

ഇപ്രകാരമാണ് ഈശോ സഭയാകുന്ന ഭവനത്തിന്റെ മൂലക്കല്ലായത്. ഈശോയ്ക്കുവേണ്ടി എല്ലാം ഉപേക്ഷിച്ച് സ്വയം നൽകാൻ തയ്യാറായ ശ്ലീഹന്മാർ ഈ ഭവനത്തിന്റെ അടിസ്ഥാനശിലകളായി. അവരുടെ തിരുനാളാചരിച്ചുകൊണ്ടാണ് കൈത്താക്കാലം ആരംഭിക്കുന്നത്. ഈശോമിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് സ്വയം സമർപ്പിക്കുന്ന വിശ്വാസികൾ ശ്ലൈഹികാടിത്തറയോടുചേർന്ന് സഭാസൗധത്തെ പണിതുയർത്തുന്നു, മുന്തിരിച്ചെടിയിലെ ശാഖകളായി വളർന്ന് ഫലം പുറപ്പെടുവിക്കുന്നു. മിശിഹായ്ക്കായി സ്വയം സമർപ്പിച്ച എണ്ണമറ്റ രക്തസാക്ഷികളും വിശുദ്ധരും സഭാവൃക്ഷത്തിലെ നല്ല ഫലങ്ങൾ നൽകിയ ശാഖകളാണ്. ഏറ്റവും ശ്രേഷ്ഠഫലം നൽകിയ പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ നമുക്കും അനുഗ്രഹമാകട്ടെ. സഭാവൃക്ഷത്തിലെ നല്ല ശാഖകളായി ഫലം നൽകുന്നതിന് നമ്മൾ മിശിഹായിലും മിശിഹാ നമ്മിലും വസിക്കണം. അതിന് നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

28-07-2019

N.B: *ഈ ഇടയലേഖനം ആഗസ്റ്റ് 04-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

19 Ch. 222-297

# റീത്താചരണവും പ്രവാസികളായ സഭാമക്കളും

മിശിഹായിൽ പ്രിയപ്പെട്ട സഹോദരങ്ങളേ, പ്രവാസികളായി കഴിയുന്ന അതിരൂപതാംഗങ്ങളേ,

പരിശുദ്ധ കത്തോലിക്കാസഭ വിവിധ സ്വയാധികാരസഭകൾ അഥവാ വ്യക്തിസഭകൾ ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയാണ്. ഓരോ സഭയ്ക്കും സ്വന്തമായൊരു പിതൃസ്വത്തും പാരമ്പര്യങ്ങളും സംസ്കാരവും ചരിത്രപരമായ സാഹചര്യങ്ങളുമുണ്ട്. പിതൃസ്വത്തിന്റെ സവിശേഷ ഘടകങ്ങളാണ് ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവ. ഇവയെല്ലാം ഉൾക്കൊള്ളുന്ന പേരാണ് റീത്ത് എന്നത്. ആറ് സഭാപാരമ്പര്യങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞവയാണ് സഭയിലെ വിവിധ റീത്തുകൾ അഥവാ വ്യക്തിസഭകൾ. അവ അലക്സാൻഡ്രിയൻ, അന്ത്യോക്യൻ, അർമ്മേനിയൻ, കാൽഡിയൻ (പൗരസ്ത്യ സുറിയാനി), കോൺസ്റ്റാന്റിനോപോളിറ്റൻ (ബൈസന്റയിൻ) എന്നീ പൗരസ്ത്യസഭാപാരമ്പര്യങ്ങളും റോമൻ (ലത്തീൻ) എന്ന പാശ്ചാത്യ സഭാപാരമ്പര്യവും ആണ് (പൗരസ്ത്യകാനൻസംഹിത, Can. 28).

എല്ലാ റീത്തുകളും മിശിഹായുടെ സഭ മുഴുവന്റെയും പിതൃസ്വത്തിൽപ്പെടുന്നു. ശ്ലീഹന്മാരിൽനിന്ന് പിതാക്കന്മാർവഴി ലഭിച്ച പാരമ്പര്യം അവയിൽ പ്രകടമാണ്. സഭയിലെ ദൈവികവെളിപാടിന്റെ അവിഭക്തമായ പൈതൃകസമ്പത്തിന്റെ ഭാഗമാണവ. റീത്തുകൾ അവയുടെ വൈവിധ്യത്തിൽ കത്തോലിക്കാവിശ്വാസത്തിന്റെ ദൈവീകൈക്യത്തെ ഉറപ്പിക്കുന്നു. അതിനാൽ ഈ റീത്തുകളെല്ലാം സംരക്ഷിക്കപ്പെടണമെന്നും പരിപോഷിപ്പിക്കപ്പെടണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിലും സഭയുടെ കാനോൻസംഹിതയും നിഷ്കർഷിക്കുന്നു (OE 1,2; CCEO 39). ഓരോ വ്യക്തിസഭയുടെയും അഥവാ റീത്തിന്റെയും

പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാസഭയുടെ ലക്ഷ്യമെന്നും, അതിനാൽ ലോകംമുഴുവനിലും എല്ലാ വ്യക്തിസഭകളുടെയും സംരക്ഷണത്തിനു വേണ്ടവ സജ്ജീകരിക്കേണ്ടിയിരിക്കുന്നുവെന്നും, എല്ലാ കത്തോലിക്കരും ലോകത്തിലെവിടെയായാലും സ്വന്തം റീത്ത് നിലനിറുത്തുകയും സംരക്ഷിക്കയും കഴിവിനൊത്ത് പാലിക്കയും ചെയ്യണമെന്നും പൗരസ്ത്യകത്തോലിക്കാ സഭകളെക്കുറിച്ചുള്ള ഡിക്രിയിൽ വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നു (OE, 2,4).

സ്വയാധികാരസഭകളുടെ തലവന്മാരായ മേലദ്ധ്യക്ഷന്മാരും മറ്റ് മേലദ്ധ്യക്ഷന്മാരും തങ്ങളുടെ സ്വന്തം റീത്തിന്റെ വിശ്വസ്തമായ സംരക്ഷണവും കൃത്യമായ ആചരണവും ഏറ്റവും ശ്രദ്ധയോടെ ഉറപ്പുവരുത്തേണ്ടതാണെന്നും, വിശ്വാസികളുടെ സൗമനസ്യവും ഐക്യവും കണക്കിലെടുത്തുകൊണ്ട് ജീവാത്മകവളർച്ചയ്ക്കുവേണ്ടിയല്ലാതെ അതിൽ മാറ്റങ്ങൾ അനുവദിക്കരുതെന്നും കൗൺസിലും കാനോൻനിയമവും അനുശാസിക്കുന്നു. മാത്രമല്ല, വൈദികരും സമർപ്പിതസമൂഹങ്ങളും മറ്റ് ക്രിസ്തീയവിശ്വാസികളും തങ്ങളുടെ സ്വന്തം റീത്ത് എല്ലായിടത്തും വിശ്വസ്തതയോടെ ആചരിക്കണമെന്നും അതേക്കുറിച്ച് കൂടുതൽ അറിവു നേടണമെന്നും കൗൺസിലും കാനോൻനിയമവും അനുശാസിക്കുന്നു (OE, 6: CCEO, 40).

പൗരസ്ത്യസുറിയാനി സഭാപാരമ്പര്യത്തിൽ രൂപംകൊണ്ടു വളർന്നിരുന്ന ഇന്ത്യയിലെ പുരാതനമായ മാർത്തോമ്മാ നസ്രാണിസഭയ്ക്ക് 16-ാം നൂറ്റാണ്ടിനുശേഷം കേരളത്തിലെ നിശ്ചിതപ്രദേശങ്ങൾക്കു വെളിയിൽ ഇന്ത്യയിലോ വിദേശങ്ങളിലോ സ്വന്തം റീത്തിന്റെ ആചാരങ്ങൾക്കും പൈതൃകത്തിനുമനുസരിച്ച് സഭാജീവിതം നയിക്കുന്നതിനുള്ള സ്വാതന്ത്ര്യമോ സംവിധാനങ്ങളോ ഉണ്ടായിരുന്നില്ല. നസ്രാണികത്തോലിക്കരുടെ നൂറ്റാണ്ടുകളായുള്ള പരിശ്രമങ്ങൾക്കും കാത്തിരിപ്പിനും ശേഷം ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഏതാനും മിഷൻരൂപതകൾ സീറോമലബാർ സഭയ്ക്ക് അനുവദിച്ചുകിട്ടി. പിന്നീട് കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഈ നൂറ്റാണ്ടിലുമായി വിദേശരാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കായി ഏതാനും രൂപതകൾ സ്ഥാപിക്കപ്പെട്ടു. ഈയടുത്തകാലത്ത് ഹോസൂർ, ഷംഷാബാദ് എന്നീ സീറോമലബാർ രൂപതകളുടെ സ്ഥാപനത്തോടെ ഇന്ത്യയിലെവിടെയും സീറോമലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ സ്വന്തം റീത്തനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം സംജാതമായിരിക്കുന്നു.

ഓരോ റീത്തിലും പെട്ടവർ ലോകത്തിലെവിടെയായാലും തങ്ങളുടെ സ്വന്തം റീത്തിന്റെ ആചാരങ്ങളും പാരമ്പര്യങ്ങളും അഭംഗുരം സംരക്ഷിക്കയും അവ പൂർണ്ണമായി പാലിക്കയും ചെയ്യണമെന്നുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങളും കാനോൻ നിയമങ്ങളും നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പുതിയ സംവിധാനങ്ങൾ സഭ ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാൽ, പ്രവാസികളായ സീറോമലബാർ സഭാമക്കൾ അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ ലഭ്യമായിരിക്കുന്ന എല്ലാ സൗകര്യങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെമേൽ അജപാലനാധികാരമുള്ള അജപാലകരുടെ മേൽനോട്ടത്തിലും അവരുടെ നിർദ്ദേശാനുസരണവും സ്വന്തം റീത്തിനോട് പൂർണ്ണമായി വിശ്വസ്തത പുലർത്തി മാതൃസഭയോട് ചേർന്ന് സഭാജീവിതം നയിക്കാൻ കടപ്പെട്ടിരിക്കുന്നു.


സീറോമലബാർ സഭയിലെ പ്രവാസിമക്കൾ മിക്കവരും ഈ പുതിയ സംവിധാനത്തെ സ്വാഗതം ചെയ്യുകയും ഉത്സാഹത്തോടെ സ്വന്തം റീത്തനുസരിച്ച് സഭാജീവിതം നയിക്കാൻ പരിശ്രമിക്കയും ചെയ്യുന്നതിൽ സന്തോഷമുണ്ട്. എന്നാൽ, ചുരുക്കം ചിലർ സഭയുടെ ഈ പുതിയ സംവിധാനത്തോട് മറുതലിച്ച് നില്ക്കുകയും വിമർശനങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും നടത്തി നിസ്സഹകരിക്കയും അജപാലനപ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കയും ചെയ്യുന്നതായി അറിയുന്നു. അവർ സഭയേയും സഭാധികാരികളെയും അതുവഴി ദൈവികാധികാരത്തെത്തന്നെയുമാണ് ധിക്കരിക്കുന്നത്. അവരിൽ ചിലർ നാട്ടിൽ മാതൃരൂപതയിലും മറ്റും എത്തുമ്പോൾ സീറോമലബാർ സഭയുടെ വിശ്വസ്തരായി കാണപ്പെടുകയും പ്രവാസസ്ഥലത്ത് സഭയെ വിമർശിക്കയും ചെയ്യുന്നതായും മനസ്സിലാക്കുന്നു.

ഇപ്രകാരമുള്ള സഭാവിരുദ്ധ മനോഭാവങ്ങളും നിലപാടുകളും ഉപേക്ഷിച്ച്, മാതൃസഭയെ സ്വന്തം അമ്മയായി കണ്ട്, സ്നേഹിച്ച്, അനുസരിക്കാൻ അതിരൂപതയിൽനിന്നുള്ള എല്ലാ പ്രവാസിമക്കളോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നിങ്ങളെല്ലാവരെയും കർത്താവ് അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B: *ഈ സർക്കുലർ ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## ജസ്റ്റീസ് സൺഡേ

ഈ വർഷം ആഗസ്റ്റ് 18-ാം തീയതി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രകാഴ്ച നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് ആഗസ്റ്റ് 31-നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.


## II
## ബഹു. വൈദികരുടെ വാർഷികധ്യാനം

കുന്നന്താനം സെഹിയോൻ ധ്യാനഭവനത്തിൽ ക്രമീകരിച്ചിരിക്കുന്ന ബഹു. വൈദികരുടെ വാർഷികധ്യാനത്തിന്റെ ഒന്നും രണ്ടും ബാച്ചിൽ പങ്കെടുക്കാതിരുന്നവർ നിർബന്ധമായും മൂന്നാം ബാച്ചിൽ സംബന്ധിക്കേണ്ടതാണ്. സംബന്ധിക്കാൻ സാധിക്കാത്തവർ കാര്യകാരണങ്ങൾ രേഖാമൂലം മാർ തോമസ് തറയിൽ പിതാവിനെ അറിയിക്കേണ്ടതാണ്.

ബാച്ച് 3 : 2019 സെപ്റ്റംബർ 15 മുതൽ 20 വരെ

**ധ്യാനഗുരു : റവ. ഫാ. മാത്യു കക്കാട്ടുപിള്ളിൽ V.C.**

# മാടപ്പാട്ട് ബഹു. ജോണച്ചൻ
## (1932 - 2019)



ചങ്ങനാശേരി അതിരൂപതയിൽ, പത്തനംതിട്ട ജില്ലയിലെ വായ്പൂരിൽ മാടപ്പാട്ട് ജോസഫ് - മേരി ദമ്പതികളുടെ മകനായി 1932 ജൂലൈ മാസം 3-ാം തീയതി ബഹു. ജോൺ മാടപ്പാട്ട് അച്ചൻ ജനിച്ചു. വായ്പൂർ സെന്റ് ജോസഫ് ഇടവകാംഗമായ അദ്ദേഹം വായ്പൂർ എം. ആർ. എസ്. എൽ. വി, നെടുംങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് എന്നീ സ്കൂളുകളിലെ പഠനശേഷം പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിച്ചു. തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും പൂർത്തിയാക്കി 1962 മാർച്ച് 25-ാം തീയതി അഭി. മാർ മാത്യു കാവുകാട്ടുപിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് കല്ലാർ, കുറുമ്പനാടം സെന്റ് ആന്റണീസ്, ആര്യങ്കാവ് സെന്റ് മേരീസ്, അതിരമ്പുഴ സെന്റ് മേരീസ് എന്നിവിടങ്ങളിൽ സഹവികാരിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് ബഹു. ജോൺ അച്ചൻ അമലഗിരി സെന്റ് തോമസ്, പെരുവന്താനം സെന്റ് ജോസഫ്, പുനലൂർ സേക്രട്ട് ഹാർട്ട്, പാണ്ടി ഫാത്തിമാ മാതാ, തെക്കേക്കര സെന്റ് ജോൺസ്, അരുവിക്കുഴി ലൂർദ് മാതാ, ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ, മണിമല, കിളിരൂർ സെന്റ് ഫ്രാൻസീസ്, പെരുങ്കാവ് സെന്റ് തോമസ് തുടങ്ങിയ ഇടവകകളിൽ വികാരിയായും തന്റെ പൗരോഹിത്യശുശ്രൂഷ നിർവഹിച്ചു. 2001 മുതൽ കാനഡായിൽ തന്റെ ശുശ്രൂഷ ആരംഭിച്ച മാടപ്പാട്ടച്ചൻ 2015 ൽ റിട്ടയർമെന്റിനുശേഷവും അവിടെ താമസം തുടർന്നു.

ഫ്രഞ്ച്, സ്പാനീഷ്, ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്തിരുന്ന ബഹു. ജോണച്ചൻ കാനഡായിൽ ഫ്രഞ്ച്, സ്പാനീഷ് ഭാഷ സംസാരിക്കുന്ന സമൂഹങ്ങൾക്കുവേണ്ടി അജപാലനശുശ്രൂഷ ചെയ്തു കൊടുക്കുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു.

പാവപ്പെട്ട ആളുകളുടെ ആത്മീയസുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തിയതോടൊപ്പം തന്നെ അവരുടെ ഭൗതികസുരക്ഷിതത്വത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ജോണച്ചൻ താല്പര്യം കാണിച്ചിട്ടുണ്ട്. സുദീർഘമായ പൗരോഹിത്യജിവിതത്തിൽ കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് അനേകർക്കു നിത്യജിവിതത്തിന്റെ പാത തുറന്നുകൊടുക്കുവാനും ശക്തിപകർന്നു കൊടുക്കുവാനും അച്ചന് സാധിച്ചിട്ടുണ്ട്.


കാനഡയിൽനിന്നും അവധിക്കാലം ചിലവഴിക്കാൻ നാട്ടിലെത്തിയ അച്ചൻ അവസാനകാലത്ത് രോഗാവസ്ഥമൂലം ദൈവാലയത്തിൽ പോയി ബലിയർപ്പിക്കുവാൻ സാധിക്കാതെ വന്നപ്പോൾ പ്രത്യേകം അനുവാദം വാങ്ങിച്ച് വീട്ടിൽ ബലിയർപ്പിക്കുവാൻ ഏറെ ശ്രദ്ധിച്ചിരുന്നു. 2019 ജൂലൈ 5-ാം തീയതി മാടപ്പാട്ട് ബഹു. ജോൺ അച്ചൻ തന്റെ സ്വർഗ്ഗീയ യാത്ര ആരംഭിച്ചു. 2019 ജൂലൈ 10-ാം തീയതി മാതൃഇടവകയായ വായ്പൂർ പുത്തൻപള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടന്നു.

മാടപ്പാട്ട് ബഹു. ജോണച്ചൻ തന്റെ ജീവിതകാലത്ത് ചെയ്ത നന്മകൾ, തന്റെ ശുശ്രൂഷകൾ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുകയില്ല. ദൈവത്തിന്റെ സ്നേഹത്തിനും കരുണയ്ക്കും ജോണച്ചനെ സമർപ്പിക്കുകയും നിത്യസമ്മാനം നൽകി ദൈവം അച്ചനെ അനുഗ്രഹിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം.

**ഫാ. ജോർജ് പുതുമനമൂഴിയിൽ**

---

# കിഴക്കേടത്ത് ബഹു. തോമസച്ചൻ
# (1936 - 2019)



'വിശ്വസ്തനായ പുരോഹിതൻ' എന്ന് ബഹു. തോമസ് കിഴക്കേടത്തച്ചനെക്കുറിച്ച് ഒറ്റവാക്യത്തിൽ പറയാൻ സാധിക്കും. ജീവിതത്തിന്റെ അവസാനശ്വാസംവരെ സംതൃപ്തിയോടെയും ആത്മാവിൽ നിറഞ്ഞ ആനന്ദത്തോടെയും ജീവിച്ച ഈ നന്മ നിറഞ്ഞ വൈദികനെക്കുറിച്ച് ഓർമ്മിക്കുമ്പോൾ തന്നെ സന്തോഷം തോന്നാറുണ്ട്.

കൊടുപ്പുന്ന സെന്റ് ജോസഫ്സ് ഇടവകയിലെ കിഴക്കേടത്ത് തോമസ് - മറിയം ദമ്പതികളുടെ 7 മക്കളിൽ ആറാമത്തെയാളായി 1936 ഡിസംബർ 10-ാം തീയതി തോമസച്ചൻ ജനിച്ചു. കൊടുപ്പുന്ന ഗവ. എൽ.പി. സ്കൂൾ, തത്തംപള്ളി സെന്റ് മൈക്കിൾസ് യു.പി. സ്കൂൾ, രാമങ്കരി ഹൈസ്കൂൾ എന്നിവിടങ്ങളിലെ പഠനത്തിനുശേഷം ചങ്ങനാശേരി അതിരൂപതയ്ക്കുവേണ്ടി പാറേൽ പെറ്റി സെമിനാരിയിൽ ചേർന്ന അദ്ദേഹം ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. 1963 മാർച്ച് 11-ാം തീയതി മംഗലപ്പുഴ സെമിനാരിയിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.

ചേന്നങ്കരി, തത്തംപള്ളി, പച്ച-ചെക്കിടിക്കാട്, കന്യാകുമാരി മിഷൻ എന്നിവിടങ്ങളിൽ സഹവികാരിയായി 7 വർഷക്കാലം ശുശ്രൂഷ ചെയ്തു. വേഴപ്ര, മുടിയൂർക്കര, കോട്ടക്കപ്പുറം, മുട്ടാർ ന്യൂ, കുമരംചിറ, ചേന്നങ്കരി, മണിമല ഫൊറോന, കൈനടി, വെരൂർ, എടത്വ ഫൊറോന, പുളിങ്കുന്ന് ഫൊറോന, പൊടിപ്പാറ തുടങ്ങിയ പള്ളികളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം 2013 ഫെബ്രുവരി 12-ാം തീയതി മുതൽ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം ആരംഭിച്ചു.

പൗരോഹിത്യ ജീവിതത്തോടും അതിന്റെ മൂല്യങ്ങളോടും പൂർണ്ണവിശ്വസ്തത പാലിച്ച ഈ വൈദികന്റെ ജീവിതത്തിന്റെ മുമ്പിൽ അദ്ദേഹത്തിൽനിന്ന് മാമ്മോദീസ സ്വീകരിച്ച വ്യക്തിയെന്ന നിലയ്ക്കും അദ്ദേഹത്തിന്റെ കൊച്ചച്ചനെന്ന നിലയ്ക്കും, പിൻഗാമിയെന്ന നിലയ്ക്കും ഞാൻ അതീവ അഭിമാനത്തോടെയാണ് നില്ക്കുക.

അച്ചന്റെ ലളിതവും വിനയാന്വിതവുമായ ജീവിതശൈലി പ്രത്യേകം എടുത്തുപറയേണ്ടതാണ്. കോട്ടൺവസ്ത്രം മാത്രം ധരിച്ചിരുന്ന അദ്ദേഹത്തിന് മുറിയിൽ പ്രത്യേക സുഖസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. എല്ലാ കാര്യത്തിലും ദാരിദ്ര്യമനോഭാവം പുലർത്തിയിരുന്ന അദ്ദേഹം സ്വന്തമായി ഒന്നും സമ്പാദിച്ചിരുന്നില്ല.

വ്യക്തികളോടോ വസ്തുക്കളോടോ പ്രത്യേക അടുപ്പമില്ലാത്ത നിർമ്മമജീവിതത്തിന്റെയുടമയായിരുന്നു കിഴക്കേടത്തച്ചൻ. കുടുംബാംഗങ്ങളോട് സ്നേഹമുണ്ടായിരുന്നെങ്കിലും പ്രത്യേകമായി അവരെ സഹായിക്കുകയോ അടുപ്പം കാണിക്കുകയോ ചെയ്തിട്ടില്ല. എല്ലാവരേയും ഒരുപോലെയാണ് കണ്ടിരുന്നത്. എങ്കിലും നിരവധി വൈദികവിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുകയും വേണ്ട പരിശീലനം നല്കുകയും ചെയ്യുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധാലുവായിരുന്നു.

സ്വന്തം ജീവിതത്തോട് അച്ചൻ പുലർത്തിയ കാർക്കശ്യവും നിഷ്ഠയും എടുത്തുപറയാതിരിക്കാൻ വയ്യ. പ്രഭാതത്തിൽ 4 മണിക്ക് ഉണരുന്ന അദ്ദേഹം രാത്രി 10 മണിയോടുകൂടിയാണ് ഉറങ്ങിയിരുന്നത്. അതിനിടയിൽ ധ്യാനം, വി. കുർബാന, യാമപ്രാർത്ഥനകൾ, ജപമാല, ഭക്ഷണം, വ്യായാമം, അജപാലന പ്രവർത്തനങ്ങൾ എന്നിവയിൽ വ്യാപൃതനായി കൃത്യനിഷ്ഠയോടെ ജീവിച്ച താപസവര്യനായിരുന്നു തോമസച്ചൻ. അനുദിനമുള്ള വി. കുർബാനയിൽ ലേഖനഭാഗമടക്കമുള്ള വായനയെക്കുറിച്ച് കാച്ചിക്കുറിക്കിയുള്ള 1 മിനിറ്റ് സന്ദേശം അനുകരണീയമാണ്. അതിനുവേണ്ടി വ്യാഖ്യാനഗ്രന്ഥങ്ങൾ വായിച്ച് അദ്ദേഹം ദീർഘസമയം ഒരുങ്ങിയിരുന്നു.

പരാതികളില്ലാത്ത സംതൃപ്തിയോടെയുള്ള ജീവിതമായിരുന്നു അച്ചന്റെ മറ്റൊരു പ്രത്യേകത. ഇരുന്ന പള്ളികളെക്കുറിച്ചോ, ഭക്ഷണത്തെക്കുറിച്ചോ പരാതികൾ പറയുന്നത് കേട്ടിട്ടേയില്ല. പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിച്ചപ്പോഴും അവിടുത്തെ സൗകര്യങ്ങളിൽ സംതൃപ്തിയോടെ, ശുശ്രൂഷകൾക്ക് നന്ദി പറഞ്ഞ് സന്തോഷകരമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. അവസാന

നാളുകളിൽ കഠിനവേദനയുണ്ടായപ്പോഴും 'സാരമില്ല', 'വേദന കുറവുണ്ട്', 'മനുഷ്യനായാൽ ഒരല്പം വേദന വരില്ലേ' എന്നൊക്കെ പറഞ്ഞ് എല്ലാവരെയും ആശ്വസിപ്പിച്ച ആ വ്യക്തിത്വത്തെ പ്രീസ്റ്റ് ഹോമിലെ ശുശ്രൂഷകരെല്ലാം സന്തോഷത്തോടെയാണ് ഓർക്കുന്നത്. പ്രായാധിക്യത്തിലും ശാരീരികക്ഷീണത്തെ വകവയ്ക്കാതെ വി. കുർബാനയും മറ്റു പ്രാർത്ഥനകളും സ്ഫുടതയോടും ആത്മാർത്ഥതയോടെയും ചൊല്ലുന്നത് എല്ലാവർക്കും പ്രചോദനമായിരുന്നു.

അധികാരികളോടും നിയമങ്ങളോടും നൂറുശതമാനം വിശ്വസ്തത പുലർത്തിയ അദ്ദേഹം കണക്കുകളും മറ്റും എഴുതി സൂക്ഷിക്കുന്നതിൽ പ്രത്യേകശ്രദ്ധ പുലർത്തിയിരുന്നു. ഇത്തരം കാര്യങ്ങളിൽ പരിപൂർണ്ണ വിശ്വസ്തത പുലർത്താൻ കൊച്ചച്ചന്മാരോടു പ്രത്യേകം പറയുകയും ചെയ്തിരുന്നു.

മുടിയൂർക്കരയിലെ പ്രീസ്റ്റ്ഹോം, എടത്വായിലെ ജോർജിയൻ സ്കൂൾ, പൊടിപ്പാറയിലെ സൺഡേസ്കൂൾ കെട്ടിടം, മോണ്ടളം തുടങ്ങിയ വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. 56 വർഷത്തെ പൗരോഹിത്യജീവിതത്തിൽ അദ്ദേഹത്തിന്റെ വിവിധ ശുശ്രൂഷകൾ ഏറെ പ്രശംസാർഹമായിരുന്നു.

വിശ്രമജീവിതത്തിന്റെ അവസരത്തിൽപോലും ഇരുന്ന ഇടവകകളിലെ അംഗങ്ങളും സ്വന്തക്കാരും സന്ദർശനത്തിനായി വന്നിരുന്നുവെന്നുള്ളത് അദ്ദേഹത്തോട് ജനങ്ങൾക്കുള്ള ആദരവിന്റെയും സ്നേഹത്തിന്റെയും അടയാളമായി കണക്കാക്കാം.

തന്റെ 83-ാം വയസ്സിൽ 2019 ജൂലൈ 19-ാം തീയതി സംതൃപ്തിയോടെ ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തിന്റെ മൃതസംസ്കാരം 20-ാം തീയതി കൊടുപ്പുന്ന സെന്റ് ജോസഫ്സ് സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും എടത്വായിൽ തോമസച്ചന്റെ തന്നെ സഹവികാരിയായിരുന്ന അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ നടന്നു. ലളിതസുന്ദരമായ ആ ജീവിതത്തിന് നിത്യജീവന്റെ കിരീടം നല്കി നിത്യപുരോഹിതനായ ഈശോ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജോസ് മുകളേൽ**

---

## Bible Study Forum for Priests

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at the Spirituality Centre, Manganam, on 13th August 2019. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**

## *ദേശീയ വിദ്യാഭ്യാസ നയം ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിക്കുന്നതാകരുത്*

കേന്ദ്രഗവൺമെന്റ് പുറത്തിറക്കിയ ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച കരടുരേഖയിലെ ആശങ്കകൾ പരിഹരിക്കണമെന്ന് അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി ആവശ്യപ്പെട്ടു. നാളിതുവരെ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഈ മേഖലയിൽ ഉണ്ടായ വളർച്ചയും നേട്ടങ്ങളും മാറ്റിമറിക്കരുതെന്നും, ഇന്ത്യൻ ഭരണഘടന പ്രദാനം ചെയ്യുന്ന ന്യൂനപക്ഷാവകാശങ്ങൾ എല്ലാ മതഭാഷാ ന്യൂനപക്ഷങ്ങൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണമെന്നും, ന്യൂനപക്ഷാവകാശങ്ങളെ ധ്വംസിക്കുന്ന നയങ്ങൾ ഇതിൽ ഉണ്ടാകരുതെന്നും സമിതി കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടു

## *വിദ്യാഭ്യാസ നയം 2019- പഠനശിബിരം*

അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെയും, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച പഠനശിബിരം നടത്തി. 27-07-2019 ന് അതിരൂപതാ കേന്ദ്രത്തിൽ കൂടിയ സംഗമം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

അതിരൂപതാതിർത്തിയിലുള്ള കോളേജുകളുടെയും സ്കൂളുകളുടെയും പ്രിൻസിപ്പൽമാരും അദ്ധ്യാപകപ്രതിനിധികളും വിദ്യാഭ്യാസ പ്രവർത്തകരും പഠനശിബിരത്തിൽ പങ്കെടുത്തു.

സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ ആമുഖ സന്ദേശം നൽകി, പ്രൊഫ. ഡോ. റൂബിൾ രാജ്, പ്രൊഫ. ഡോ. പി. സി. അനിയൻകുഞ്ഞ് എന്നിവർ വിഷയാവതരണം നടത്തി. വികാരി ജനറാൾ റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം പൊതുചർച്ചയുടെ മോഡറേറ്റർ ആയിരുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് കറുകയിൽ പ്രമേയം അവതരിപ്പിച്ചു. പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, ജാഗ്രതാസമിതി കോഡിനേറ്റർ ഫാ. ആന്റണി തലച്ചെല്ലൂർ എന്നിവർ പ്രസംഗിച്ചു.

ഭാരതത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിസ്തുല സംഭാവനകൾ നൽകിയ ക്രൈസ്തവ സഭയ്ക്ക് നയരൂപീകരണത്തിൽ വേണ്ടത്ര പ്രാധാന്യവും പരിഗണനയും നൽകാതിരുന്നത് ഉചിതമായില്ലെന്ന് യോഗം വിലയിരുത്തി. ഇന്ത്യയുടെ ബഹുസ്വരതയും സെക്കുലറിസവും ഊട്ടിയുറപ്പിക്കുന്ന കാര്യങ്ങൾ നയത്തിൽ ഉണ്ടാകണമെന്നും ന്യൂനപക്ഷാവകാശങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കണമെന്നും, വിദ്യാഭ്യാസമേഖലയിലെ പരമ്പരാഗത സേവനദാതാക്കളെ അവഗണിച്ച് കോർപ്പറേറ്റ് വൽക്കരണത്തിന് നയം അവസരമൊരുക്കരുതെന്നും യോഗം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

ഈശോയിൽ സ്നേഹമുള്ളവരെ,

വിശ്വാസം ഒത്തിരിയേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉറച്ച വിശ്വാസത്തോടും ബോധ്യത്തോടും കൂടെ ദൈവം ഭരമേല്പിച്ചിരിക്കുന്ന ഈ ദൈവികശുശ്രൂഷയെ നമുക്ക് സമീപിക്കാം. അങ്ങനെ ഈ കൈത്താക്കാലം ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുന്ന കാലമാകട്ടെ. ആഗസ്റ്റ് 3ന് നടക്കുന്ന അൽഫോൻസാ തീർത്ഥാടനത്തിൽ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. CRT സന്ദർശനങ്ങളെ ഗൗരവമായി കാണണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷം പുതുതായി ആരംഭിക്കുന്ന 8-ാം ക്ലാസ്സുകാരുടെ ഫൊറോന സെമിനാറിന്റെയും 11-ാം ക്ലാസ്സുകാരുടെയും റീജിയണൽ പ്രോഗ്രാമിന്റെയും പ്രയോജനം കുട്ടികൾക്കും അധ്യാപകർക്കും ലഭിക്കാൻ പരിശ്രമിക്കണേ.

ഏവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### ആഗസ്റ്റ്

| | | |
|---|---|---|
| 1 വ്യാഴം | : | പതിനഞ്ചു നോമ്പാരംഭം |
| 2 വെള്ളി | : | നിസിബിസിലെ മാർ യാക്കോബ് |
| 3 ശനി | : | **അൽഫോൻസാ തീർത്ഥാടനം** |
| 4 ഞായർ | : | വി. ജോൺ മരിയ വിയാനി (ഇടവക വൈദികരെ ആദരിക്കാം)<br>കൈത്താക്കാലം രണ്ടാം ഞായർ ക്ലാസ്സ് - 10<br>**"ഫീദെസ് - 2019"** 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ ഏകദിന ഫൊറോന സെമിനാർ (തെക്കൻ മേഖല) |
| 6 ചൊവ്വ | : | **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം** |
| 9 വെള്ളി | : | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി<br>**11-ാം ക്ലാസ്സുകാരുടെ പ്രോഗ്രാം 'CHECK BOX'**<br>(തൃക്കൊടിത്താനം, മണിമല, നെടുംകുന്നം എന്നീ ഫൊറോനകളിലെ 11-ാം ക്ലാസ്സിലെ കുട്ടികൾക്ക്, രജി. ഫീസ് 700 രൂപ.)<br>സെഹിയോൻ റിട്രീറ്റ് സെന്റർ കുന്നന്താനം, 9th 5:00 p.m. to 11th 3:00 p.m. |
| 10 ശനി | : | MCC Class - 1<br>CLT Class -3 |

| | | |
|---|---|---|
| 11 ഞായർ | : | കൈത്താക്കാലം മൂന്നാം ഞായർ ക്ലാസ്സ് –11 |
| 15 വ്യാഴം | : | **പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** (ഓഫീസ് അവധി, കടമുള്ള ദിവസം) |
| 17 ശനി | : | CLT Class - 4 **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം (തൃക്കൊടിത്താനം ഫൊറോന)**<br>**ടീം മാനേജറന്മാരുടെയും വോളണ്ടിയറന്മാരുടെയും സംയുക്ത സമ്മേളനം** |
| 18 ഞായർ | : | കൈത്താക്കാലം നാലാം ഞായർ ക്ലാസ്സ് – 12<br>**"LET'S TALK SEX" 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സെമിനാർ :** കോട്ടയം ഫൊറോന (സ്ഥലം - കോട്ടയം ലൂർദ്ദ് ഫൊറോന ചർച്ച്)<br>സമയം : 9:30 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്.<br>**SMCC പ്രതിഭാ അവാർഡ് – ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല**<br>(നെടുംകുന്നം, മണിമല, തൃക്കൊടിത്താനം ഫൊറോകളിലെ 12–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് @ സന്ദേശനിലയം. സമയം : 9:30 a.m. to 4:00 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. രജി.ഫീസ് 100 രൂപ.) |
| 21 ബുധൻ | : | വി. പത്താം പീയുസ് മാർപാപ്പ |
| 23 വെള്ളി | : | CLT Camp : വെള്ളിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ശനിയാഴ്ച വൈകുന്നേരം 4:00ന് അവസാനിക്കുന്നു. സ്ഥലം : സന്ദേശനിലയം<br>BCT Day Scholar Batch - 2 രണ്ടാം ദിവസം (തുരുത്തി, ചങ്ങനാശേരി, നെടുംകുന്നം, കുറുമ്പനാടം, മണിമല, തൃക്കൊടിത്താനം @ സന്ദേശനിലയം. സമയം 9:30 a.m. to 4:00 p.m.) |
| 24 ശനി | : | മാർ ബർത്തലോമിയോ ശ്ലീഹാ |
| 25 ഞായർ | : | കൈത്താക്കാലം അഞ്ചാം ഞായർ ക്ലാസ്സ് – 13<br>**"LET'S TALK SEX" 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സെമിനാർ** (നെടുംകുന്നം ഫൊറോന. സമയം 9:30 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്.)<br>സ്ഥലം:സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ, നെടുങ്കുന്നം.<br>**SMCC പ്രതിഭാ അവാർഡ് – ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല**<br>(ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം ഫൊറോനഫൊറോകളിലെ 12 –ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് @ സന്ദേശനിലയം. സമയം 9:30 a.m. to 4:00 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. രജി.ഫീസ് 100 രൂപ. |
| 28 ബുധൻ | : | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : തുരുത്തി ഫൊറോന**<br>MCC ക്ലാസ്സ് – 2 |

29 വ്യാഴം : വി. എവുപ്രാസ്യാ

30 വെള്ളി : മർത്ത് ശ്മോനിയും ഏഴു മക്കളും

31 ശനി : CLT ക്ലാസ്സ് - 5

**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം (ചങ്ങനാശേരി ഫൊറോന)**

സമയം : 9:30 a.m. to 4:00 p.m.

## സെപ്റ്റംബർ

1 ഞായർ : കൈത്താക്കാലം ആറാം ഞായർ ക്ലാസ്സ് - 14

5 വ്യാഴം : വി. മദർ തെരേസ

6 വെള്ളി : മാർ ശിമയോൻ ബർസബായും സഹരക്തസാക്ഷികളും

7 ശനി : CLT ക്ലാസ്സ് - 6

ആഘോഷപൂർവ്വകമായ റംശാ

**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം (കൊല്ലം ഫൊറോന), SMCC പ്രതിഭാ അവാർഡ് - ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല (കൊല്ലം ഫൊറോന)**

8 ഞായർ : ഏലിയാ സ്ലീവാ മൂശക്കാലം ഒന്നാം ഞായർ ക്ലാസ്സ് - 15

പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

9 തിങ്കൾ : **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം - എടത്വാ ഫൊറോന**

MCC ക്ലാസ്സ് - 3

10, 11 : ഓണം അവധി

13 വെള്ളി : **11-ാം ക്ലാസ്സുകാരുടെ പ്രോഗ്രാം 'CHECK BOX'**

(കുറുമ്പനാടം, തുരുത്തി, ചങ്ങനാശേരി, ഫൊറോനകൾക്ക്. തീയതി : 13th 5:00 p.m. to 15th 3:00 p.m. സ്ഥലം : കുന്നന്താനം സെഹിയോൻ റിട്രീറ്റ് സെന്റർ. രജി. ഫീസ്. 700 രു)

14 ശനി : **സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ**

CLT ക്ലാസ്സ് - 7

**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം (തിരുവനന്തപുരം ഫൊറോന), SMCC പ്രതിഭാ അവാർഡ് - ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല (തിരുവനന്തപുരം ഫൊറോന)**

15 ഞായർ : ഏലിയാ സ്ലീവാ മൂശക്കാലം രണ്ടാം ഞായർ ക്ലാസ്സ് - 16

**"LETS TALK SEX" 8-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ** (ചങ്ങനാശേരി ഫൊറോന : സമയം 9:30 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്.)

സ്ഥലങ്ങൾ : 1) ഡോൺ ബോസ്കോ, ചെത്തിപ്പുഴ

2) സെന്റ് മേരീസ് കത്തീഡ്രൽ

## SMCC പ്രതിഭാ അവാർഡ് ഫൊറോനതല തിരഞ്ഞെടുപ്പ് തീയതികൾ

| | | |
|---|---|---|
| ആഗസ്റ്റ് 18 | - | നെടുംകുന്നം, മണിമല, തൃക്കൊടിത്താനം |
| ആഗസ്റ്റ് 25 | - | ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം |
| സെപ്റ്റംബർ 7 | - | കൊല്ലം |
| സെപ്റ്റംബർ 14 | - | തിരുവനന്തപുരം |
| സെപ്റ്റംബർ 22 | - | കോട്ടയം, കുടമാളൂർ, അതിരമ്പുഴ |
| ഒക്ടോബർ 13 | - | ആലപ്പുഴ, ചമ്പക്കുളം |
| ഒക്ടോബർ 20 | - | എടത്വാ, പുളിംകുന്ന് |

## "ബധിരരും മൂകരുമായവരുടെ സംഗമം" - ഒക്ടോബർ 2

ചങ്ങനാശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസപരിശീലനം ലക്ഷ്യമാക്കി നടത്തുന്ന സംഗമം **ഒക്ടോബർ 2ന് സന്ദേശ നിലയം മീഡിയാഹാളിൽ** നടക്കും. നമ്മുടെ ഇടവകയിൽ ഇങ്ങനെയുള്ളവരെ കണ്ടെത്തി അയയ്ക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'മതബോധനം ഇന്ന്' എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം പറയുന്നു. **"ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെ തന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ അവകാശമുണ്ട്"**(CT 41). രാവിലെ 10:00 ന് ആരംഭിക്കുന്ന സംഗമം 12:45ന് ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

## CRT Visit

2019- 20 അധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെയും വിശ്വാസപരിശീലനത്തിന്റെ യഥാർത്ഥലക്ഷ്യം സാധ്യമാക്കുന്നതിന്റെയും ഭാഗമായി നടത്തുന്ന CRT വിസിറ്റുകൾ ആഗസ്റ്റ് മാസം ആരംഭിക്കുകയാണ്. CRT അംഗങ്ങൾ വരുന്ന ദിവസം മുൻകൂട്ടി അറിയിക്കുന്നതിനാൽ അന്നേ ദിവസം കുട്ടികളെയും അധ്യാപകരെയും മിഷൻലീഗ് അംഗങ്ങൾ, മദ്ബഹാ ശുശ്രൂഷികൾ എന്നിവരെയും കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതാണ്. വിസിറ്റുകൾ മാറ്റിവയ്ക്കാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. CRT അംഗങ്ങൾ വിസിറ്റുകളുടെ റിപ്പോർട്ട് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയത്ത് തന്നെ സന്ദേശനിലയത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ലൈംഗിക ധാർമ്മികാവബോധ സെമിനാർ "LET'S TALK SEX"

വർദ്ധിച്ചു വരുന്ന ലൈംഗിക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നല്കുന്നതിനായി കാലഘട്ടത്തിന്റെ പ്രവാചകനായിരുന്ന വി. ജോൺ പോൾ രണ്ടാമന്റെ 'തിയോളജി ഓഫ് ദ ബോഡി' എന്ന പ്രസംഗപരമ്പരയെ അടിസ്ഥാനമാക്കി 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഫൊറോന അടിസ്ഥാനത്തിൽ നടത്തുന്ന സെമിനാറാണിത്. ആഗസ്റ്റ് 18-ാം തീയതി കോട്ടയം ഫൊറോനയിൽ ഈ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയാണ്. പരിശുദ്ധ പിതാവിന്റെ പ്രസംഗ പരമ്പരയെ അടിസ്ഥാനമാക്കി കുട്ടികൾക്കായി ഒരു പഠനസഹായിയും തയ്യാറാക്കുന്നുണ്ട്. ഈ പഠനസഹായിയുടെ വെളിച്ചത്തിൽ തുടർപരിശീലനം നല്കുന്നതിനായി അതത് ഫൊറോനയിലെ അധ്യാപകരുടെ ഒരു ടീമിനെയും പരിശീലിപ്പിക്കുന്നുണ്ട്. അതിലേയ്ക്കായി 8-ാം ക്ലാസിലെ അധ്യാപകരെക്കൂടി അന്നേദിവസം

പ്രോഗ്രാമിനായി അയയ്ക്കണം. സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിൽ നിന്നു നിർദ്ദേശിക്കുന്ന റിസോഴ്സ് ടീം പ്രോഗ്രാമിന് നേതൃത്വം നല്കുന്നതാണ്.

## +1 ക്ലാസ്സിലെ കുട്ടികൾക്കായുള്ള പ്രോഗ്രാം "CHECK BOX"

ചങ്ങനാശേരി അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തുന്ന +1 ക്ലാസ്സിലെ കുട്ടികൾക്കായി വിവിധ റീജിയണുകളിലായി 2019-20 വർഷത്തിൽ CHECK BOX എന്ന പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു. ഓരോ പ്രോഗ്രാമിലും നിശ്ചയിക്കപ്പെട്ടിരിക്കുന്ന റീജിയണിൽ നിന്നും ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ഇന്നത്തെ കുട്ടികളുടെ നിരവധിയായ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകാൻ സാധിക്കുന്നതരത്തിലുമുള്ള ഒരു പരിപാടിയാണിത്. കത്തോലിക്കാ വിശ്വാസത്തെ സംബന്ധിച്ച സഭാപരവും കൗദാശികവും ധാർമ്മികവുമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതോടൊപ്പം സ്വയം തിരിച്ചറിയാനും ഈ പ്രോഗ്രാം കുട്ടികളെ സഹായിക്കും. രജി. ഫീസ് 700 രൂപ.

## ടീം മാനേജറന്മാരുടെയും വോളണ്ടിയറന്മാരുടെയും സംയുക്ത സമ്മേളനം

ഫൊറോനതല ബൈബിൾ കലോത്സവങ്ങളുടെ ഭംഗിയായ നടത്തിപ്പിന് ഫൊറോന സെക്രട്ടറിമാർ, ഇടവക ഫൊറോനതല കലോത്സവ കമ്മിറ്റി കൺവീനേഴ്സ്, ഫൊറോന സ്റ്റേജ് മാനേജേഴ്സ്, സോഫ്റ്റ് വെയർ ഓപ്പറേറ്റർ എന്നിവരുടെ പരിശീലനം ആഗസ്റ്റ് 17-ാം തീയതി രാവിലെ 9:45 മുതൽ ഉച്ചയ്ക്ക് 1:00 വരെ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ബൈബിൾ കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അതിന്റെ യഥാർത്ഥ ഫലങ്ങൾ ലഭിക്കണമെങ്കിൽ കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കപ്പെടണം. ഈ പരിശീലന പരിപാടിയിൽ എല്ലാ ഫൊറോനയിൽ നിന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## ആദരാഞ്ജലികൾ

കായൽപ്പുറം സെന്റ് ജോസഫ്സ് സൺഡേസ്കൂൾ വിദ്യാർത്ഥി മാസ്റ്റർ സെബിൻ ജോസഫ് കൊച്ചുപറമ്പിലിന്റെയും പൊടിപ്പാറ ഹോളിഫാമിലി സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ജെയിൻ ജോബിയുടെ പിതാവിന്റെയും കാവാലം ലിസ്യു സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസ് വേളാച്ചേരിയുടെ പിതാവിന്റെയും പുന്നത്തുറ സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപകരായ ശ്രീ. രാജു എം. ജോർജ്ജ്, ശ്രീ. റോബി വർഗ്ഗീസ് എന്നിവരുടെ പിതാവിന്റെയും പാണ്ടങ്കരി സെന്റ് പയസ് സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്ററും അതിരൂപതാ CRT അംഗവുമായ ശ്രീ. ജോസഫ് ജോർജ്ജ് മുണ്ടകത്തിലിന്റെ മാതാവിന്റെയും നർബോനപുരം സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. എ.പി. കുര്യാക്കോസിന്റെ പിതാവിന്റെയും യൂദാപുരം സെന്റ് ജൂഡ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ലിസി വാലയിലിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 2018– 19 വർഷത്തിലെ അതിരൂപതാ സ്കോളർഷിപ്പു പരീക്ഷയിൽ വിജയികളായവർ

**Class V**

| | | |
|---|---|---|
| 1 | Legin P. Sam | St. Antony's Mylady |
| 2 | Alona Rose Joseph | Lourde Matha Mammoodu |
| 3 | Gladis Rose Job | St. Mary's Metropolitan |
| 4 | Angel Rose Abhilash | St. Antony's Mylady |
| 5 | Milan Jo Sunil | Immaculate Heart Kaithavana |
| 6 | Neha Treesa Sajan | St. Joseph's Champakara |

**Class VI**

| | | |
|---|---|---|
| 1 | Angel Maria Gregory | St. Joseph's Kurichy |
| 2 | Daya Maria Siby | St. Mary's Thuruthy |
| 3 | Stephin Sabu | St. George Venchembu |
| 4 | Mishel Anna Job | St. Paul's Vezhapra |
| 5 | Honey Rose | St. Pius Xth Moncombu |
| 6 | Tessa Jortin | St. Rita's Kannady |
| 7 | Nesin Christy Shaji | St. Xavier's TKDM |

**Class VII**

| | | |
|---|---|---|
| 1 | Ann Mary | Lourde Kottayam |
| 2 | Annie Benny | St. Xavier's TKDM |
| 3 | Rose Biju Sebastian | St. George Cheeramchira |
| 4 | Sanjay Sabu | St. George Edathua |
| 5 | Saniya Ann Saju | SH Punalur |
| 6 | Sreyamol Joseph | St. Pious Xth Moncompu |
| 7 | Kochuthresia Varghese | St. Mary's Iththanam |
| 8 | Aleena Jaimon | LF Arpookara |
| 9 | Agnus Anna Johnson | St. Mary's Kainady |
| 10 | Arsha K. Joseph | St. George Amboori |
| 11 | Ann Maria Jaish | St. Mary's Vettimukal |
| 12 | Riya Mary Vinson | St. Antony's Puthupally |
| 13 | Christo Jerome Bennychen | St. Jeromes Nazreth |
| 14 | Nimitha Clare Mathew | Mammoodu |
| 15 | Maria Biju | St. Pious Xth Moncompu |
| 16 | Theresa Thomas | St. Xavier's Mithrakary |

**Class VIII**

| | | |
|---|---|---|
| 1 | Jasmine Joseph | Don Bosco Chethipuzha |
| 2 | Maria Raju | St. Mary's Athirampuzha |
| 3 | Niya Joseph | St. Mary's Vettimukal |
| 4 | Theresa Martin | Christ the King Ettumanoor |
| 5 | Anna Santhosh | Holy Cross Kooroppada |
| 6 | Minna Rose Jo | St. George Ikkarachira |

| | | |
|---|---|---|
| 7 | Sebsatian John | SFS Vattiyoorkavu |
| 8 | Merin Treesa Romy | St. Mary's Athirampuzha |
| 9 | Ruby Thomas | St. Mathew's Kottackapuram |
| 10 | Blessy Binu | Fathima Matha Pallikoottumma |
| 11 | Irin Shenu | Lourde Matha Paippadu |
| 12 | Nikitha Treesa Sebastian | St. Joseph's Laikkadu |
| 13 | Diya Dominic | St. Mary's Nirmalapuram |
| 14 | Ashly Roy | SH Gagultha |
| 15 | Amal Sebastian | St. Antony's Puthupally |
| 16 | Maria Binoy | Holy Cross Kooroppada |

**Class IX**

| | | |
|---|---|---|
| 1 | Sneha Shylu | St. George Edathua |
| 2 | Aksa Thomas | St. Johns Thekkekara |
| 3 | Angel Anna Joseph | St. George Edathua |
| 4 | Carmelin Reji | St. Mary's Vettimukal |
| 5 | Nerin Joseph | St. Joseph's Veroor |
| 6 | Jennatheres S. | St. Joseph's Kurichy |
| 7 | Carolin Martin | St. Rit'as Athirampuzha |
| 8 | Austina Joseph | St. Metropoloitan |
| 9 | Diya Vypna | St. Mary's Kumarapuram |
| 10 | Diya Libu | St. Mary's Punnamada |
| 11 | Neenu Sajan | St. Joseph's Kondackal |
| 12 | Sara Liza Benoy | Ranigiri Mannanthala |
| 13 | Nimmy Scaria | Lourde Matha Pacha |
| 14 | Anjana Mary Joseph | Lourde Kottayam |
| 15 | Dia Maria Salij | St. Sebastian's Ayarkunnan |

**Class X**

| | | |
|---|---|---|
| 1 | Anna Sonia Biju | St. Pius Xth Moncompu |
| 2 | Meria Rani Roy | St. Sebastian's Ayarkunnam |
| 3 | Libin Babu | St. Thomas Muttar |
| 4 | Jiya Maria Philip | St. Xavier's Mithrakary |

**Class XI**

| | | |
|---|---|---|
| 1 | Rosy Varghese | Fathima Matha Pallikkoottumma |
| 2 | Honey Thomas | Holy Magi Manimala |
| 3 | Nimisha Ignatious | St.George Thottackadu |
| 4 | Christy Theresa Chacko | St. Antony's Puthupally |
| 5 | Salviya Maria Joseph | Holy Family Podippara |

**Class XII**

| | | |
|---|---|---|
| 1 | Ebin Siby | St. Sebastian's Narbonapuram |
| 2 | Godwin Thomas | St. Sebastian's Narbonapuram |
| 3 | Threisamma Kuriakose | St. Joseph's Chennamkary |
| 4 | Amal Sabu | Lourde Matha Paippadu |

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും ഒന്നിച്ചാഘോഷിക്കുമ്പോൾ പതിനഞ്ചു നോമ്പു നോക്കിയും പുണ്യങ്ങൾ അഭ്യസിച്ചും സുകൃതവചനങ്ങൾ ഉരുവിട്ടും പരി. അമ്മയുടെ സംപ്രീതിക്ക് നമുക്ക് പാത്രീഭൂതരാകാം. വി. അൽഫോൻസാമ്മയുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ കുടമാളൂർ പുണ്യഭൂമിയിലേയ്ക്കുള്ള തീർത്ഥാടന ക്രമീകരണങ്ങളോട് സഹകരിക്കുകയും വിജയത്തിനായി പ്രയത്നിക്കുകയും ചെയ്യണമെന്ന് ഓർമിപ്പിക്കുന്നു.

സി.എം.എൽ സംഘടനയുടെ സ്ഥാപകനേതാവ് പി.സി. എബ്രാഹം പല്ലാട്ടുകുന്നേലിന്റെ 10-ാം ചരമവാർഷിക ദിനമായ ആഗസ്റ്റ് 11ന് അദ്ദേഹത്തിനായി പ്രാർത്ഥിക്കുകയും കുഞ്ഞേട്ടനിലൂടെ ലഭിച്ച നന്മകളെ ഓർത്ത് ദൈവത്തിന് നന്ദിപറയുകയും ചെയ്യാം. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ ഏവർക്കും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 വ്യാഴം | : | പതിനഞ്ചു നോമ്പാരംഭം |
| 2 വെള്ളി | : | ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടത്തിൽ നിന്നും പതാക പ്രയാണം അൽഫോൻസാ ജന്മഗൃഹത്തിലേയ്ക്ക് (വൈകുന്നേരം 5.00 ന്) |
| 3 ശനി | : | വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ<br>ഇടവക വൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക, അവർക്ക് ആശംസകൾ നേരുക.<br>**31-ാമത് അൽഫോൻസാ തീർത്ഥാടനം** |
| 6 ചൊവ്വ | : | കർത്താവിന്റെ രൂപാന്തരീകരണം |
| 10 ശനി | : | കുഞ്ഞേട്ടൻ അനുസ്മരണവും കുഞ്ഞേട്ടൻ പുരസ്കാരവും സ്കോളർഷിപ്പ് വിതരണവും (ചെമ്മലമറ്റം) |
| 11 ഞായർ | : | കുഞ്ഞേട്ടൻ ചരമദിനം (10-ാം ചരമ വാർഷികം)<br>കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ |
| 15 വ്യാഴം | : | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം<br>(കടമുള്ള ദിവസം - ഓഫീസ് അവധി) |

| | | |
|---|---|---|
| 29 വ്യാഴം | : | വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ |

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 ഞായർ | : | എട്ടുനോമ്പാരംഭം |
| 5 വ്യാഴം | : | അധ്യാപക ദിനം, കൽക്കത്തിയിലെ വി. തെരേസ |
| 8 ഞായർ | : | പരിശുദ്ധകന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ<br>ബഹു. മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം ശാഖകളിൽ |
| 9 തിങ്കൾ | : | സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ 21-ാം ചരമദിനം |

## അൽഫോൻസാ കാരുണ്യനിധി

വി. അൽഫോൻസാമ്മയുടെ ജന്മംകൊണ്ട് ആനുഗ്രഹീതമായ കുടമാളൂരിലേയ്ക്ക് ചങ്ങനാശ്ശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗ് ആരംഭിച്ച അൽഫോൻസാ തീർത്ഥാടനത്തിന്റെ രജതജൂബിലി സ്മാരകമായി മിഷൻ ലീഗിലെ കുട്ടികൾ, കുട്ടികൾക്കുവേണ്ടി ആരംഭിച്ച കാരുണ്യ സംരംഭമാണ് 'അൽഫോൻസാ കാരുണ്യനിധി'. 2013 ജൂൺ 3ന് കാരുണ്യനിധി പദ്ധതി ആരംഭിച്ചു. അതിരൂപതയിലെ കുട്ടികളുടെ ഇടയിൽ ഉയർന്ന ചികിത്സാ ചെലവുകൾ ആവശ്യമായി വരുന്ന തരത്തിലുള്ള രോഗങ്ങളാൽ വലയുന്ന നിർധനരായ കുട്ടികളെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിരവധി കുട്ടികൾക്ക് സഹായഹസ്തം നീട്ടുവാൻ ഈ പദ്ധതി ഇടയാക്കിയിട്ടുണ്ട്. ചെറുപ്രായത്തിൽ തന്നെ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭാഗമാകുവാൻ കുട്ടികൾക്ക് പരിശീലനം ലഭിക്കുന്ന ഈ പദ്ധതിയിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

'അൽഫോൻസാ കാരുണ്യനിധി' സമാഹരണാർത്ഥമുള്ള കൂപ്പൺ മേഖലാ ജോയിന്റ് ഡയറക്ടേഴ്സ് ആഗസ്റ്റ് 10നുശേഷം അതിരൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റി ശാഖകളെ ഏൽപ്പിക്കേണ്ടതാണ്.


**ഫിയാത്ത് മിഷൻ "SCRIPTURA 2019"**

**വിശുദ്ധ ഗ്രന്ഥ പകർത്തൽ മത്സരം**

1-ാം സമ്മാനം : വിശുദ്ധനാട് തീർത്ഥാടനം
2-ാം സമ്മാനം : 20,000 രൂപ
3-ാം സമ്മാനം : 10,000 രൂപ
4-ാം സമ്മാനം : 2,000 രൂപ

Conact: 9961550000 (English)
0487 2445788 (Malayalam) (11 am - 4 pm)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പരി. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമം –''കെരിഗ്മ'' 10 ഫൊറോന കളിൽ വളരെ ഭംഗിയായി നടന്നുകഴിഞ്ഞു. അതിന്റെ ക്രമീകരണങ്ങൾക്ക് എല്ലാവിധ സഹകരണങ്ങളും നൽകിയ ബഹു. അച്ചന്മാർക്കും സാന്നിദ്ധ്യം കൊണ്ട് സമ്മേളനത്തെ ധന്യമാക്കിയ കൂട്ടായ്മാ ലീഡേഴ്സിനും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

ലോഗോസ് ക്വിസിനായി എല്ലാവരും നന്നായി ബൈബിൾ വായിച്ച് പഠിച്ചൊരുങ്ങുന്നുണ്ടെന്ന് കരുതുന്നു. രജിസ്റ്റർ ചെയ്യാത്തവർ ആഗസ്റ്റ് 10 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സൽഫലങ്ങൾകൊണ്ട് സഭയെ അലംകൃതയാക്കാൻ നമുക്ക് ഈ കൈത്താക്കാലത്തിൽ പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ – പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ

ജൂലൈ 7–ന് സെന്റ് ജോസഫ് ചമ്പക്കര ഇടവകയിൽ ബസാലേൽ കൺവൻഷൻ നടന്നു. അതി. ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശ്ശേരി ക്ലാസ് നയിച്ചു. ബ്രദർ ജസ്റ്റിൻ, ശ്രീ. ജോബ് ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പ്രസ്തുത ഇടവകയിൽ ബസാലേൽ സംഘടിപ്പിക്കുവാൻ നേതൃത്വം വഹിച്ച റവ. ഫാ. ജേക്കബ് കാട്ടടിയേയും കൂട്ടായ്മാ ലീഡേഴ്സിനേ യും, ബഹു.സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

### ഹോം മിഷൻ

2019 ഏപ്രിൽ 10 മുതൽ 14 വരെ പാലോട് സെന്റ് മേരീസ് ഇടവകയിലും 2019 മെയ് 6 മുതൽ 15 വരെ പൊടിപ്പാറ ഹോളി ഫാമിലി ഇടവകയിലും ബഹു. എസ്. ഡി. സിസ്റ്റേഴ്സിന്റെയും ജീസസ്സ് യൂത്തിന്റെയും നേതൃത്വത്തിൽ ഹോം മിഷൻ നടത്തപ്പെട്ടു. പാലോട് ഇടവകയിൽ ഇടവക വികാരി ബഹു. രാജേഷ് എം.സി.ബി.എസ്. അച്ചന്റെ നേതൃത്വത്തിലും പൊടിപ്പാറ ഹോളി ഫാമിലി ഇടവകയിൽ ബഹു. ജോസഫ് മുളവനയച്ചന്റെ നേതൃത്വത്തിലും 2 മാസങ്ങൾ ഇടവകജനം ഇതിനായി പ്രാർത്ഥിച്ചൊരുങ്ങി. ഇതിന്റെ ഫലപ്രാപ്തിക്കായി അദ്ധ്വാനിച്ച കൂട്ടായ്മാ ലീഡേഴ്സിനേയും, കൈക്കാരന്മാരെയും ബഹു. വികാരിയച്ചന്മാരെയും, സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

2019 ജനുവരി 7 മുതൽ ഫെബ്രുവരി 10 വരെ മാന്നാനം 12 ശ്ലീഹന്മാരുടെ നാമധേയത്തിലുള്ള ഇടവകയിലും 2019 മെയ് 5 മുതൽ 25 വരെ സെന്റ് മേരീസ് കുടമാളൂർ ഫൊറോനാപ്പള്ളി ഇടവകയിലും ബഹു. സി. എം. സി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി. മാന്നാനം ഇടവകയിൽ ജോർജ്ജ് വല്ലയിലച്ചന്റെ നേതൃത്വത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്യുകയുണ്ടായി. കുടമാളൂർ ഇടവകയിൽ പെരി. ബഹുമാനപ്പെട്ട വികാരി മാണി പുതിയിടത്തച്ചനോടൊപ്പം, ബഹു. കൊച്ചച്ചന്മാരും ഇടവകയിലെ ബഹു. സിസ്റ്റേഴ്സും, കൂട്ടായ്മാ ലീഡേഴ്സും സെന്റ് മേരീസ് കുടമാളൂർ ഫൊറോനാപ്പള്ളി ഇടവകയിലെ ഹോം മിഷന്റെ വിജയത്തിനായി പ്രവർത്തിച്ചു.

2019 ജൂൺ 3 മുതൽ 25 വരെ കോട്ടയം ലൂർദ്ദ് ഫൊറോനാ ഇടവകയിൽ ബഹു. സി.എം.സി, എഫ്.സി.സി, എം.എൽ.എഫ്, എസ്.എ.ബി.എസ്. എന്നീ കോൺഗ്രിഗേഷനുകളുടെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തുകയുണ്ടായി. പെരിയ ബഹു. ജോസഫ് മണക്കളത്തിലച്ചനും, ബഹു. കൊച്ചച്ചന്മാരും, കൈക്കാരന്മാരും, കൂട്ടായ്മാ ലീഡേഴ്സും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ഏറെ വിജയകരമായി ഹോം മിഷൻ സംഘടിപ്പിക്കപ്പെട്ടു.

2019 ജൂലൈ 1 മുതൽ 6 വരെ ബഹു. എസ്.എച്ച്, എഫ്.ഡി.എസ്.എച്ച്.ജെ. എന്നീ കോൺഗ്രിഗേഷനുകളുടെ നേതൃത്വത്തിൽ സെന്റ് ജയിംസ് കരിക്കാട്ടൂർ ഇടവകയിൽ ഹോം മിഷൻ നടത്തുകയുണ്ടായി. ബഹു. ജോസ് ആനിത്തോട്ടത്തച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ ബഹു.സിസ്റ്റേഴ്സും, കൂട്ടായ്മാ ലീഡേഴ്സും എല്ലാ ക്രമീകരണങ്ങളും ചെയ്യുകയുണ്ടായി.

## കെരിഗ്മ – അതിരമ്പുഴ, കുടമാളൂർ, ഫൊറോനകളിൽ

2019 ജൂലൈ 6 ന് അതിരമ്പുഴ ഫൊറോനയിലും ജൂലൈ 13 ന് കുടമാളൂർ ഫൊറോനയിലും കുടുംബക്കൂട്ടയ്മാ ലീഡേഴ്സിനായി കെരിഗ്മ സംഘടിപ്പിച്ചു. രണ്ടു ഫൊറോനകളിലും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. അതിരമ്പുഴ ഫൊറോനയിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി സ്വാഗതം ആശംസിക്കുകയും ഫൊറോനാ വികാരി പെരി. ബഹു. ജോസഫ് മുണ്ടകത്തിൽ കുടുംബക്കൂട്ടായ്മയുടെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് പ്രബോധനം നൽകി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ജനറൽ കൺവീനർ ശ്രീ. റോജി ജോസഫ് നന്ദി അർപ്പിച്ചു. കുടമാളൂർ ഫൊറോനയിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരി പെരി. ബഹു. മാണി പുതിയിടം വചനാധിഷ്ഠിത ജീവിതത്തിന്റെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് പ്രബോധനം നൽകി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. റവ. ഫാ. ജിസൺ പോൾ വേങ്ങാശേരി ക്ലാസ് നയിക്കുകയും എം. സി. ആന്റണി കളങ്ങര മാമ്മൂട്ടിൽ നന്ദി അർപ്പിക്കുകയും ചെയ്തു. രണ്ടു ഫൊറോനകളിലും അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനവർഷ പരിപാടികൾ വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച അതിരമ്പുഴ, കുടമാളൂർ, ഫൊറോനകളിലെ ബഹു. എല്ലാ അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## കെരിഗ്മ - മണിമല, നെടുംകുന്നം ഫൊറോനകളിൽ

മണിമല ഫൊറോനയിൽ അസി.വികാരി റവ.ഫാ. വർഗീസ് വെട്ടുകുഴി സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് 'വചനം ജീവിതവെളിച്ചം' എന്ന പഠന വിഷയത്തെ ആസ്പദമാക്കി പ്രബോധനം നൽകി. നെടുങ്കുന്നം ഫൊറോന യിൽ ഫൊറോനാ വികാരി വെരി. റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് പഞ്ചവത്സര പഠനവിഷയത്തെ ആസ്പദമാക്കി പ്രബോധനം നൽകി. അതിരൂപ താ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രവർത്തനവർഷ പരിപാടികൾ വിശദീകരിക്കുകയും ചെയ്തു. ഫൊറോനാ സമിതി രൂപീകരണത്തിന് ശ്രീ. ജോബ് ആന്റെണി പവ്വത്തിൽ നേതൃത്വം നൽകി. പ്രസ്തുത സംഗമത്തിലേയ്ക്ക് ലീഡേഴ്സിനെ പറഞ്ഞയച്ച, മണിമല, നെടുംകുന്നം ഫൊറോനകളിലെ എല്ലാ ബഹു. അച്ചന്മാർക്കും ഹൃദയ പൂർവ്വം നന്ദി അറിയിക്കുന്നു.

## പ്രാർത്ഥനാ കൂട്ടായ്മ

കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മറ്റി അംഗങ്ങൾ ഓരോ മാസവും ഒന്നുചേർന്നു പ്രവർത്തന വിജയങ്ങൾക്കായി നടത്തിവരുന്ന പ്രാർത്ഥനാ കൂട്ടായ്മ ജൂലൈ 18-ാം തീയതി റവ. സി. ജ്യോതി എസ്.എ.ബി.എസ് ന്റെ ഭവനത്തിൽ ഒരുമിച്ചുകൂടുകയും അതിരൂപതയിലെ മുഴുവൻ കുടുംബക്കൂട്ടായ്മാ പ്രവർത്തകർക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

## അറിയിപ്പുകൾ

## ലോഗോസ് ക്വിസ് 2019

ലോഗോസ് ക്വിസ് 2019 രജിസ്ട്രേഷൻ ഓഗസ്റ്റ് 10 വരെ നീട്ടിയിരിക്കുന്നു. ഇനിയും രജിസ്ട്രേഷൻ നടത്തുവാനുള്ളവർ ഈ അവസരം പ്രയോജന പ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

For online Registration: www.logosquiz.org

Contact. No. 9447776920, 8848492369, 7306208356, 8547673162

## ഓഗസ്റ്റ് മാസത്തിൽ കെരിഗ്മ നടത്തപ്പെടുന്ന ഫൊറോനകൾ

ഓഗസ്റ്റ് 11 - കൊല്ലം, ഓഗസ്റ്റ് 17 - എടത്വാ, ഓഗസ്റ്റ് 23 - തിരുവനന്തപുരം, ഓഗസ്റ്റ് 24 - പുളിങ്കുന്ന്, ഓഗസ്റ്റ് 31 - ചങ്ങനാശേരി

## Koottayma Leader's Training Course (K. L. T)

ഓഗസ്റ്റ് 10, 17, 24 എന്നീ തീയതികളിൽ, ഡോ. ലിജിമോൾ, റവ. ഡോ. ജോസഫ് കൊല്ലാറ, റവ. ഡോ. സിറിയക് വലിയകുന്നുംപുറം എന്നിവർ ക്ലാസു കൾ നയിക്കുന്നു. കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

**കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വചനാധിഷ്ഠിത മത്സരങ്ങൾ**

മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കായി ഓരോ മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

തീയതി : 2019 സെപ്റ്റംബർ 9 തിങ്കൾ. സമയം: രാവിലെ 9:30 മുതൽ

സ്ഥലം : മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയം

**1. മാതാപിതാക്കൾ –** ബൈബിൾ കഥാപ്രസംഗം – 30 മിനിട്ട് (സ്ക്രിപ്റ്റ് നൽകേണ്ടതാണ്) ടീമിൽ 3 പേരിൽ കുറയുകയോ, 7 പേരിൽ കൂടുകയോ ചെയ്യാൻ പാടുള്ളതല്ല. സംഗീതോപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്. വിഷയം – വി. മത്തായി 19 മുതൽ 28 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്

**2. യുവജനങ്ങൾ –** ബൈബിൾ വചനങ്ങൾ മനഃപ്പാഠമാക്കി എഴുതുക (15 നും 30 നും ഇടയിൽ പ്രായമുള്ളവർ). വിഷയം – നിയമാ. 12 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പെടെ എഴുതേണ്ടതാണ്. സമയം 20 മിനിറ്റ്

**3. കുട്ടികൾ –** ബൈബിൾ വചനങ്ങൾ മനഃപ്പാഠമാക്കി അവതരിപ്പിക്കുക (15 വയസിൽ താഴെയുള്ളവർ). വിഷയം –പ്രഭാഷകൻ 11 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്ന്. വാക്യങ്ങൾ സൂചനയുൾപ്പെടെ പറയേണ്ടതാണ്. സമയം 15 മിനിറ്റ്

മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ആഗസ്റ്റ് 15–നകം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ പേരുവിവരങ്ങൾ അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഒരിടവകയിൽ നിന്ന് ഓരോ മത്സരത്തിലും 3പേർക്ക് വീതം പങ്കെടുക്കാം.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2019 ലേയ്ക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. 25,000 രൂപ ക്യാഷ് അവാർഡും പ്രശംസാ ഫലകവുമാണ് പുരസ്കാരം.

കഴിഞ്ഞ 5 വർഷങ്ങളിലെ സൈബർ / ഡിജിറ്റൽ മേഖലയിലുള്ള ബൈബിൾ അടിസ്ഥാനമാക്കിയുള്ള സംഭാവനകൾക്കാണ് പുരസ്കാരം നല്കുന്നത്. സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ/വീഡിയോ ഗെയിംസ്, വെബ്സൈറ്റ്, ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. 2019 ഓഗസ്റ്റ് 19 ന് മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നം: 2251, കൊച്ചി 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ : 0484 2805897, ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി : 9447776920

പ്രിയ കുടുംബപ്രേഷിതരേ,

ഓഗസ്റ്റ്മാസം നമ്മെ സംബന്ധിച്ചിടത്തോളം ഒരുപാടു പ്രത്യേകതകൾ നിറഞ്ഞ മാസമാണ്. ഓഗസ്റ്റ് 15-ാം തീയതി പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ഭാരതാംബയുടെ സ്വാതന്ത്ര്യദിനവും നാം ആചരിക്കുകയാണല്ലോ. പരിശുദ്ധ അമ്മയെപ്പോലെ ഈലോകജീവിതത്തിൽ സ്വാതന്ത്ര്യം അതിന്റെ പരിപൂർണ്ണതയിൽ അനുഭവിച്ച ആരും മനുഷ്യരായി പിറന്നവരിൽ ഉണ്ടാവില്ല. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന ഉദാത്ത സമർപ്പണമാണ് അമ്മ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനഘടകം. ജന്മനാടിന്റെ സ്വാതന്ത്ര്യദിനം ആചരിക്കുമ്പോൾ നാടിനോടുള്ള നമ്മുടെ ഉത്തരവാദിത്തങ്ങളും മറക്കാതിരിക്കാം. ഓഗസ്റ്റ് 15-ാം തീയതി നമ്മുടെ 100 ദിന കർമ്മപദ്ധതി ഔദ്യോഗികമായി സമാപനം കുറിക്കുന്നെങ്കിലും നമ്മുടെ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന 9 മേഖലകളിലുള്ള പ്രവർത്തനങ്ങളെ മടുപ്പില്ലാതെ തുടരാൻ നമുക്കു കഴിയട്ടെ. ആദ്ധ്യാത്മിക നവീകരണങ്ങളും ദാമ്പത്യബന്ധങ്ങളെയും കുടുംബങ്ങളെയും ഊട്ടിഉറപ്പിക്കുന്ന ശുശ്രൂഷകളും വയോജനക്ഷേമപ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദ പദ്ധതികളുമൊക്കെ നമ്മുടെ തുടർശുശ്രൂഷയുടെ ഭാഗമാകട്ടെ. വചനം വായിക്കുന്നതിലൂടെയും പഠിക്കുന്നതിലൂടെയും നമ്മുടെ കുടുംബങ്ങൾ ഈശോയുടെ കരംപിടിച്ചു നടക്കട്ടെ. പ്രസ്തുത കർമ്മപദ്ധതികളോടു കാണിച്ച വലിയ സഹകരണത്തിന് എല്ലാവരോടുമുള്ള നന്ദി അറിയിക്കുകയും തുടർന്നുള്ള സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## വചനവീട് - 100 ദിന കർമ്മപദ്ധതി

വചനവീട് 100 ദിന കർമ്മപദ്ധതി ഇടവക മുഴുവനെയും സജീവമാക്കുവാനും ദൈവവചനം അനുസരിച്ച് ഒരു ജീവിതശൈലി കുടുംബങ്ങളിൽ രൂപപ്പെടുത്തുവാനും സാധിച്ചു എന്ന് കരുതട്ടെ. ആഗസ്റ്റ് 15 ന് കർമ്മ പദ്ധതിയുടെ പരിശീലനം സമാപിക്കുകയാണ്. എന്നാൽ യൂണിറ്റുകളിൽ - കുടുംബങ്ങളിൽ ദൈവവചനം അടിസ്ഥാനമാക്കിയുള്ള ജീവിതശൈലി തുടരാൻ ആവശ്യമായ കർമ്മപരിപാടികൾ തുടരണം. 100 ദിന കർമ്മ പദ്ധതിയിൽ പങ്കെടുത്ത എല്ലാ യൂണിറ്റുകളും അതിരൂപതാ ഓഫീസിൽ നിന്നും നൽകിയിരിക്കുന്ന ചോദ്യാവലിക്ക് അനുസൃതമായി റിപ്പോർട്ട് തയ്യാറാക്കി (ഫോട്ടോസഹിതം) ഫൊറോനാ കേന്ദ്രങ്ങളിൽ ആഗസ്റ്റ് 28-ാം തീയതിക്കകം ഏൽപ്പിക്കേണ്ടതാണ്. ഫൊറോനാ ഭാരവാഹികൾ അതത് ഫൊറോനയിൽ വിലയിരുത്തിയശേഷം സെപ്റ്റംബർ 2-ാം തീയതിക്കകം എല്ലാ യൂണിറ്റുകളുടെയും റിപ്പോർട്ട് സഹിതം അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## സമ്മാനക്കൂപ്പൺ പദ്ധതി

യൂണിറ്റുകൾ മുഴുവൻ കൗണ്ടർഫോയിലുകളും ഫൊറോനാ കേന്ദ്രത്തിൽ ജൂലൈ 30-ാം തീയതിക്കകം ഏൽപ്പിക്കേണ്ടതും ഫൊറോന വിഹിതം എടുത്തതിന് ശേഷം കൗണ്ടർഫോയിലും ഫണ്ടും കണക്കുകളും ആഗസ്റ്റ് 6-ാം തീയതിക്ക് മുൻപായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

## ഊർജ്ജിതം 2019

ഫൊറോനാ നേതൃസംഗമവും അതിരൂപതാ ഭാരവാഹികളുടെ രണ്ടാം ഘട്ട ഫൊറോനാ സന്ദർശനവുമാണ് ഊർജ്ജിതം 2019. ഫൊറോനാ – യൂണിറ്റുകളെ സജീവമാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. തൃക്കൊടിത്താനം, ചങ്ങനാശേരി, തുരുത്തി, കുടമാളൂർ, അതിരമ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, നെടുങ്കുന്നം ഫൊറോനകളിൽ വളരെ ഭംഗിയായി ഊർജ്ജിതം 2019 നടത്തപ്പെട്ടു. ഫൊറോനാ ഭാരവാഹികളെ പ്രത്യേകം അഭിനന്ദിക്കുന്നു. കോട്ടയം ഫൊറോന ജൂലൈ 28 ഞായറാഴ്ച 2:30 ന് വടവാതൂർ സെന്റ് തോമസ് പള്ളി പാരീഷ്ഹാളിലും ആലപ്പുഴ ഫൊറോന സെന്റ് ജോർജ്ജ് പുത്തനങ്ങാടി പള്ളി പാരീഷ് ഹാളിലും തിരുവനന്തപുരം ഫൊറോന ആഗസ്റ്റ് 11 ഞായറാഴ്ച 2:30 ന് ലൂർദ്ദ്പള്ളി പാരീഷ് ഹാളിലും നടത്തുവാൻ ആവശ്യമായ ക്രമീകരണം ചെയ്തുവരുന്നു.

## മാതൃവേദി റൂബി ജൂബിലി

റൂബി ജൂബിലിക്ക് മുന്നൊരുക്കമായി റൂബി ജൂബിലി തീംസോങ്ങ് – എംബ്ലം മത്സരങ്ങൾ ആഗസ്റ്റ് 17-ാം തീയതി പാസ്റ്റർ സെന്ററിൽ നടത്തപ്പെടുന്നു. വിശദ വിവരങ്ങൾ കത്തിലൂടെ യൂണിറ്റുകളെ അറിയിച്ചിട്ടുണ്ട്.

## കേരളാ ക്രൈസ്തവ ന്യൂനപക്ഷ സിറ്റിംഗ്

ആലപ്പുഴ കളക്ട്രേറ്റിൽ നടന്ന (20-07-2019) സിറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്ത് നിലപാടുകൾ അറിയിച്ചു. അതിരൂപതയുടെ പൊതു നിലപാട് റവ. ഫാ. ജെയിംസ് കൊക്കാവയലിൽ അവതരിപ്പിച്ചു. യൂണിറ്റുകളിൽ പൊതു നിലപാട് പഠിച്ച് പ്രതികരിക്കാനും അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമങ്ങളിൽ മാതൃ-പിതൃവേദി സംഘടന ആവശ്യമായ നേതൃത്വം നൽകുന്നത് ഉചിതമാണ്.

## ഫൊറോന പരിപാടികൾ

നെടുംകുന്നം ഫൊറോനാ ദമ്പതീ സംഗമം 2019 ജൂലൈ 21 ഞായറാഴ്ച നടത്തി. അതിരൂപതാ അസി. ഡയറക്ടർ ഫാ. റ്റിജോ പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു ക്ലാസ് നയിച്ചു. ഫൊറോനാ വികാരി ഫാ. ജേക്കബ് അഞ്ചുപങ്കിൽ അദ്ധ്യക്ഷനായിരുന്നു. ചങ്ങനാശേരി ഫൊറോനാ വചനഎഴുത്ത് മത്സരം നടത്തി. 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി നടത്തപ്പെട്ട മത്സരം ഫൊറോനാ ഡയറക്ടർ ഫാ. വർഗ്ഗീസ് കിളിയാട്ടുശ്ശേരിൽ ഉദ്ഘാടനം ചെയ്തു. സി. ചെറുപുഷ്പം, അഡ്വ. ജ്യോതി മാത്യു, റ്റോമിച്ചൻ കാവാലം എന്നിവർ നേതൃത്വം നൽകി. ആലപ്പുഴ ഫൊറോനാ പ്രോലൈഫ് സെമിനാർ നടത്തപ്പെട്ടു. ഫാ. തോമസ് താന്നിയത്ത് ഉദ്ഘാടനം ചെയ്തു. ഡോ. ഫിന്റോ ക്ലാസ് നയിച്ചു. തൃക്കൊടിത്താനം ഫൊറോനാ വയോജന സംഗമം ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ പള്ളി പാരീഷ് ഹാളിൽ നടന്നു.

*ശേഷം 46-ാം പേജിൽ*

## പുളിങ്കുന്ന് ഫൊറോനാ പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് – 'Ignite 2K19'

പുളിങ്കുന്ന് ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് 'Ignite 2K19' കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ജൂലൈ 12, 13, 14 തീയതികളിൽ നടത്തി. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് മാർട്ടിൻ ആന്റണി അദ്ധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ഐസക് കൂലിപറമ്പിൽ ആമുഖപ്രസംഗം നടത്തി. ഡെൻസമ്മ അന്നാ സോജൻ, ദിയ തോമസ്, എബി ആന്റണി, റീത്താമ്മ സേവ്യർ എന്നിവർ പ്രസംഗിച്ചു. ഫാ. ജേക്കബ് ചക്കാത്ര, ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ, ഫാ. ജോൺസൺ ചാലക്കൽ, റവ. ഡോ. മാത്യു ഊഴികാട്ട്, സിജി ആന്റണി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ജേക്കബ് കളത്തിവീട്ടിൽ, ജോസ്ന ജോസഫ്, ജോസഫ് ജെയിംസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ഫൊറോനാ ക്യാമ്പ് 'Ignite 2K19' കുടമാളൂർ

കുടമാളൂർ ഫൊറോനാ ക്യാമ്പ് ജൂലൈ 12, 13, 14 തീയതികളിൽ മാന്നാനം കെ.ഇ. സ്കൂളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് സെബിൻ മാത്യു ആലുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി റവ. ഡോ. മാണി പുതിയിടം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജേക്കബ് ചീരംവേലിൽ ആമുഖപ്രസംഗം നടത്തി. ദിലീപ് ജോർജ്, റോബിൻ പൗലോസ്, ലിറ്റി പി. ടോംസ് എന്നിവർ പ്രസംഗിച്ചു. ഫാ. ബിനു തറയിൽ, ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ഫാ. സിജോ ചേന്നാട്ട്, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്ലാസുകൾ നയിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ, മാർ തോമസ് തറയിൽ എന്നിവർ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. ജോബിൻ ജോസഫ്, റോസ് മരിയ സെബാസ്റ്റ്യൻ, റോഷ്നി സെബാസ്റ്റ്യൻ, അജയ് വർഗ്ഗീസ് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം കൂടി

2019 പ്രവർത്തനവർഷത്തിലെ അർദ്ധവാർഷിക സെനറ്റ് ജൂലൈ 20, 21 തീയതികളിൽ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെനറ്റ് സമ്മേളനം മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം പ്രവർത്തനറിപ്പോർട്ടവതരിപ്പിച്ചു. ഡെപ്യൂട്ടി പ്രസിഡന്റ് സീനാ ചെറിയാൻ, ട്രഷറർ ഡിലോ ദേവസ്യ, ആനിമേറ്റർ സിസ്റ്റർ സെലിൻ ജോസ് S.D. എന്നിവർ പ്രസംഗിച്ചു. അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ വച്ച് പതിനാറു ഫൊറോനാകളും അവരവരുടെ 6 മാസത്തെ പ്രവർത്തനറിപ്പോർട്ടുകൾ PPT പ്രസന്റേഷനിലൂടെ അവതരിപ്പിച്ചു. തുടർന്ന് അടുത്ത 6 മാസത്തേയ്ക്കുള്ള പ്രവർത്തനപരിപാടികളെക്കുറിച്ച് സെനറ്റ് ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

## പതിനഞ്ചാമത് നിരണം തീർത്ഥാടനം നടത്തി

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യ

ത്തിൽ ജൂലൈ 7 ഞായറാഴ്ച നിരണം തീർത്ഥാടനം നടത്തി. രാവിലെ 8:30 ന് പൂർവ്വപിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കബറിടപള്ളിയിൽനിന്നും മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ കത്തിച്ചതിരി അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിക്കും യുവദീപ്തി പതാക കത്തീഡ്രൽ വികാരി വെരി റവ. ഫാ. കുര്യൻ പുത്തൻപുര അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റിനും സീനാമോൾ ചെറിയാനും നൽകിക്കൊണ്ട് പതിനഞ്ചാമത് നിരണം തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ജസ്റ്റിൻ ജോർജ് മഞ്ചേരിക്കളം സ്വാഗതം ആശംസിച്ചു. അതിരൂപതാ ഭാരവാഹികൾ തീർത്ഥാടനത്തിനു നേതൃത്വം നൽകി മുൻനിരയിൽ നീങ്ങി. ഉായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി, വളഞ്ഞവട്ടം, കടപ്രവഴി രണ്ടുമണിയോടുകൂടി തീർത്ഥാടനം മാർ തോമ്മാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നു. തീർത്ഥാടകനോടൊപ്പം നടന്ന് നിരണത്തെത്തിയ അഭിവന്ദ്യ പിതാവ് കൽവിളക്കിൽ തിരിതെളിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടറച്ചനും ഭാരവാഹികളും തിരിതെളിച്ചു. തീർത്ഥാടനകേന്ദ്രത്തിൽ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ വചനസന്ദേശം നൽകി. അതിനുശേഷം ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ആഘോഷമായ വി. കുർബാന അർപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര സഹകാർമ്മികത്വം വഹിച്ചു. ഇതിനുശേഷം തീർത്ഥാടകർക്കെല്ലാം നേർച്ചഭക്ഷണം നൽകി.

കുറുമ്പനാടം ഫൊറോനാ കുടിവെള്ളവിതരണത്തിന്റെയും എടത്വാ ഫൊറോനാ നേർച്ചഭക്ഷണവിതരണത്തിന്റേയും ചുമതലകൾ ഏറ്റെടുത്തു നിർവ്വഹിച്ചു. പരിപാടികൾക്ക് ഷിജോ മാത്യു ഇടയാടി, ജസ്റ്റിൻ ജോർജ് മഞ്ചേരിക്കളം, സീനാമോൾ ചെറിയാൻ, സിസ്റ്റർ സെലിൻ ജോസ് എസ്.ഡി., ബ്രദർ ജേക്കബ് കളത്തിമറ്റം, ഡിലോ ദേവസ്യ, ജോസഫ് ജെയിംസ്, ജോസ്ന ജോസഫ്, ജോബിൻ ജോസഫ്, എത്സാ ബിജു വർഗ്ഗീസ്, ഷാരോൺ ദേവസ്യ, അഞ്ജലി പി. തോമസ്, സിനോയി മാത്യു, റോസ് മരിയ സെബാസ്റ്റ്യൻ, ബെക്സൺ ഡേവീസ്, റോഷ്ണി സെബാസ്റ്റ്യൻ, എബി ആന്റണി, ദിവ്യ വിജയൻ, അഖിൽ ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ, ലാലിച്ചൻ മറ്റത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ജസ്റ്റിൻ മഞ്ചേരിക്കളം ജനറൽ കൺവീനറായും സെബിൻ മാത്യു വോളണ്ടിയർ ക്യാപ്റ്റനായും ഡിലോ ദേവസ്യ പബ്ളിസിറ്റി കൺവീനറായും ഷാരോൺ ദേവസ്യ ലിറ്റർജി കൺവീനറായും പ്രവർത്തിച്ചു.

## കേരളസംസ്ഥാന ന്യൂനപക്ഷകമ്മീഷൻ മുമ്പാകെ യുവദീപ്തി-എസ്.എം.വൈ.എം. നിവേദനം നൽകി.

ആലപ്പുഴ കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ സിറ്റിംഗ് നടത്തിയ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ മുമ്പാകെ യുവദീപ്തി-എസ്.എം.വൈ.എം വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകി. ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, മുൻ അതിരൂപതാ ജനറൽ സെക്രട്ടറി റിജോമോൻ ആർ.വി. എന്നിവർ സിറ്റിംഗിൽ പങ്കെടുത്തു.

## ആഗസ്റ്റ് മാസത്തെ പരിപാടികൾ

| | |
|---|---|
| 2,3,4 | പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് 'Ignite 2K19' ആലപ്പുഴ ഫൊറോന |

| | |
|---|---|
| 3 | SMYM സമ്മേളനം - കാക്കനാട് |
| 11 | അതിരൂപതാ യുവജനദിനം - പുളിങ്കുന്ന് ഫൊറോനയിൽ |
| 15 | സ്വാതന്ത്ര്യദിനം<br>ദിനാഘോഷം യൂണിറ്റുകളിൽ വിവിധ പരിപാടികളോടെ ആചരിക്കുന്നു. |
| 17 | എക്യുമെനിക്കൽ യുവജനസംഗമം<br>"Koinonos 2019" |
| 23,24,25 | 'Ignite 2K19'<br>പ്രാർത്ഥനാപഠനപരിശീലനക്യാമ്പ്, തിരുവനന്തപുരം, അമ്പൂരി ഫൊറോനകൾ. |

***ഫാമിലി അപ്പോസ്തലേറ്റ് 43-ാം പേജ് തുടർച്ച....***

ഫാ. മാത്യു പുത്തനങ്ങാടി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. റ്റിജോ പുത്തൻപറമ്പിൽ ക്ലാസ് നയിച്ചു. ചമ്പക്കുളം ഫൊറോന തിരുബാലസഖ്യ കുട്ടികൾക്കായി വചനപ്രസംഗമത്സരം നടത്തി. ജൈവകൃഷിതോട്ടമത്സരവും നടന്നുവരുന്നു.

* എടത്വാ ഫൊറോനാ കിഡ്സ് ഫെസ്റ്റ് - ജൂലൈ 31 ബുധൻ എടത്വാ സെന്റ് അലോഷ്യസ് സ്കൂളിൽവച്ച് രാവിലെ 9:30 ന്.
* തിരുവനന്തപുരം ഫൊറോനാ കിഡ്സ് ഫെസ്റ്റ് - ഓഗസ്റ്റ് 4 ഞായർ
* പുളിങ്കുന്ന് ഫൊറോനാ കിഡ്സ് ഫെസ്റ്റ്, വിവാഹജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കൽ, വചനവീട് കർമ്മപദ്ധതി ഫൊറോനാതല സമാപനം - ഓഗസ്റ്റ് 18 ഞായർ 2 മണിക്ക് പുളിങ്കുന്നിൽവച്ച്.

## വിവിധ പ്രോഗ്രാമുകൾ

| | | |
|---|---|---|
| ജൂലൈ | 3 | വള്ളംചിറ മാതൃ-പിതൃസംഗമം |
| | 3 | പുളിങ്കുന്ന് വചനവീട് പ്രയാണം |
| | 5 | മണിമല മാതൃ-പിതൃസംഗമം |
| | 6 | ചാത്തനാട് വചനവീട് പ്രയാണം |
| | 7 | വായ്പൂർ വചനവീട് സ്വീകരണം: രണ്ടാംഘട്ട ജൈവകൃഷി ഉദ്ഘാടനം<br>പുല്ലങ്ങടി വചനവീട് പ്രയാണം. |
| | 13 | യൂദിത്ത് സംഗമം കണ്ണാടി |
| | 14 | വചനതിരുനാൾ, വചനപ്രയാണസമാപനം |

## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · ENSHINE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

| AUGUST 2019 | | SEPTEMBER 2019 | | OCTOBER 2019 | |
|---|---|---|---|---|---|
| 5, 6, 7 | Chry | 2, 3, 4 | Zion | Sep30, 1, 2 | Zion |
| 19, 20, 21 | Zion | 13, 14, 15 | Chry | 14, 15, 16 | Zion |
| | | 20, 21, 22 | Chry | 21, 22, 23 | Chry |

പ്രിയ കെ.സി.എസ്.എൽ. കുടുംബാംഗങ്ങളേ,

കെ.സി.എസ്.എൽ ന്റെ പ്രവർത്തനങ്ങൾ ഒക്കെ വളരെ സജീവമായി എല്ലാ സ്കൂളുകളിലും നടക്കുന്നതിൽ എല്ലാ ആനിമേറ്റേഴ്സിനേയും പ്രത്യേകം അഭിനന്ദിക്കുന്നു. സാഹിത്യമത്സരങ്ങൾക്ക് സമയമായി വരികയാണല്ലോ. സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ പേരും ലിസ്റ്റും ആഗസ്റ്റ് 26-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

ജൂലൈ 5-ാം തീയതി മല്ലപ്പള്ളി സെന്റ് ഫിലോമിനാസ് യു.പി. സ്കൂളിൽ പ്രവർത്തനവർഷ ഉദ്ഘാടനവും, ആനിമേറ്റേഴ്സിന്റെ മീറ്റിംഗും നടത്തപ്പെട്ടു. ജൂലൈ 12,13 തീയതികളിൽ ലീഡേഴ്സിന്റെ സ്റ്റേറ്റ് മീറ്റ് ആലപ്പുഴയിൽ നടത്തപ്പെടുകയുണ്ടായി. ജീസസ്സ് കിഡ്സിന്റെ സോണൽ കൺവൻഷൻ ജൂലൈ 12-ന് ചമ്പക്കുളത്ത് നടത്തപ്പെട്ടു. 120 കുട്ടികൾ ഇതിൽ പങ്കെടുത്തു. ജൂലൈ 22, 23 തീയതികളിൽ ലൂർദ് മാതാ യു.പി.എസ്. പച്ച സ്കൂളിൽ കെ.സി. എസ്.എൽ ന്റെ നേതൃത്വത്തിൽ ധ്യാനം നടത്തുകയും എല്ലാ കുട്ടികളും ടീച്ചേഴ്സും അതിൽ പങ്കെടുക്കുകയും ചെയ്തു. കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കുവേണ്ടി കഥ, കവിതാ രചനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഒരു ക്ലാസ്സ് ജൂലൈ 24-ാം തീയതി ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുകയുണ്ടായി അതിൽ 75 കുട്ടികൾ പങ്കെടുത്തു. ജെയിംസ് കണ്ണിമല സാറും, സന്ദീപ് സാറും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

ജൂലൈ മാസം നടത്താൻ തീരുമാനിച്ചിരുന്ന അൽഫോൻസാ ക്വിസ് ചില അസൗകര്യങ്ങൾ മൂലം ഓഗസ്റ്റ് 8-ലേക്ക് മാറ്റി വച്ചതായി അറിയിക്കുന്നു. ഓഗസ്റ്റ് 8 വ്യാഴാഴ്ച സെന്റ് ആൻസ് ഹൈസ്കൂളിൽ രാവിലെ 9:30 നാണ് ക്വിസ്മത്സരത്തിനുള്ള രജിസ്ട്രേഷൻ ആരംഭിക്കുന്നതെന്ന് ഓർമ്മിപ്പിക്കുന്നു. അതിനായി കുട്ടികളെ ഒരുക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യുമല്ലോ. സാഹിത്യമത്സരങ്ങൾക്ക് സമയമായി വരികയാണല്ലോ. സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കാനുള്ള കുട്ടികളുടെ പേരും ലിസ്റ്റും ആഗസ്റ്റ് 26ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ. അതുപോലെ അടുത്ത മാസത്തെ എല്ലാ കാര്യപരിപാടികളിലും കുട്ടികളുടേയും ആനിമേറ്റേഴ്സിന്റേയും സഹകരണം കെ.സി.എസ്.എൽ ന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ അഴക് നൽകട്ടെ എന്ന് ആശംസിച്ചു കൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽനിന്നും ആശംസകൾ !!!

'ഹരിതഭൂമി 2019-22' പദ്ധതിയിലൂടെ മാലിന്യസംസ്കരണം, ജൈവകൃഷി, ജലസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സംഘ-യൂണിറ്റുതലങ്ങളിൽ ഏറ്റവും ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചുവരികയാണല്ലോ. ജൂൺ-ജൂലൈ മാസങ്ങളിൽ നടത്തപ്പെട്ട സംഘതരംഗം SHG ലീഡേഴ്സ് ട്രെയിനിംഗിലും മേഖലാ PME കളിലും ഇക്കാര്യം നമ്മൾ വിശദമായി ചർച്ച ചെയ്തിരുന്നു. കൃത്യമായി നടപ്പാക്കാനുള്ള ടാർജറ്റ് നിശ്ചയിച്ചും SHG കളിലൂടെയും ക്രെഡിറ്റ് യൂണിയനുകളിലൂടെയും വായ്പകൾ നൽകിയും ഇവ പ്രോത്സാഹിപ്പിക്കാൻ ഓരോ യൂണിറ്റ് എക്സിക്യൂട്ടീവ് സമിതിയും ശ്രദ്ധ ചെലുത്തണം. പദ്ധതി നിർവ്വഹണം യൂണിറ്റ് പ്രവർത്തനങ്ങളുടെ അത്യന്താപേക്ഷിത ഘടകമായി പരിഗണിക്കണം. എല്ലാ SHG അംഗങ്ങളുടെയും ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാനുള്ള പരിശ്രമം ഉണ്ടാവേണ്ടത് പദ്ധതിയുടെ വിജയത്തിൽ അത്യന്താപേക്ഷിതമാണ്.

ആഗസ്റ്റ് മാസം മേഖലാതലത്തിൽ പുരുഷ SHG കളുടെ സംഗമവും RRTC യുടെ സഹകരണത്തോടെ യൂണിറ്റുതലത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികളുമാണ് പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നത്. ഓണത്തോടനുബന്ധിച്ചുള്ള ഖാദി മേളയും ഓഗസ്റ്റിൽ ആരംഭിക്കും. നമ്മുടെ ഖാദിഭവനുകൾ സന്ദർശിച്ച് ഖാദി ഉത്പന്നങ്ങൾ വാങ്ങിയുപയോഗിച്ച് ആവശ്യമായ പ്രോത്സാഹനം നൽകാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ അടിസ്ഥാന പ്രവർത്തനങ്ങളും പദ്ധതികളും സുതാര്യമായും കാര്യക്ഷമമായും നടപ്പാക്കാൻ ഏവരും സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ** **ഫാ. ജോസഫ് കളരിക്കൽ**
**ഫാ. തോമസ് കുളത്തുങ്കൽ** ഡയറക്ടർ
(അസി. ഡയറക്ടേഴ്സ്)

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

ജൂൺ-ജൂലൈ മാസങ്ങളിൽ കുട്ടനാട് പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

### I. CHASS-ITALIAN BISHOP'S CONFERENCE-PERK

**വാട്ടർ പ്യൂരിഫയർ വിതരണം**

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ മുട്ടാർ, എടത്വാ, തകഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK- Participatory Effort (Relief, Rehabilitation, Resettlement in Kuttanadu) പദ്ധതിയിൽ ജൂലൈ 5 ന് 10 യൂണിറ്റുകളിൽ 93 ഗുണഭോക്താക്കൾക്ക് വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തു. 5,11,500 രൂപ പദ്ധതിയിൽ ചെലവഴിച്ചു.

| ഇടവക | ഗുണഭോക്താക്കൾ | തുക |
|---|---|---|
| തകഴി | 7 | 38,500 |
| കരുമാടി | 10 | 55,000 |
| പടഹാരം | 14 | 77,000 |
| പച്ച-ചെക്കിടിക്കാട് | 6 | 33,000 |
| മുട്ടാർ ന്യൂ | 15 | 82,500 |
| മരിയാപുരം | 4 | 22,000 |
| പാങ്കരി | 5 | 27,500 |
| കോയിൽമുക്ക് | 7 | 38,500 |
| മുട്ടാർ ഓൾഡ് | 11 | 60,500 |
| കേളമംഗലം | 14 | 77,000 |
| **ആകെ** | **93** | **5,11,500** |

## II. CHASS-CARITAS INDIA, EA- PROJECT (അതിജീവൻ)

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പാക്കുന്ന പുനരധിവാസപദ്ധതിയിൽ താഴെപ്പറയുന്ന സഹായങ്ങൾ വിതരണം ചെയ്തു.

### 1. ഭവന നിർമ്മാണം ഒന്നാം ഗഡു വിതരണം

അതിജീവൻ പദ്ധതിയുടെ ഭാഗമായി കൂലിപ്പുര യൂണിറ്റിൽ 1 കുടുംബത്തിന് ഭവനനിർമ്മാണ സഹായത്തിന്റെ ആദ്യഗഡു 30,000/- രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കൾ | ആദ്യഗഡു തുക | ആകെ തുക |
|---|---|---|---|
| കൂലിപ്പുര | 1 | 30,000 | 30,000 |
| **ആകെ** | **1** | | **30,000** |

### 2. ശൗചാലയ നിർമ്മാണം ഒന്നാം ഗഡു വിതരണം

ചമ്പക്കുളം യൂണിറ്റിൽ 2 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണസഹായത്തിന്റെ ആദ്യഗഡു 30,000/ രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | ആദ്യഗഡു | ആകെ പദ്ധതി തുക |
|---|---|---|---|
| ചമ്പക്കുളം | 2 | 15000 | 30,000 |
| **ആകെ** | **2** | | **30,000** |

### 3. ഭവന നിർമ്മാണം രണ്ടാം ഗഡു വിതരണം

13 യൂണിറ്റുകളിൽ 48 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ സഹായത്തിന്റെ രണ്ടാംഗഡു 9,60,000/- രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | രണ്ടാംഗഡു | ആകെ തുക |
|---|---|---|---|
| വടക്കേഅമിച്ചകരി | 4 | 20000 | 80,000 |
| തോട്ടുവാത്തല | 4 | 20000 | 80,000 |
| തെക്കേക്കര | 4 | 20000 | 80,000 |
| പൊങ്ങ | 3 | 20000 | 60,000 |
| ഒന്നാംകര | 1 | 20000 | 20,000 |

| | | | |
|---|---|---|---|
| പുല്ലങ്ങടി | 5 | 20000 | 1,00,000 |
| നസ്രേത്ത് | 4 | 20000 | 80,000 |
| കൂലിപ്പുര | 5 | 20000 | 1,00,000 |
| വൈശ്യംഭാഗം | 4 | 20000 | 80,000 |
| കൊണ്ടാക്കൽ | 2 | 20000 | 40,000 |
| ചമ്പക്കുളം | 4 | 20000 | 80,000 |
| നർബോനപുരം | 4 | 20,000 | 80,000 |
| കണ്ടങ്കരി | 4 | 20,000 | 80,000 |
| **ആകെ** | **48** | | **9,60,000** |

## 4. ശൗചാലയ നിർമ്മാണം രണ്ടാം ഗഡു വിതരണം

13 യൂണിറ്റുകളിലായി 91 ഗുണഭോക്താക്കൾക്ക് ശൗചാലയ നിർമ്മാണസഹായത്തിന്റെ രണ്ടാംഗഡു 4,55,000/ രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്താക്കളുടെ എണ്ണം | രണ്ടാംഗഡു | ആകെ പദ്ധതി തുക |
|---|---|---|---|
| വടക്കേഅമിച്ചകരി | 7 | 5000 | 35,000 |
| തോട്ടുവാത്തല | 7 | 5000 | 35,000 |
| തെക്കേക്കര | 7 | 5000 | 35,000 |
| പൊങ്ങ | 7 | 5000 | 35,000 |
| ഒന്നാംകര | 2 | 5000 | 10,000 |
| പുല്ലങ്ങടി | 7 | 5000 | 35,000 |
| നസ്രേത്ത് | 7 | 5000 | 35,000 |
| കൂലിപ്പുര | 7 | 5000 | 35,000 |
| വൈശ്യംഭാഗം | 7 | 5000 | 35,000 |
| കൊണ്ടാക്കൽ | 7 | 5000 | 35,000 |
| ചമ്പക്കുളം | 12 | 5000 | 60,000 |
| നർബോനപുരം | 7 | 5000 | 35,000 |
| കണ്ടങ്കരി | 7 | 5000 | 35,000 |
| **ആകെ** | **91** | | **4,55,000** |

## III. Xisco Muñoz Expuig, Spain -WATSAN Project

### ശൗചാലയം രണ്ടാം ഗഡു വിതരണം

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ രാമങ്കരി, കൈനടി, വെളിയനാട് കേസറിയ, യൂണിറ്റുകളിൽ 4 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണ സഹായത്തിന്റെ രണ്ടാംഗഡു 40,000/- രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ പദ്ധതി തുക |
|---|---|---|
| രാമങ്കരി | 1 | 10,000 |
| കൈനടി | 1 | 10,000 |
| വെളിയനാട് കേസറിയ | 2 | 20,000 |
| **ആകെ** | **4** | **40,000** |

## അറിയിപ്പുകൾ

### 1. മേഖലാ PME

| തീയതി | മേഖല |
|---|---|
| ആഗസ്റ്റ് 1 വ്യാഴം | പുളിംകുന്ന് |
| ആഗസ്റ്റ് 10 ശനി | കൊല്ലം |

### 2. കർഷകദിനം

കുട്ടനാട് മേഖലയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 17 കർഷകദിനം സംഘടിപ്പിക്കും.

### 3. Men SHG സംഗമം

| തീയതി | മേഖല | യൂണിറ്റ് |
|---|---|---|
| ആഗസ്റ്റ് 4 ഞായർ | ആലപ്പുഴ | തത്തംപള്ളി |
| ആഗസ്റ്റ് 10 ശനി | കോട്ടയം | കോട്ടയം |
| ആഗസ്റ്റ് 11 ഞായർ | അതിരമ്പുഴ & കുടമാളൂർ | അതിരമ്പുഴ |
| ആഗസ്റ്റ് 15 വ്യാഴം | കുറുമ്പനാടം | കുറുമ്പനാടം |
| ആഗസ്റ്റ് 18 ഞായർ | ചങ്ങനാശ്ശേരി & തുരുത്തി | കത്തീഡ്രൽ |
| ആഗസ്റ്റ് 25 ഞായർ | ചമ്പക്കുളം & പുളിംകുന്ന് | പള്ളിക്കൂട്ടുമ്മ |
| സെപ്റ്റം. 01 ഞായർ | എടത്വാ | എടത്വാ |

### 4. പ്രതീക്ഷ -RRTC- മദ്യം മയക്കുമരുന്ന് ബോധവത്ക്കരണം

#### (a) സ്കൂൾ തലം

| തീയതി | സ്കൂൾ |
|---|---|
| ജൂലൈ 27 | ക്ലൂണി സീനിയർ സെക്കണ്ടറി സ്കൂൾ, ചങ്ങനാശ്ശേരി |
| ജൂലൈ 27 | എസ്.ബി. ഹയർ സെക്കണ്ടറി സ്കൂൾ, ചങ്ങനാശ്ശേരി |
| ജൂലൈ 29 | സെന്റ് തെരേസാസ് ഹയർ സെക്കണ്ടറി സ്കൂൾ, നെടുംകുന്നം |
| ജൂലൈ 29 | സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ, നെടുംകുന്നം |
| ജൂലൈ 30 | സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കുറുമ്പനാടം |
| ജൂലൈ 31 | മേരി റാണി ഹയർ സെക്കണ്ടറി സ്കൂൾ, ചങ്ങനാശ്ശേരി |
| ജൂലൈ 31 | എസ്.എച്ച്. ഫാത്തിമാപുരം, ചങ്ങനാശ്ശേരി |
| ആഗസ്റ്റ് 05 | സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കണ്ടറി സ്കൂൾ, അയർക്കുന്നം |
| ആഗസ്റ്റ് 05 | ഡോൺ ബോസ്കോ ഹയർ സെക്കണ്ടറി സ്കൂൾ, പുതുപ്പള്ളി |
| ആഗസ്റ്റ് 14 | ബേക്കർ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടയം |

#### (b) കോളേജ് തലം

| തീയതി | കോളേജ് |
|---|---|
| ജൂലൈ 26 | ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, ചങ്ങനാശ്ശേരി |
| ആഗസ്റ്റ് 02 | CMS കോളേജ്, കോട്ടയം |
| ആഗസ്റ്റ് 07 | സെന്റ്ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാത്താംമുട്ടം |
| ആഗസ്റ്റ് 09 | സ്കൂൾ ഓഫ് ടെക്നോളജി & അപ്ലൈയ്ഡ് സയൻസ്, മാന്നാനം |
| ആഗസ്റ്റ് 12 | സെന്റ് ജോസഫ് കോളേജ്, മീഡിയാ വില്ലേജ്, ചങ്ങനാശ്ശേരി |

### (c) SHG കൾ

| തീയതി | യൂണിറ്റ് | തീയതി | യൂണിറ്റ് |
|---|---|---|---|
| ജൂലൈ 26 | ഇത്തിത്താനം | ആഗസ്റ്റ് 01 | പാണ്ടി |
| ആഗസ്റ്റ് 06 | ഫാത്തിമാപുരം | ആഗസ്റ്റ് 08 | തൃക്കൊടിത്താനം |
| ആഗസ്റ്റ് 10 | മരിയാപുരം | ആഗസ്റ്റ് 13 | പടഹാരം |
| ആഗസ്റ്റ് 16 | കുമരങ്കരി | ആഗസ്റ്റ് 18 | നാൽപ്പാത്തിമല |
| ആഗസ്റ്റ് 19 | വള്ളംചിറ | ആഗസ്റ്റ് 20 | പള്ളാത്തുരുത്തി |
| ആഗസ്റ്റ് 23 | തത്തംപള്ളി | ആഗസ്റ്റ് 24 | കൂരോപ്പട |
| ആഗസ്റ്റ് 25 | പുത്തനങ്ങാടി | ആഗസ്റ്റ് 27 | വെട്ടിമുകൾ |
| ആഗസ്റ്റ് 30 | ഒന്നാംകര | | |

## 5. യൂണിറ്റ് പരിപാടികൾ

| തീയതി | പരിപാടി | യൂണിറ്റ് |
|---|---|---|
| 01 | തയ്യൽപരിശീലനം ഉദ്ഘാടനം | പുല്ലങ്ങടി |
| 01 | സ്വാശ്രയസംഘസംഗമം | പാണ്ടി |
| 01 | ക്രെഡിറ്റ് യൂണിയൻ സംഗമം | കൊടിനാട്ടുകുന്ന് |
| 01 | സ്വാശ്രയസംഘസംഗമം | അതിരമ്പുഴ ലിസ്യു, മണ്ണാർകുന്ന് |
| 02 | സ്വാശ്രയസംഘസംഗമം | കുറുമ്പനാടം |
| 02 | സ്വാശ്രയസംഘസംഗമം | മനയ്ക്കച്ചിറ |
| 05 | ആശാകിരണം | നർബോനപുരം |
| 06 | സ്വാശ്രയസംഘസംഗമം | ഫാത്തിമാപുരം |
| 08 | EAP | പനയമ്പാല |
| 08 | സ്വാശ്രയസംഘസംഗമം | തൃക്കൊടിത്താനം |
| 10 | സ്വാശ്രയസംഘസംഗമം | മരിയാപുരം |
| 13 | സ്വാശ്രയസംഘസംഗമം | ഈര |
| 13 | സ്വാശ്രയസംഘരൂപീകരണം | അമ്പലപ്പുഴ |
| 13 | കാർഷിക സെമിനാർ | ഏറ്റുമാനൂർ |
| 13 | സ്വാശ്രയസംഘസംഗമം | പടഹാരം |
| 15 | സ്വാശ്രയസംഘസംഗമം | പായിപ്പാട് |
| 16 | സ്വാശ്രയസംഘസംഗമം | നാലുകോടി |
| 16 | സ്വാശ്രയസംഘസംഗമം | കുമരങ്കരി |
| 17 | സ്വാശ്രയസംഘസംഗമം | നെടുംകുന്നം |
| 17 | കർഷകദിനം | പള്ളിക്കൂട്ടുമ്മ |
| 18 | സ്വാശ്രയസംഘസംഗമം | നാൽപ്പാത്തിമല |
| 18 | ഫുഡ് ഫെസ്റ്റ് | മീൻകുളം |
| 19 | സ്വാശ്രയസംഘസംഗമം | വള്ളംചിറ |
| 19 | ആശാകിരണം | കണ്ടങ്കരി |
| 19 | സ്വാശ്രയസംഘസംഗമം | മുണ്ടുപാലം |
| 20 | കാർഷിക സെമിനാർ | പുന്നത്തറ |
| 20 | സ്വയംതൊഴിൽ പരിശീലനം | മുണ്ടുപാലം |
| 20 | സ്വാശ്രയസംഘസംഗമം | പള്ളാത്തുരുത്തി |
| 20 | ആശാകിരണം | ഈര |

| | | |
|---|---|---|
| 21 | ഗ്യാസ് ഉപയോഗം-പരിശീലനം | മീൻകുളം |
| 22 | സ്വാശ്രയസംഘസംഗമം | കരുവാറ്റ |
| 22 | സംഘവാർഷികം | മീൻകുളം |
| 22 | സ്വയംതൊഴിൽ പരിശീലനം | കൈനടി |
| 22 | സ്വയംതൊഴിൽ പരിശീലനം | തൃക്കൊടിത്താനം |
| 23 | സ്വാശ്രയസംഘസംഗമം | തത്തംപള്ളി |
| 24 | യൂണിറ്റ് വാർഷികം | ചെറുവാണ്ടൂർ |
| 24 | സ്വാശ്രയസംഘസംഗമം | കൂരോപ്പട |
| 24 | സ്വയംതൊഴിൽ പരിശീലനം | ചാഞ്ഞോടി |
| 24 | കാർഷിക സെമിനാർ | കൂരോപ്പട |
| 25 | EAP | മണിമല ഓൾഡ് |
| 25 | സ്വാശ്രയസംഘസംഗമം | പുത്തനങ്ങാടി |
| 26 | കാർപ്പറ്റ് നിർമ്മാണ പരിശീലനം | തെക്കേക്കര |
| 27 | സ്വാശ്രയസംഘസംഗമം | വെട്ടിമുകൾ |
| 30 | ആശാകിരണം | ഒന്നാംകര |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ജൂലൈ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### 1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 421. മോളി ദേവസ്യ കുറുമുള്ളങ്കാല | ഷാരോൺ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 422. റോസമ്മ ജോസഫ് ആലിലക്കുഴി | മേരിമാത | മായം | അമ്പൂരി |
| 423. പുഷ്പൻ കെ.എൻ. കുന്നുംപുറത്ത് | ചെറുപുഷ്പം | പായിപ്പാട് | തൃക്കൊടിത്താനം |
| 424. എ.കെ. വാസുദേവൻ ആചാരി | അർപ്പണ | പങ്ങട | കോട്ടയം |
| 425. ഔസേഫ് സേവ്യർ മഠത്തിൽപറമ്പിൽ | ചൈതന്യ | രാമങ്കരി | പുളിംകുന്ന് |

### 2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 271. തോമസ് ജോസഫ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 272. സിനു ജോയിസ് കൊച്ചുവീട്ടിൽ | ആർപ്പൂക്കര | കുടമാളൂർ |
| 273. പുഷ്ക്കരൻ കമലമന്ദിരം | മായം | അമ്പൂരി |
| 274. മാത്യു അഗസ്റ്റിൻ തറപ്പേൽ | വില്ലൂന്നി | കുടമാളൂർ |
| 275. പുഷ്പൻ കെ.എൻ. കുന്നുംപുറത്ത് | പായിപ്പാട് | തൃക്കൊടിത്താനം |
| 276. റോസമ്മ ജോസഫ് ആലിലക്കുഴി | മായം | അമ്പൂരി |
| 277. കെ.വി. ജേക്കബ് കല്ലുവേലി | രാജഗിരി | അമ്പൂരി |

| | | |
|---|---|---|
| 278. പി. ജോർജ്ജ് വാലുപച്ചകിഴക്കേതിൽ | നരിക്കൽ | കൊല്ലം |
| 279. മനോജ് ജയിംസ്, ഏറത്തേടത്ത് | കരിമ്പനക്കുളം | മണിമല |
| 280. ആർ സുഗുണൻ തക്കേമണ്ണുമാലിയിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 281. മറിയം ഞാറുകുന്നേൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 282. മേരിക്കുട്ടി കുട്ടംപേരൂർ | പാറേൽ | ചങ്ങനാശ്ശേരി |

• **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 139. സഫീനാ നിജീബ് | ആറാട്ടുവഴി | ആലപ്പുഴ |
| 140. ഗ്രേയ്സി ജോർജ്ജ് നെടിയകാല | വെട്ടിമുകൾ | അതിരമ്പുഴ |
| 141. പി.റ്റി. മാത്യു പടികരമല | വെട്ടിമുകൾ | അതിരമ്പുഴ |
| 142. അനിതാ സാജൻ മൂഴിയിൽ | കരിമ്പനക്കുളം | മണിമല |
| 143. അമ്മിണി ജോസ് തെക്കേതോട്ടത്തിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 144. ദേവസ്യ ജോയി മുണ്ടുവേലി മുകളേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 145. ഗിരിജ അനിൽകുമാർ മഠത്തുംപറമ്പിൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 146. ജെസ്സി ജോസഫ് മുട്ടത്ത് | കിടങ്ങറ | ചങ്ങനാശ്ശേരി |
| 147. തോമസ് റ്റി. ഫിലിപ്പ് തെക്കേൽ | അമ്പൂരി | അമ്പൂരി |
| 148. ശ്രീകല മധു ആലുംമൂട്ടിൽ | മുണ്ടുപാലം | തൃക്കൊടിത്താനം |

## 3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ജൂലൈ മാസം 38 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശ പ്രകാരം 81 അപേക്ഷകർക്ക് 1,32,210/- രൂപ നൽകി.

## 4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2019 ജൂലൈ മാസം 43 കുടുബങ്ങൾക്ക് 4,95,748/- രൂപ സഹായധനം അനുവദിച്ചു.

## 5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 ജൂലൈ മാസം 7 കുടുംബങ്ങൾക്ക് ചികിത്സാചെലവിനത്തിൽ 50,325/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. സിജോ ആന്റണി, കളത്തിപ്പറമ്പിൽ | മാടപ്പള്ളി | 4275 |
| 2. എം.ഡി. സേവ്യർ, മുര്യൻകാവുങ്കൽ | പാറേൽ | 9375 |
| 3. ജോസഫ് ലോബോ, തുണ്ടിപ്പറമ്പിൽ | തൃക്കൊടിത്താനം | 9375 |
| 4. ബൈജു സേവ്യർ, ചേന്നാട്ടുശ്ശേരി | രാമങ്കരി | 9600 |
| 5. മാത്യു ജോസഫ്, മാവേലിക്കളം | വേഴപ്രാ | 8550 |
| 6. റോണി ജോസഫ്, പുതുപ്പറമ്പ് | വെരൂർ | 9375 |
| 7. രാജൻ ജോസഫ്, ചെന്നിക്കര | നെടുംകുന്നം | 9375 |

## കേന്ദ്രവാർത്തകൾ

**സംഘതരംഗം 2019-22 (സ്വാശ്രയസംഘ നേതൃത്വ പരിശീലന പരിപാടി)**

സ്വാശ്രയസംഘം ഭാരവഹികൾക്കുള്ള നേതൃത്വ പരിശീലന പരിപാടി 'സംഘതരംഗം 2019-22' സംഘടിപ്പിച്ചുവരുന്നു. സ്വാശ്രയസംഘ പ്രവർത്തനരീ

തികൾ, ലക്ഷ്യങ്ങൾ, സാമൂഹിക-സാമ്പത്തിക മേഖലകളിലുള്ള ഇടപെടലുകൾ, ഗവൺമെന്റ് ഗവൺമെന്റേതര സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന പദ്ധതികൾ കണക്ക്-റിപ്പോർട്ട് കൈകാര്യം ചെയ്യുന്ന രീതി ചാസിന്റെ വിവിധ പദ്ധതികൾ 'ഹരിതഭൂമി 2019-22' നടത്തിപ്പ് തുടങ്ങിയവ ഊർജ്ജിതം 2019-22 ലക്ഷ്യം വയ്ക്കുന്നു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കോ-ഓർഡിനേറ്റർമാരായ ബിനു ജോസഫ്, എൻ.ഐ. തോമസ്, ഡി. ജോസഫ്, ബ്രദർ ജിജോ ഇലവുങ്കൽ എന്നിവർ ക്ലാസിന് നേതൃത്വം നൽകുന്നു.

**പരിശീലന പരിപാടി നടന്ന മേഖലകൾ**

| തീയതി | മേഖല | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|---|
| ജൂലൈ 8 | കുടമാളൂർ | കുടമാളൂർ | 95 |
| ജൂലൈ 9 | കുറുമ്പനാടം | മാമ്മൂട് | 52 |
| ജൂലൈ 12 | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി | 56 |
| ജൂലൈ 13 | അമ്പൂരി | അമ്പൂരി | 58 |
| ജൂലൈ 26 | തുരുത്തി | ഇത്തിത്താനം | 52 |
| ജൂലൈ 27 | മണിമല | കരിമ്പനക്കുളം | 67 |

**മേഖലാ PME സംഘടിപ്പിച്ചു**

| തീയതി | മേഖല | തീയതി | മേഖല |
|---|---|---|---|
| ജൂലൈ 5 | ചമ്പക്കുളം | ജൂലൈ 9 | അതിരമ്പുഴ |
| ജൂലൈ 11 | കോട്ടയം | ജൂലൈ 12 | എടത്വാ |
| ജൂലൈ 13 | അമ്പൂരി | ജൂലൈ 19 | ചങ്ങനാശ്ശേരി |
| ജൂലൈ 22 | കുറുമ്പനാടം | ജൂലൈ 23 | തൃക്കൊടിക്കാനം |
| ജൂലൈ 25 | ആലപ്പുഴ | ജൂലൈ 27 | മണിമല |

## കെയർ എ ഫാമിലി പദ്ധതി ഗുണഭോക്തൃസംഗമം

കെയർ എ ഫാമിലി പദ്ധതിയിൽ കാലാവധി പൂർത്തീകരിച്ച (2016-19) 16 കുടുംബങ്ങളുടെ സംഗമം ജൂലൈ 22 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി വിലയിരുത്തി. കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA ആശംസ അർപ്പിച്ചു.

## SAFP-Internal Auditing

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ കഴിഞ്ഞ 5 വർഷത്തെ ആഡിറ്റിംങിനായി കാലടിയിൽനിന്നും ഫിനാൻസ് അഡ്മിനിസ്ട്രേഷൻ അംഗങ്ങളായ ശ്രീമതി മേരി പി.എ., ശ്രീമതി സിബി റോബർട്ട് എന്നിവർ ജൂലൈ 16-ാം ന് ചാസ് കേന്ദ്ര ഓഫീസിൽ എത്തി.

## UNICEF പദ്ധതി അവലോകനം

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് യൂണിസെഫ് കേരളത്തിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ അവലോകനവും വിലയിരുത്തലും 2019 ജൂലൈ 19-ന് തിരുവനന്തപുരം ഡിനോറ ഹോട്ടൽ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. UN റിക്കവറി ഓഫീസർ ശ്രീ. ജോബ് സഖറിയായുടെ നേതൃത്വത്തിൽ WHO, UNICEF, UNDP പ്രതിനിധികൾക്കൊപ്പം കേരള സംസ്ഥാന സർക്കാരിന്റെ കുട്ടനാട് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പ് മേധാവി

കളും സംഘടനാ പ്രതിനിധികളും പങ്കാളികളായി. ചാസിനെ പ്രതിനിധീകരിച്ച് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി അവലോകനയോഗത്തിൽ പങ്കെടുത്തു.

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 18.06.2019 | പുല്ലങ്ങടി | തിരുക്കുടുംബം | 17 |
| 18.06.2019 | പുല്ലങ്ങടി | സെന്റ് മേരീസ് | 10 |
| 18.06.2019 | പുല്ലങ്ങടി | ജ്യോതി | 11 |
| 18.06.2019 | പുല്ലങ്ങടി | അൽഫോൻസാ | 15 |
| 18.06.2019 | പുല്ലങ്ങടി | ജ്യോതിസ് | 16 |
| 18.06.2019 | പുല്ലങ്ങടി | ട്രിനിറ്റി | 13 |
| 01.07.2019 | പാണ്ടങ്കരി | ഉഷസ് | 14 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സെന്റ് മേരി | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | കൃപ | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സെന്റ് സേവ്യേഴ്സ് | 20 |
| 01.07.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | സൗഭാഗ്യ | 26 |
| 12.07.2019 | മുടിയൂർക്കര | ലെൻസ് | 13 |
| 15.07.2019 | കിടങ്ങറ | മരിയ | 12 |
| 17.07.2019 | ചേപ്പുംപാറ | ജപമാല | 14 |

### യൂണിറ്റ് ഉദ്ഘാടനം

**വെളിയനാട് സൗത്ത്** യൂണിറ്റ് ഉദ്ഘാടനം ജൂൺ 30 ഞായറാഴ്ച 3 മണിക്ക് വെളിയനാട് സെന്റ് സേവ്യേഴ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റ്റിജോ പുത്തൻ പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. യൂണിറ്റിന്റെ പ്രവർത്തനരീതികളെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീ. എൻ. ഐ. തോമസ് വിശദീകരിച്ചു. 86 അംഗങ്ങൾ പങ്കെടുത്തു.

### യൂണിറ്റുവാർഷികവും, സ്വാശ്രയസംഘ സംഗമവും

**പുറക്കാട്** യൂണിറ്റിൽ ജൂലൈ 13 ന് യൂണിറ്റുവാർഷികവും, സ്വാശ്രയസംഘ സംഗമവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു പുളിച്ചമാക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റിന്റെയും സംഘങ്ങളുടെയും റിപ്പോർട്ട് അവതരിപ്പിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

### സ്വാശ്രയസംഘസംഗമം

**ഫാത്തിമാപുരം** യൂണിറ്റിൽ ജൂലൈ 1 ന് സ്വാശ്രയസംഘങ്ങളുടെ സംഗമം സംഘടിപ്പിച്ചു. വീട്ടുമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന രീതിയെക്കുറിച്ചും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനെക്കുറിച്ചും മേഖലാ കോ-ഓർഡിനേർ വിശദീകരിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു.

**പച്ച-ചെക്കിടിക്കാട്** യൂണിറ്റിൽ ജൂലൈ 9 ന് സ്വാശ്രയസംഘങ്ങളുടെ സംഗമം സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. ജെയിംസ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫിസിയോ തെറാപ്പിസ്റ്റ് ശ്രീ. ജിമ്മി മാത്യു 'സുജോക് തെറാപ്പി'യെക്കുറിച്ച് ക്ലാസ് നയിച്ചു. 110 അംഗങ്ങൾ പങ്കെടുത്തു.

**കണ്ണാടി സെന്റ് റീത്താസ്** യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂലൈ 11 ന് സെന്റ് റീത്താസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. സിറിയക്ക് പഴേമഠം ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സജി പത്തിൽ അദ്ധ്യക്ഷതവഹിച്ചു. 110 അംഗങ്ങൾ പങ്കെടുത്തു.

**കരിമ്പനക്കുളം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂലൈ 15 ന് സംഘടിപ്പിച്ചു. സംഘത്തിന്റെ പ്രവർത്തന രീതികളെക്കുറിച്ച് ശ്രീമതി ഗ്രയ്സമ്മ ജോസഫ് വിശദീകരിച്ചു. 45 അംഗങ്ങൾ പങ്കെടുത്തു.

**വള്ളംചിറ** ചാസ് യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂലൈ 16 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം ഉദ്ഘാടനം നിർവ്വഹിച്ചു. സംഘപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി 2 സബ്കമ്മറ്റികൾ രൂപീകരിച്ചു. 47 അംഗങ്ങൾ പങ്കെടുത്തു.

**മണിമല ഓൾഡ്** യൂണിറ്റിൽ ജൂലൈ 18 ന് സ്വാശ്രയസംഘങ്ങളുടെ സംഗമം സംഘടിപ്പിച്ചു. അസിസ്റ്റന്റ് വികാരി ഫാ. അലൻ വെട്ടുകുഴി ഉദ്ഘാടനം ചെയ്തു. 42 അംഗങ്ങൾ പങ്കെടുത്തു.

**മൈലാടി** യൂണിറ്റിൽ ജൂലൈ 19 ന് സ്വാശ്രയസംഘങ്ങളുടെ സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോയി കാലായിൽ അദ്ധ്യക്ഷതവഹിച്ചു. 52 അംഗങ്ങൾ പങ്കെടുത്തു.

## EAP പരിശീലനം

**കരിമ്പനക്കുളം, വള്ളംചിറ, മണിമല ഓൾഡ്, മൈലാടി** എന്നീ യൂണിറ്റുകളിൽ SHG സംഗമത്തോടനുബന്ധിച്ച് തേനീച്ച വളർത്തൽ, തയ്യൽ, ബ്യൂട്ടീഷൻ കോഴ്സ്, പേപ്പർ ക്യാരി ബാഗ്, ബേക്കറി നിർമ്മാണത്തിന് ശ്രീമതി ജോളി ലാലൻ പരിശീലനം നൽകി.

**കുമരങ്കരി** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ജൂലൈ 18 ന് സംഘടിപ്പിച്ചു. സംഘങ്ങളുടെ പ്രവർത്തനം, കണക്ക്, റിപ്പോർട്ട് എന്നിവ എഴുതേണ്ടവിധം എന്നിവയെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് വിശദീകരിച്ചു. നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുപൊടി, ലിക്യുഡ് സോപ്പ്, ലോഷൻ എന്നിവ നിർമ്മിക്കുന്നതിനെക്കുറിച്ച് പരിശീലനം നൽകി. 26 അംഗങ്ങൾ പങ്കെടുത്തു.

## മഹിളാസമാജം വാർഷികം

**പങ്ങട** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഐശ്വര്യ' മഹിളാസമാജത്തിന്റെ 20-ാംമത് വാർഷികം ജൂലൈ 13 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ കൊച്ചുമലയിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് ശ്രീ. തോമസ് ജോസഫ് അദ്ധ്യക്ഷതവഹിച്ചു. സംഘം ഭാരവാഹികൾ നേതൃത്വം നൽകി. 80 അംഗങ്ങൾ പങ്കെടുത്തു.

## ആദരിച്ചു

**വെട്ടിമുകൾ** യൂണിറ്റിലെ ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘം അംഗങ്ങളുടെ മക്കളിൽ 10th, 12th പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 11 വിദ്യാർത്ഥികളെ ജൂൺ 25 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി സ്കോളർഷിപ്പ് നൽകി ആദരിച്ചു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

## ആശാകിരണം-കാൻസർ ബോധവത്ക്കരണം

**ചമ്പക്കുളം** യൂണിറ്റിൽ ജൂലൈ 22 ന് സ്വാശ്രയസംഘാംഗങ്ങൾക്കായി കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് സ്ത്രീകളിൽ കണ്ടുവരുന്ന കാൻസറിനെക്കുറിച്ചും രോഗ ലക്ഷണങ്ങളെക്കുറിച്ചും ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും വിശദീകരിച്ചു. 47 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റുഭാരവാഹികൾ നേതൃത്വം നൽകി.

**അതിരമ്പുഴ** യൂണിറ്റിൽ തയ്യൽ പരിശീലിച്ചുവരുന്ന 30 വനിതകൾക്കായി ജൂലൈ 25 വ്യാഴം കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു.

## കുടനിർമ്മാണ പരിശീലനം

**പെരുങ്കാവ്** യൂണിറ്റിൽ ജൂലൈ 26 ന് കുടനിർമ്മാണത്തിൽ പരിശീലനം നൽകി. കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി, ശ്രീമതി ഗ്രയ്സമ്മ ജോസഫ് എന്നിവർ നേതൃത്വം നൽകി. 25 അംഗങ്ങൾ പങ്കെടുത്തു.



## ജീവകാരുണ്യനിധി ട്രസ്റ്റ് / JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2018 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും ജൂലൈ 22 -വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 200. | കുടമാളൂർ | 327750 | 131099 |
| 201. | കൈനകരി | 28875 | 11550 |
| 202. | ഇത്തിത്താനം | 157460 | 157460 |
| 203. | കേശവദാസപുരം | 48200 | 19280 |
| 204. | പച്ചക്കാട് | 6200 | 2500 |
| 205. | ഡാൽമുഖം | 13590 | 5450 |

(തുടരും...)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

തൊഴിലിന്റെ, അദ്ധ്വാനത്തിന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞ് ഒന്നിച്ചുകൂടിയവരാണ് തൊഴിലാളി പ്രസ്ഥാനത്തിന്റെ ശക്തി. സംഘത്തിനു നേതൃത്വം കൊടുക്കുന്നവരുടെ ഫൊറോനാസംഗമം ജൂലൈമാസത്തിൽ നമ്മൾ നടത്തിവരുകയാണ്. കൂടുതൽ ശക്തിയാർജിച്ച് തൊഴിലിടങ്ങളിൽ പ്രവർത്തിക്കുവാൻ സംഘതലത്തിൽ ശക്തിപ്രാപിക്കുവാൻ ഈ സംഗമങ്ങൾ പ്രാപ്തമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ജോസ് പുത്തൻചിറ**

## ഫൊറോനാ തല സംഗമം

ജൂലൈമാസം 7-ാം തീയതി ഞായറാഴ്ച എടത്വാ, പുളിങ്കുന്ന്, ആലപ്പുഴ എന്നീ ഫൊറോനാകളിൽ സംഗമം നടത്തപ്പെട്ടു. ജൂലൈ 14-ാം തീയതി ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി എന്നീ ഫൊറോനാകളിലും ജലൈ 21-ാം തീയതി കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനാകളിലും ജൂലൈ 28-ാം തീയതി കുറുമ്പനാടം, മണിമല, നെടുങ്കുന്നം എന്നീ ഫൊറോനാകളിലും നേതൃത്വ സംഗമം നടത്തി. നടത്തപ്പെട്ട സ്ഥലങ്ങളിലെ ഭാരവാഹികളെയും വികാരിയച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

## വാർഷിക ആഘോഷങ്ങൾ

06.07.2019 - ൽ ചങ്ങനാശ്ശേരി യൂണിറ്റിൽ ചെറുപുഷ്പം സംഘത്തിലും 21.07.2019 - ൽ വെട്ടിമുകൾ യുണിറ്റിലും 27.07.2019 -ൽ കടയിനിക്കാട് യുണിറ്റിലും വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു.

## മരണാനന്തര സഹായനിധി

ചങ്ങനാശ്ശേരി യൂണിറ്റിൽ സെന്റ് ജെയിംസ് സംഘത്തിലെ പരേതനായ മറിയാമ്മ ജോസഫിന്റെ കുടുംബത്തിന് മരണാനന്തര സഹായനിധി ആയി 1,12,500 രൂപാ ബഹുമാനപ്പെട്ട വികാരി വെരി റവ. ഫാ. കുര്യൻ പുത്തൻപുരയ്ക്കലിന്റെ മഹനീയ സാന്നിധ്യത്തിൽ ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ കൈമാറി.

## ആദരാഞ്ജലികൾ

ജൂലൈ മാസത്തിൽ കേരള ലേബർ മൂവ്മെന്റ് കുടുംബത്തിൽ നിന്ന് നാലു പേർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 13.07.2019-ൽ ചാഞ്ഞോടി യൂണിറ്റിലെ സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ബെന്നി കുര്യൻ ചുണ്ടയിൽ, 14.07.2019-ൽ മാമ്മുട് ചെറുപുഷ്പം സംഘത്തിലെ പി.റ്റി. സേവ്യർ പുത്തൻപുരയ്ക്കൽ 17.07.2019-ൽ മാമ്മൂട് ഫാത്തിമ മാതാ സംഘത്തിലെ സാജൻ സി. ഫിലിപ്പ് ചേന്നമറ്റം, 19.07.2019-ൽ പുളിങ്കുന്ന് കൃപാ സംഘത്തിലെ ലീലാമ്മ ജോസഫ് എന്നിവർ നമ്മിൽ നിന്നു വേർപിരിഞ്ഞു. ഇവരെ പ്രാർത്ഥനയിൽ ഓർക്കാം; അവരുടെ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും അനുശോചനവും പ്രാർത്ഥനയും നേരുന്നു.

ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നാലാമത് വാർഷികവും പ്രവാസി കുടുംബസംഗമവും 2019 ജൂലൈമാസം 27-ാം തീയതി സമുചിതമായി കൊണ്ടാടി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അദ്ധ്യക്ഷനായിരുന്ന ഈ സമ്മേളനം സീറോ മലബാർ സഭ മൈഗ്രന്റ് കമ്മീഷൻ ചെയർമാനായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണവും ചങ്ങനാശേരി എം. എൽ. എ. ബഹു. സി. എഫ്. തോമസ് സാർ ആശംസാ പ്രസംഗവും നടത്തുകയുണ്ടായി. സമ്മേളനത്തിന്റെ മുഖ്യ അതിഥിയായിരുന്ന നോർക്കാ വെൽഫെയർ ബോർഡ് ചെയർമാനും Ex. എം. എൽ. എ. യുമായ ശ്രീ. പി. റ്റി. കുഞ്ഞിമുഹമ്മദ് നോർക്കാ റൂട്ട്സ് പ്രവാസികൾക്കും തിരിച്ചെത്തിയവർക്കും വേണ്ടി ചെയ്യുന്ന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കി. തദവസരത്തിൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചവരെ (പ്രവാസി കീർത്തി പുരസ്ക്കാരം - ശ്രീ. പ്രിൻസ് സി. ചെറിയവാടയിൽ, പ്രവാസി കാരുണ്യ പുരസ്ക്കാരം - ശ്രീ. അലക്സ് ജോസഫ് പുതുവേലിൽ, പ്രവാസി സംരംഭക പുരസ്ക്കാരം ശ്രീ. ജോസ് ചെറിയാൻ കൂടലിൽ, പ്രവാസി വിദ്യാഭ്യാസ പുരസ്ക്കാരം - പ്രൊഫ. സി. എഫ്. ജോസഫ് സാർ, പ്രവാസി കർഷക പുരസ്ക്കാരം - ശ്രീ. എൻ. എ. മാത്യു നാരകത്തറ, പ്രവാസി മാധ്യമ പുരസ്ക്കാരം ശ്രീ. രമേഷ് മാത്യു കരിങ്ങട, പ്രവാസി സേവന പുരസ്ക്കാരം - ശ്രീ. എ. ജെ. ജോൺ ഇലഞ്ഞിപ്പുറം, പ്രവാസി പ്രേഷിത പുരസ്ക്കാരം - ശ്രീമതി എൽസി ജോർജ്ജ് വേലാശ്ശേരി) ആദരിക്കുകയുണ്ടായി.

വിവാഹത്തിന്റെ 25, 50 ജൂബിലി ഈ വർഷം ആഘോഷിക്കുന്ന 6 പ്രവാസി മാതാപിതാക്കളെയും പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 15 കുട്ടികളേയും 4 മക്കളിൽ കൂടുതലുള്ള 6 മാതാപിതാക്കളെയും ആദരിക്കുകയുണ്ടായി. ഈ സമ്മേളനം വൻ വിജയമാക്കാൻ സഹകരിച്ച എല്ലാവരോടും കൃതജ്ഞത അറിയിക്കുന്നു.

പ്രവാസി അപ്പോസ്തലേറ്റിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ച ബഹു. സണ്ണി പുത്തൻപുരയ്ക്കലച്ചന് മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ യാത്രയയപ്പ് നടത്തുകയുണ്ടായി. പുതിയ ഡയറക്ടർ ആയി നിയമിതനായ ബഹു. റ്റെജി പുതുവീട്ടിൽക്കളം അച്ചന് സ്വാഗതം ആശംസിക്കുകയും ചെയ്തു.

ആവേ മരിയ ഹോളി ഡെയ്സിൽ നിന്നും സെപ്റ്റംബറിൽ പുറപ്പെടുന്ന വിശുദ്ധനാട് തീർത്ഥാടനത്തിന്റെ ഏതാനും സീറ്റുകൾ കൂടെ ഒഴിവുണ്ട്. ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലും വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിട്ടുണ്ട്.

## കെയർ ഹോം ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ്, ഫാമിലി ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത - അൽമായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല സംരംഭമായ കെയർ ഹോം ഫെല്ലോഷിപ്പിന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായ മാർ കാവുകാട്ട് പാലിയേറ്റീവ് ഹെൽത്ത് കെയറിന്റെയും 2019 ജൂലൈമാസത്തെ പ്രവർത്തനങ്ങളുടെ സംയുക്ത റിപ്പോർട്ടും വരുംമാസത്തിലെ പ്രധാന പരിപാടികളും.

### 1. കരുതൽ-2019

അതിരൂപത ഡയറക്ടറുടെ നേതൃത്വത്തിൽ കെയർഹോമുകളിൽ സംഘടിപ്പിക്കുന്ന സന്ദർശനമാണ് കരുതൽ-2019. കെയർഹോം സേവന മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെടുന്ന അതിരൂപതാ ടീം, കെയർ ഹോം മാനേജ്മെന്റ്, അന്തേവാസികൾ തുടങ്ങിയവരുമായി സംവദിക്കുകയും അതിരൂപതയിൽ കെയർഹോം കൂട്ടായ്മയുടെ രൂപീകരണങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുക എന്നതും കരുതൽ-2019-ന്റെ പ്രധാന ലക്ഷ്യമാണ്. ഇതിന്റെ ഭാഗമായ സന്ദർശനം ഇരവുചിറ സ്നേഹാലയം ശുശ്രൂഷ ചാരിറ്റബിൾ ട്രസ്റ്റ്, രാജമറ്റം ഇൻഫന്റ് ജീസസ് ശിശുഭവൻ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. ഫാ. സെബാസ്റ്റ്യൻ പുന്നശേരി, പ്രൊഫ. രാജൻ കെ. അമ്പൂരി, ശ്രീ. ജോബി കിളിരൂർ തുടങ്ങിയവർ സന്ദർശനത്തിന് നേതൃത്വം നല്കി. സി. ഷിജി, ശ്രീമതി റോസമ്മ തുടങ്ങിയവർ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിശദീകരിച്ചു.

### 2. സമരിറ്റൻ പ്രെയർ - രക്ഷാഭവൻ, ചെത്തിപ്പുഴ

കെയർ ഹോമുകളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥനയും ചർച്ചയും ഉൾപ്പെടുന്ന സമരിറ്റൻ പ്രയർ ചെത്തിപ്പുഴ രക്ഷാഭവനിൽ ജൂലൈ 18 വ്യാഴാഴ്ച സംഘടിപ്പിച്ചു. രക്ഷാഭവൻ മാനേജ്മെന്റ് അംഗങ്ങളും ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയം വികാരി ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറയും പങ്കെടുത്ത സമരിറ്റൻ പ്രയർ ഏറെ ഹൃദ്യമായിരുന്നു. അൽമായ നേതൃത്വത്തിൽ ഏറ്റം സജീവമായി പ്രവർത്തിക്കുന്ന ചെത്തിപ്പുഴ രക്ഷാഭവന്റെ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണ്.

### 3. കെയർ ഹോം ഡയറക്ടറി-2019

അതിരൂപതയുടെ കീഴിൽ നേരിട്ടും സന്ന്യാസ സമൂഹങ്ങളുടെയും അൽമായരുടെയും നേതൃത്തിൽ അതിരൂപതാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന കെയർഹോമുകളുടെ സമഗ്രവിവരങ്ങൾ ഉൾപ്പെടുന്ന ഡയറക്ടറിയുടെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖല, മേൽവിലാസം, ഫോൺനമ്പർ തുടങ്ങി വിവിധ വിശദാംശങ്ങൾ ഉൾപ്പെടുത്തി

*ശേഷം 65-ാം പേജിൽ*

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

''എല്ലാം എനിക്ക് നിയമാനുസൃതമാണ് എന്നാൽ ഒന്നും എന്നെ അടിമപ്പെടുത്താൻ ഞാൻ സമ്മതിക്കുകയില്ല'' (1 കൊറി. 6:12) ലഹരി വസ്തുക്കളുടെ ഉപയോഗം ഇന്നിന്റെ ഏറ്റവും വലിയ ശാപമായി മാറിയിരിക്കുന്നു. മയക്കുമരുന്നിന്റെ പിടി അടിക്കടി മുറുകുന്നു. വ്യക്തിയെ നശിപ്പിക്കുന്ന, കുടുംബത്തെ തകർക്കുന്ന ലഹരിയുടെ കരാളഹസ്തത്തിൽ നിന്നു നമ്മുടെ നാടിനെയും കുടുംബത്തെയും രക്ഷിക്കാൻ ഒന്നിച്ചു കൈകോർക്കാം.

**ഫാ. ജോസ് പുത്തൻചിറ**
ഡയറക്ടർ

## സന്നദ്ധസംഘടനകൾക്കും ഗവൺമെന്റ് ജീവനക്കാർക്കും പരിശീലനം

കേരള സംസ്ഥാന സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ ജില്ലാ സാമൂഹിക നീതി വിഭാഗത്തിലെ ജോലിക്കാർ, വിവിധ സന്നദ്ധസംഘടനാ പ്രവർത്തകർ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നവർ എന്നിവർക്കായി കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ കേന്ദ്ര ഗവൺമെന്റ് സാമൂഹിക നിതി വകുപ്പ് സാമ്പത്തിക സഹായം നല്കുന്ന വിവിധ പദ്ധതികൾ, പ്രത്യേകിച്ച് IRCA, DDRS, IPSRC എന്നിവയെക്കുറിച്ച് സംഘടനകൾ എങ്ങനെ നിയമപരമായി അപേക്ഷകൾ സമർപ്പിക്കാം എന്നതിനെ സംബന്ധിച്ച് ശ്രീ. സണ്ണി തച്ചിലേട്ട് ക്ലാസ്സ് നയിച്ചു.

## കെ.സി.ബി.സി. മദ്യവിരുദ്ധ റീജിണൽ സംഗമം.

ജൂലൈ മാസം 11-ാം തിയതി ഉച്ചകഴിഞ്ഞ് 2:30ന് കോട്ടയം ലൂർദ്ദിൽ വച്ച് റീജീയണൽ സംഗമം നടത്തപ്പെട്ടു. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ച് ചർച്ച ചെയ്യുകയും കുട്ടികളുടെ ഇടയിൽ ബോധവത്ക്കരണങ്ങൾ നടത്തുന്നതിനായി ആലോചിക്കുകയും ചെയ്തു. സംഗമത്തിൽ ചങ്ങനാശേരി, കോട്ടയം, വിജയപുരം, പാലാ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു.

## അന്താരാഷ്ട ലഹരി വിരുദ്ധ ദിനാചരണം.

അന്താരാഷ്ട ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 26-ന് രാവിലെ 10:30 ന് പായിപ്പാട് സെന്റ് മേരീസ് സ്കൂളിനും ഉച്ചകഴിഞ്ഞ് വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർസെക്കന്ററി സ്കൂളിലും ബോധവത്ക്കരണ പരിപാടികൾ നടത്തി ഫ്ളാഷ് മോബിലൂടെയും കഥാപ്രസംഗത്തിലൂടെയും കുട്ടികൾ അന്നേ ദിവസത്തിന്റെ സന്ദേശങ്ങൾ കൈമാറി.

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച

ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ നല്കുന്നത്.

## സപ്പോർട്ട് എ ചൈൽഡ്

നിത്യ രോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനു സാമ്പത്തിക സഹായം നല്കി ഈ പദ്ധതി മുന്നോട്ടു പോകുന്നു. മാസത്തിലെ മൂന്നാം ശനിയാഴ്ച പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിലും, നാലാം ശനിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ഇവർ ഒന്നിച്ചുകൂടുകയും ബോധവത്ക്കരണ ക്ലാസ്സുകളും കലാപരിപാടികളും നടത്തുകയും, ഉച്ചഭക്ഷണത്തോടെ സമാപിപ്പിക്കുകയും ചെയ്യുന്നു. സാമ്പത്തിക സഹായം നല്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ എല്ലാ മാസത്തിലും കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ധ്യാനം നടത്തുന്നു. ജൂലൈ മാസത്തിൽ 25 മുതൽ 28 വരെ ദിവസങ്ങളിൽ ധ്യാനം നടത്തി. ആഗസ്റ്റ് മാസത്തിലെ ധ്യാനം 15 മുതൽ 18 വരെ നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

### പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

### സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

| ആഗസ്റ്റ് | | | | സെപ്തംബർ | | | |
|---|---|---|---|---|---|---|---|
| 1. | ജറെ 34-37 | 16. | എസെ 25-27 | 1. | യോനാ 1-4 | 16. | മത്താ 18-20 |
| 2. | ജറെ 38-41 | 17. | എസെ 28-30 | 2. | മിഖാ. 1-7 | 17. | മത്താ 21-25 |
| 3. | ജറെ 42-45 | 18. | എസെ 31-33 | 3. | നാഹും 1-3 | 18. | മത്താ 26-28 |
| 4. | ജറെ 46-49 | 19. | എസെ 34-36 | 4. | ഹബക്കു. 1-3 | 19. | മർക്കോ 1-3 |
| 5. | ജറെ 50-52 | 20. | എസെ 37-39 | 5. | സെഫാനി 1-3 | 20. | മർക്കോ 4-6 |
| 6. | വിലാപം 1-5 | 21. | എസെ 40-43 | 6. | ഹഗ്ഗാ 1-2 | 21. | മർക്കോ 7-9 |
| 7. | ബാറൂക്ക് 1-3 | 22. | എസെ 44-48 | 7. | സക്ക 1-7 | 22. | മർക്കോ 10-12 |
| 8. | ബാറൂക്ക് 4-6 | 23. | ദാനി 1-4 | 8. | സക്ക 8-14 | 23. | മർക്കോ 13-16 |
| 9. | എസെ 1-4 | 24. | ദാനി 5-8 | 9. | മലാഖി 1-4 | 24. | ലൂക്കാ 1-2 |
| 10. | എസെ 5-8 | 25. | ദാനി 9-14 | 10. | മത്താ 1-4 | 25. | ലൂക്കാ 3-5 |
| 11. | എസെ 9-12 | 26. | ഹോസിയ 1-7 | 11. | മത്താ 5-7 | 26. | ലൂക്കാ 6-8 |
| 12. | എസെ 13-15 | 27. | ഹോസി 8-14 | 12. | മത്താ 8-9 | 27. | ലൂക്കാ 9-11 |
| 13. | എസെ 16-18 | 28. | ജോയേൽ 1-3 | 13. | മത്താ 10-11 | 28. | ലൂക്കാ 12-14 |
| 14. | എസെ 19-21 | 29. | ആമോസ് 1-5 | 14. | മത്താ 12-14 | 29. | ലൂക്കാ 15-17 |
| 15. | എസെ 22-24 | 30. | ആമോസ് 6-9 | 15. | മത്താ 15-17 | 30. | ലൂക്കാ 18-20 |
| | | 31. | ഒബാദിയാ 1 | | | | |

ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത

# DCMS പ്രവർത്തകസമിതിയോഗങ്ങൾ

## 1. കോട്ടയം ഫൊറോനാ

30-06-2019-ൽ കോട്ടയം ഫൊറോനാ പ്രവർത്തകസമിതിയോഗം രാവിലെ 11 മണിക്ക് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിഹാളിൽ നടന്നു.

## 2. കുറുമ്പനാടം ഫൊറോനാ

07-07-2019 ഞായറാഴ്ച 10 മണിക്ക് കുറുമ്പനാടം ഫൊറോനാ പ്രവർത്തകസമിതിയോഗം സെന്റ് ആന്റണീസ് പള്ളി DCMS ഓഫീസിൽ നടന്നു.

## 3. നെടുങ്കുന്നം ഫൊറോനാ

07-07-2019 രാവിലെ 10 മണിക്ക് നെടുങ്കുന്നം ഫൊറോനാ പ്രവർത്തകസമിതിയോഗം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച് DCMS ഓഫീസിൽ നടന്നു.

## 4. Infocus Training Camp

2019 ജൂലൈ 12, 13 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ നടന്നു. 12-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ആരംഭിച്ച ക്യാമ്പ് 13-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിച്ചു.

## 5. യൂണിറ്റ് രൂപീകരണം

ചമ്പക്കുളം സെന്റ് മേരീസ് ബസലിക്കാ ഇടവകയിൽ DCMS ന്റെ യൂണിറ്റ് രൂപീകരണത്തിനായി 2019 ജൂലൈ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അതിരൂപതാ പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ മീറ്റിംഗ് നടന്നു. ഫൊറോനാ വികാരി വെരി റവ. ഫാ. എബ്രഹാം കാടാത്തുകളം യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. താഴെചേർക്കുന്നവരാണ് തിരഞ്ഞെടുക്കപ്പെട്ടവർ

| | |
|---|---|
| ഫിലിപ്പ് സി.ജെ., ചില്ലക്കളം | പ്രസിഡന്റ് |
| തോമസ് വി.ഡി., ജയേഷ് ഭവനം | വൈ. പ്രസിഡന്റ് |
| വി.എൽ. സേവ്യർ, വളയത്തിൽച്ചിറ | സെക്രട്ടറി |
| അനിതാ ബിജു, ചീരന്തറ | ജോ. സെക്രട്ടറി |
| ബാബു തോമസ്, പത്തിൽച്ചിറ | ട്രഷറർ |

**കമ്മറ്റിയംഗങ്ങൾ**

തോമസ് ചില്ലക്കളം
റെജി ജോർജ് കൊച്ചുപേരയിൽ
ജോസി തോമസ് നിരുനിലം
മേഴ്സി ആന്റണി കൊച്ചുപേരയിൽ
ദിലീപ് ആന്റണി പുത്തൻതറ
ശാന്തമ്മ ജോസഫ് ചീരംന്തറ

## 6. നിവേദനം സമർപ്പിച്ചു

20-07-2019 ശനിയാഴ്ച 10 മണിക്ക് ആലപ്പുഴ കളക്ട്രേറ്റിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സിറ്റിംഗിൽ നിർദ്ദേശങ്ങളും പരാതികളും സമർപ്പിക്കുന്നതിനായി ചങ്ങനാശേരി അതിരൂപതാ കമ്മറ്റിയിൽ നിന്ന് വൈസ് പ്രസിഡന്റ് സിജോ ജേക്കബ്, സെക്രട്ടറി മാത്യു ജോസഫ് കമ്മറ്റിയംഗം സി.സി. കുഞ്ഞുകൊച്ച് എന്നിവർ പങ്കെടുത്തു. സി.സി. കുഞ്ഞുകൊച്ച് നിർദ്ദേശങ്ങളവതരിപ്പിക്കുകയും തുടർന്ന് നിവേദനം സമർപ്പിക്കുകയും ചെയ്തു.

## 7. ദ്വിദിന നേതൃത്വപഠന ക്യാമ്പ്

DCMS സംസ്ഥാനകമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതാകൗൺസിൽ അംഗങ്ങൾ, സജീവപ്രവർത്തകർ എന്നിവർക്കായി 2019 ജൂലൈ 27, 28 തീയതികളിലായി ദ്വിദിനനേതൃത്വക്യാമ്പ് പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. 27-ാം തീയതി വൈകിട്ട് ആരംഭിക്കുന്ന ക്യാമ്പ് 28-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിക്കും.

## കരിദിനാചരണം

DCMS ന്റെയും CDC ടെയും സംയുക്താഭിമുഖ്യത്തിൽ 2019 ആഗസ്റ്റ് 10 ശനി കരിദിനമായി ആചരിക്കുന്നു. കോട്ടയം ഹെഡ് പോസ്റ്റോഫീസ് ജംഗ്ഷനിൽ രാവിലെ 10:30ന് ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. എല്ലാ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

## ജസ്റ്റിസ് സൺഡേ ആചരണം

ജസ്റ്റിസ് സൺഡേ ആചരണം സംസ്ഥാനതല സമാപനം 2019 ആഗസ്റ്റ് 28-ന് രാവിലെ 10 മണി മുതൽ നെയ്യാറ്റിൻകരയിൽ വച്ച് നടക്കും. അഭിവന്ദ്യ പിതാക്കന്മാർ, രാഷ്ട്രീയ-സമുദായ-സംഘടന നേതാക്കന്മാർ പങ്കെടുക്കും.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ)

---

***കെയർ ഹോംസ് ഫെല്ലോഷിപ്പ് 61-ാം പേജ് തുടർച്ച....***

യിട്ടുള്ള ഡയറക്ടറിയിലേയ്ക്ക് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നല്കാത്തവർ ഉടൻ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദ വിവരങ്ങൾക്ക് സി. ലിറ്റിൽ തെരേസ് - 8281238083.

## 4. പാലിയേറ്റിവ് കെയർ

മാർ കാവുകാട്ട് പാലിയേറ്റീവ് ഹെൽത്ത് കെയറിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോർജ്ജ് ചർച്ച് തോട്ടയ്ക്കാട് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. മണിമല ഹോളിമാഗി ഫൊറോന പള്ളിയിൽ ഒരാഴ്ചത്തെ സന്നദ്ധപ്രവർത്തക തുടർപരിശീലന പരിപാടി 2019 ആഗസ്റ്റ് 12 മുതൽ സംഘടിപ്പിക്കും. ഇടവകതല ഓറിയന്റേഷൻ, തുടർപരിശീലനം, സംഘടനാതല ബോധവത്ക്കരണം തുടങ്ങിയവ ആവശ്യമുള്ള ഇടവകകൾ അതിരൂപതാതലത്തിൽ ബന്ധപ്പെടണം.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
കെയർഹോംസ് ഡയറക്ടർ
9447564836

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 794മതു കൂരിയായുടെ 1034 മതു സമ്മേളനം 14-07-2019 ഉച്ചകഴിഞ്ഞ് 2:30 ന് പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. 34 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമഗ്രന്ഥം Chapter 19 ന്റെ അംഗത്വത്തിന്റെ മുഖ്യാവലംബം സമ്മേളനമാണ് എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. വൈസ്പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമ്മേൽ, പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ജൂലൈമാസത്തെ പ്രവർത്തനറിപ്പോർട്ടും ബ്രദർ ജോസുകുട്ടി കരിങ്കണാമറ്റം വരവുചിലവു കണക്കുകളും അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. ജോജോ പുതുവേലിലും പ്രസിഡന്റും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

പിന്നീട് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം ബഹുമാനപ്പെട്ട ജോജോ അച്ചൻ വരുംമാസങ്ങളിൽ നടക്കുവാനിരിക്കുന്ന സെപ്റ്റംബർ സമ്മേളനങ്ങൾ, ജപമാലറാലി എന്നിവയെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 2019 ജൂൺ 6-ന് ബഹു. ജോജോ അച്ചൻ സമാധാനത്തിന്റെ രാജ്ഞി - വാഴപ്പള്ളി ഗദ്സമനി, ജൂലൈ 13-ന് സകലവിശുദ്ധർ - തുരുത്തി, എന്നീ പ്രസിദീയങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഡയറക്ടർ എന്ന നിലയിൽ സുഗമമായ പ്രസിദീയം വളർച്ചയ്ക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പാലാ സെനാത്തൂസിൽ നിന്നും വന്നിരുന്ന 2019 മെയ്മാസ മിനിറ്റ്സും മദ്ധ്യസ്ഥൻ മാസികയും യോഗത്തിൽ present ചെയ്യുകയും പ്രധാനഭാഗങ്ങൾ വായിക്കുകയും ചെയ്തു. പിന്നീട് ജൂൺ, ജൂലൈ മാസങ്ങളിൽ മരിച്ചുപോയ സൈനികരുടെ ആത്മശാന്തിക്കായി പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേകം പ്രാർത്ഥനകൾ നടത്തി.

23-06-19-ൽ എം.ജെ. ജോസഫ് മാമ്മൂട്ടിൽ (വരപ്രസാദരാജ്ഞി, പാറേൽ പ്രസിദീയം), 04-07-19-ൽ ജെയിംസ് തോമസ് കരിക്കംപള്ളിയിൽ (അമലോത്ഭവ രാജ്ഞി, പാറേൽ പ്രസിദീയം) എന്നിവർ നിര്യാതരായി. പരേതരുടെ ഭവനത്തിൽ ബഹു. ജോജോ അച്ചൻ, പ്രസിദീയം സൈനികർ, കമ്മീസിയം ഭാരവാഹികൾ എന്നിവർ പോകുകയും പ്രാർത്ഥനകൾക്കുശേഷം തെസ്സേരപുസ്തകം മൃതശരീരത്തിൽ സമർപ്പിക്കുകയും മൃതസംസ്ക്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു.

ചെറിയൊരു ചായസൽക്കാരത്തിനുശേഷം സമാപനപ്രാർത്ഥനയും ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള ജപവും ചൊല്ലി ബഹുമാനപ്പെട്ട ആദ്ധ്യാത്മിക നിയന്താവ് ജോജോ അച്ചന്റെ അനുഗ്രഹാശീർവാദവും സ്വീകരിച്ച് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കു പോയി.

കമ്മീസിയത്തിനുവേണ്ടി

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*
**"സമാധാനം - സൗഭാഗ്യം"**

പ്രിയ സഹോദരരേ,

നമ്മുടെ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും നമ്മുടെ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും, വി. ക്ലാരയുടെ തിരുനാളും ആഘോഷിക്കുന്ന ദിനങ്ങളാണല്ലോ ആഗസ്റ്റ് മാസം - രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ ആഹ്വാനമനുസരിച്ച് അഹിംസയുടെ പടവാളുമായി ഇന്ത്യൻ ജനത നേടിയ ഐതിഹാസിക വിജയമായിരുന്നു നമ്മുടെ സ്വാതന്ത്ര്യദിനം. ദൈവഹിതമനുസരിച്ച് പ്രവർത്തിച്ച സഹരക്ഷകയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ മറിയത്തോടുള്ള തീക്ഷ്ണമായ ഭക്തിയുടെയും, സ്നേഹത്തിന്റെയും പ്രതിഫലനമായി നമുക്കു മാറ്റാം. ഒപ്പം ഫ്രാൻസിസ്ക്കൻ ജീവിതശൈലിയുടെ സഹസാക്ഷ്യമായ വി. ക്ലാരയുടെ തിരുനാൾ (ആഗസ്റ്റ് 11) ഫ്രാൻസിസ്ക്കൻ ആദ്ധ്യാത്മിക ജീവിതത്തിന്റെ സ്മാരകമായി മാറ്റുകയും ചെയ്യാം. ഭക്തിനിർഭരമായ ഈ സുദിനങ്ങൾ ആഘോഷിക്കുകയും, അതിന്റെ നന്മയും വിശുദ്ധിയും ജീവിതത്തിൽ സൂക്ഷിക്കുകയും ചെയ്യാം.

## SFO റീജണൽ തെരഞ്ഞെടുപ്പുകളും, പുതിയ ഭാരവാഹികളും

SFO ചങ്ങനാശേരി അതിരൂപതയിലെ 4 റീജണുകളായ വാഴപ്പള്ളി, കുറുമ്പനാടം, എടത്വാ, കുട്ടനാട് എന്നീ റിജണൽ സമിതിയുടെ തെരഞ്ഞെടുപ്പുകൾ നടത്തി. SFO നാഷണൽ മിനിസ്റ്റർ ബ്രദർ ഒലിവർ ഫെർണാണ്ടോ തൂത്തുക്കുടി, SFO സീറോ മലബാർ സഭ ഏരിയാ നാഷണൽ കൗൺസിലർ ബ്രദർ ഫ്രാങ്കോ ജോൺ മൂവാറ്റുപുഴ, SFO ചങ്ങനാശേരി അതിരൂപതാ സ്പിരിച്വൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. അതിരൂപതാ പ്രസിഡന്റ് ബ്രദർ സിബിച്ചൻ സ്രാങ്കൻ എന്നിവരുടെ നേതൃത്വത്തിൽ 22-7-2019 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ SFO വാഴപ്പള്ളി റീജൺന്റെയും ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 മണി വരെ SFO കുറുമ്പനാടം റീജൺന്റെയും തെരഞ്ഞെടുപ്പ് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ വച്ചും 23-7-2019 ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ SFO എടത്വാ റീജൺന്റെയും 11.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ SFO കുട്ടനാട് റീജൺന്റെയും തെരഞ്ഞെടുപ്പ് എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിൽ വെച്ചും നടത്തി. റീജണൽ തെരഞ്ഞെടുപ്പുകൾ വൻ വിജയകരമായി നടത്തുവാൻ പരിശ്രമിച്ച റീജണൽ മുൻ ഭാരവാഹികൾക്കും വാഴപ്പള്ളി ഗെത്സെമനി ആശ്രമ സുപ്പീരിയർ റവ. ഫാ. ചെറിയാൻ സ്കറിയാ OFM Cap നും എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ വികാരി വെരി. റവ. ഫാ. മാത്യു ചൂരവടിക്കും SFO നാഷണൽ ഭാരവാഹികൾക്കും SFO റീജണൽ തലത്തിൽ 3 വർഷക്കാലം നയിച്ച റീജണൽ ഭാരവാഹികൾക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

## പുതിയ റീജണൽ ഭാരവാഹികൾ

**SFO വാഴപ്പള്ളി റീജൺ –** പ്രസിഡന്റ് – സിബിച്ചൻ സ്രാങ്കൻ, നാലുകോടി, വൈസ് പ്രസിഡന്റ് – പ്രമോദ് പി. ജോസഫ് പുതുപ്പറമ്പിൽ കുറിച്ചി, ഫോർ മേറ്റർ – ഡോ. ജോ. മാത്യു ആലഞ്ചേരി ഫാത്തിമാപുരം, സെക്രട്ടറി – ഷേർലി ബോബൻ മുറിയായ്ക്കൽ കുറിച്ചി, ട്രഷറർ – ടോമി നരിക്കുഴി വെട്ടിമുകൾ, കൗൺസിലർ (1) – ലിസ്സി ജോയി താഞ്ചത്ത് പാറേൽ, കൗൺസിലർ (2) – റോസമ്മ വർഗ്ഗീസ് കൊച്ചുപറമ്പിൽ, വടക്കേക്കര

**SFO കുറുമ്പനാടം റീജൺ –** പ്രസിഡന്റ് – വി. സി. അലക്സ് വലിയപറമ്പിൽ മാടപ്പള്ളി, വൈസ് പ്രസിഡന്റ് – ഗ്രേയ്സ് വർഗ്ഗീസ് പുതുപ്പറമ്പിൽ തൃക്കൊടിത്താനം, ഫോർമേറ്റർ – ജോർജ്ജ് കെ. എ. കിഴക്കേക്കര ചാഞ്ഞോടി, സെക്രട്ടറി – ജോർജ്ജുകുട്ടി ചെറിയാൻ കളത്തിൽ ചാഞ്ഞോടി, ട്രഷറർ – സിസിലി ജോസ് സ്രാമ്പിക്കൽ മാടപ്പള്ളി, കൗൺസിലർ (1) – മേഴ്സി മാത്യു കളരിക്കൽ ഇരവുചിറ, കൗൺസിലർ (2) ബെറ്റി തോമസ് നെല്ലിത്താനത്ത് തൃക്കൊടിത്താനം.

**SFO എടത്വാ റീജൺ –** പ്രസിഡന്റ് – ജോർജ്ജ് ജോസഫ് കരിക്കംപള്ളിൽ എടത്വാ, വൈസ് പ്രസിഡന്റ് – തോമസ് ഫ്രാൻസിസ് കാട്ടുങ്കൽ പച്ച–ചെക്കിടിക്കാട്, ഫോർമേറ്റർ – പ്രൊഫ. മാത്യു ജോർജ്ജ് വെള്ളാപ്പള്ളിപ്പുരയ്ക്കൽ ചങ്ങംങ്കരി, സെക്രട്ടറി – കുഞ്ഞുമോൾ ലാലി കണിച്ചേരിൽ മുട്ടാർ, ട്രഷറർ – കെ.എം. ചാക്കോ കന്നയിൽ കൊച്ചുപറമ്പിൽ പാണ്ടങ്കരി എടത്വാ, കൗൺസിലർ (1) – റോസമ്മ ജോർജ്ജ് വരമ്പത്ത് പച്ച – ചെക്കിടിക്കാട്, കൗൺസിലർ (2) – ലാലപ്പൻ കെ. ജോസഫ് കണിച്ചേരിൽ മുട്ടാർ.

**SFO കുട്ടനാട് റീജൺ –** പ്രസിഡന്റ് – ഏ. ജെ. ആന്റപ്പൻ ആട്ടോക്കാരൻ തായങ്കരി, വൈസ് പ്രസിഡന്റ് – ഓമന ആന്റണി മുല്ലശ്ശേരി കൊണ്ടാക്കൽ, ഫോർമേറ്റർ – മാത്യു ആന്റണി കളരിത്തറ തെക്കേക്കര മങ്കൊമ്പ്, സെക്രട്ടറി – ത്രേസ്യാമ്മ തോമസ് പാത്തുപറമ്പ് പൂന്തോപ്പ്, ട്രഷറർ – ആന്റണി ചാക്കോ കൊങ്ങംപള്ളിൽ പൂന്തോപ്പ്, കൗൺസിലർ (1) – ചാക്കോ കുര്യൻ കൊല്ലാപ്പറമ്പിൽ പൂന്തോപ്പ്, കൗൺസിലർ (2) ജി. കുര്യൻ ചൂളയിൽ പുന്നമട പുതിയ റീജിയണൽ ഭാരവാഹികൾ SFO ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. SFO അതിരൂപതാ തെരഞ്ഞെടുപ്പ് തീയതി പിന്നാലെ അറിയിക്കുന്നതായിരിക്കും.

## വി. ക്ലാരയുടെ തിരുനാൾ

ഫ്രാൻസിസ്ക്കൻ ജീവിതശൈലിയുടെ സഹസാക്ഷ്യമായ ക്ലാര പുണ്യവതിയുടെ തിരുനാൾ ആഗസ്റ്റ് 11 ആണ്. ആഗസ്റ്റ് 11 ഞായർ ആയതിനാൽ 10–ാം തീയതി തന്നെ ഭ്രാതൃത്വതലത്തിൽ ബഹു. വികാരിയച്ചന്മാരെ കണ്ട് വി. കുർബാന അർപ്പിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുകയും തിരുനാൾ ആഘോഷിക്കുകയും ഈ സുദിനം ഫ്രാൻസിസ്ക്കൻ ആദ്ധ്യാത്മിക ജീവിതത്തിന്റെ സാക്ഷ്യമായി മാറ്റുകയും ചെയ്യാം.

## നിര്യാതയായി

എടത്വാ സെന്റ് ജോർജ്ജ് ഭ്രാതൃത്വത്തിലെ സീനിയർ അംഗമായ വാഴപ്പറമ്പിൽ അന്നമ്മ വർഗ്ഗീസ് (83), നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേത

*ശേഷം 73–ാം പേജിൽ*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

മെയ്മാസം 26നു നടന്ന വാർഷിക സമ്മേളനത്തെപ്പറ്റിയും അതിലൂടെ ഉരിത്തിരിഞ്ഞ അഭിപ്രായ പ്രകടനങ്ങളെപ്പറ്റിയും സംഘടനാപ്രവർത്തനത്തിലൂടെ നമ്മെപ്പറ്റിയും നമ്മുടെ കോൺഫ്രൻസുകളെപ്പറ്റിയും എത്തിനോക്കുന്നതിനു സാധിക്കുന്ന തരത്തിലായിരുന്നുവല്ലോ. ജൂലൈമാസം നടന്ന സി.സി. ഭാരവാഹികളുടെ സമ്മേളനം; ക്രൈസ്തവ ഉപവിയുടെ അടിസ്ഥാനം ഉൾക്കൊള്ളുന്ന 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റം എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തതെന്നു'' (മത്തായി 25:40) തിരുവചനം ഉൾക്കൊള്ളുന്നതുമായിരുന്നുവല്ലോ. അശരണർക്കും ആലംബഹീനർക്കും നിസ്വാർത്ഥമായ സേവനം ചെയ്യുന്ന നമ്മുടെ സഹോദരങ്ങൾ ഇതുപോലെയുള്ള മീറ്റിംഗുകളിൽ പങ്കെടുത്തു അവരുടെ ആശയങ്ങൾ അവശ്യം പങ്കുവയ്ക്കേണ്ടതാണ്. ഭാരവാഹികളുടെ കൂടെക്കൂടെയുള്ള സമ്മേളനങ്ങളുടെ പൊരുൾ അതുതന്നെയാണല്ലോ. അതിന്റെ അർത്ഥം മനസിലാക്കാതെ പ്രവർത്തിക്കുന്നവർ തീർച്ചയായും വിൻസെൻഷ്യൻ ചൈതന്യം ഉൾക്കൊണ്ടിട്ടില്ലയെന്നു നിസംശയം പറയുവാൻ സാധിക്കും.

ഇവിടെ ഒരു കാര്യം അടിവരയിട്ടു പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ആഴ്ചയിൽ ഒരുദിവസം നടത്തുന്ന കോൺഫ്രൻസ് യോഗങ്ങളിൽ എല്ലാ അംഗങ്ങളുടെയും സാന്നിധ്യം ഉറപ്പാക്കണം. സമയക്രമീകരണത്തിൽ ഇടവകയ്ക്കോ, ഇടവകാംഗങ്ങൾക്കോ ഇടർച്ച വരുത്തുന്നതരത്തിലാകരുത്. നമ്മുടെ പ്രവർത്തനം ഇടവകാംഗങ്ങൾക്കുതന്നെ ഒരു മാതൃകയായിത്തീരണം. ഒറ്റപ്പെട്ട സംഭവമാണെങ്കിലും ചിലയിടങ്ങളിൽ ഇടവകസമൂഹത്തിന് അരോചകം ഉടലെടുക്കുന്ന സമയക്രമങ്ങൾ കോൺഫ്രൻസ് യോഗങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കുന്നുവെന്നു മനസിലാക്കുന്നതിന്റെ വെളിച്ചത്തിലാണിതെഴുതുന്നത്. നാം ക്രൈസ്തവസാഹോദര്യവും ഐക്യവും വളർത്തുവാനുള്ള ശ്രമങ്ങൾ നടത്തി, കൂട്ടായി തീരുമാനമെടുത്തും, ആഴ്ചയിൽ ഒരിക്കലെങ്കിലും യോഗങ്ങൾ കൂടത്തക്കരീതിയിൽ ക്രമീകരണങ്ങൾ നടത്തണം. ആദ്ധ്യാത്മീക ഉപദേഷ്ടാക്കളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രവർത്തനങ്ങൾക്കു മികവേകുക.

ദൈവപരിപാലനയിൽ അത്ഭുതാവഹങ്ങളായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന നമ്മുടെ ആശയങ്ങൾ കേരള ന്യൂനപക്ഷകമ്മീഷന്റെ മുമ്പാകെ വയ്ക്കുവാനുള്ള ഒരവസരം ലഭിച്ച സന്തോഷവാർത്തയും ഇതോടൊപ്പം അറിയിക്കുകയാണ് ഒരു സംഘടനാപ്രതിനിധിയെന്ന നിലയ്ക്ക് ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചും വിദ്യാഭ്യാസമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് കാഴ്ചപ്പാടുകളെപ്പറ്റിയും അല്പമെങ്കിലും കമ്മീഷൻ മുമ്പാകെ പ്രതിപാദിക്കുവാൻ സാധിച്ചതിലുള്ള ചാരിതാർത്ഥ്യവും ഇവിടെ പങ്കുവയ്ക്കുകയാണ്.

സാധാരണക്കാരുടെ പ്രശ്നപരിഹാരത്തിന് ഊന്നൽ നല്കി അവ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം കമ്മീഷൻ സ്വീകരിക്കുകയും തുടർ നടപടികൾ അവ അർഹിക്കുന്ന മാനദണ്ഡങ്ങൾ ഉൾക്കൊണ്ട് മുൻഗണനാക്രമത്തിൽ പരിഗണിക്കാമെന്നും സമ്മേളനമദ്ധ്യേ ചെയർമാൻ അറിയിക്കുകയും ചെയ്തു.

മറ്റൊരു പ്രധാനകാര്യം അറിയിക്കുവാനുള്ളത് ഈ മാസം 16-18 വരെ ദേശീയവാർഷിക സമ്മേളനത്തിൽ സംബന്ധിക്കുവാനായിട്ടു യാത്രതിരിക്കുകയാണ്. ഓരോരുത്തരുടെയും പ്രത്യേക പ്രാർത്ഥനാസഹായം ഈയവസരത്തിൽ കാംക്ഷിക്കുകയാണ്. നമ്മുടെ ലക്ഷ്യം ജീവകാരുണ്യപ്രവർത്തനമാണെങ്കിൽ അവ പ്രാവർത്തികമാക്കുന്നതിനുവേണ്ടി നമ്മുടേതായ തീരുമാനങ്ങൾ അറിയിക്കുകയും അവയെല്ലാം ക്രോഡീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്തു സ്വീകരിക്കുകയുമാണ് ഇതുപോലുള്ള വാർഷികയോഗങ്ങളുടെ പ്രധാന ഉദ്ദേശ്യം. അവ സാധ്യമാകണമെങ്കിൽ ഒത്തൊരുമയിലൂടെ നമുക്കു മുമ്പോട്ടു നീങ്ങണം. പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിനും ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും പ്രാവർത്തികമാക്കണം. അവിടെ കൊടുക്കലും വാങ്ങലും നിർദ്ദേശങ്ങളുമെല്ലാം ബാധകമാകും. ഒരുമ നമ്മുടെ മുദ്രാവാക്യമായി സ്വീകരിക്കണം. പരസ്പരം പഴിചാരുന്നതിനു പകരം സ്നേഹത്തോടെ ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞതുപോലെ 'ക്രിസ്തുവിൽ നാം ജീവിക്കണം'.

പരിശുദ്ധപിതാവ് ഏറ്റവും ഒടുവിൽ എഴുതിയ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനം 'ക്രിസ്തു ജീവിക്കുന്നു' എന്ന പുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഉള്ളടക്കം യുവജനങ്ങളെ സാക്ഷ്യംവഹിച്ചുകൊണ്ടുള്ളതാണ്. യുവജനങ്ങളിൽ ക്രിസ്തുവിനെ ദർശിച്ചു, ക്രിസ്തുവിനു സാക്ഷ്യംവഹിച്ചുകൊണ്ടുള്ള വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുവാനും ഇതുപോലുള്ള ഗ്രന്ഥവായനകൾ ഉപകരിക്കും. നമ്മുടെ ഓരോ പ്രവർത്തനവും ക്രിസ്തുനാഥന്റെ അനുഗ്രഹത്താൽ കൂടുതൽ ഫലദായകമായിത്തീരട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്.

ഈശോയിൽ സ്നേഹത്തോടെ,
**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## സ്കോളർഷിപ്പ് അപേക്ഷകൾ

വിദ്യാജ്യോതി ഉൾപ്പെടെയുള്ള എല്ലാ സ്കോളർഷിപ്പുകൾക്കും വേണ്ടിയുള്ള അപേക്ഷകൾ ആഗസ്റ്റ്മാസം 15-ാം തീയതിക്കുള്ളിൽ സി.സി.യിൽ ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അറിയിക്കുന്നു.

## ഒസാപ് (OSAP) കേന്ദ്രങ്ങൾ ആരംഭിച്ചു

ചങ്ങനാശേരി, മണിമല, കൈനകരി എന്നിവിടങ്ങളിലായി ഒസാപ് കേന്ദ്രങ്ങൾ ആരംഭിച്ചു. 2019 മെയ് 18 ശനിയാഴ്ച കൈനകരി ഹോളിഫാമിലി സ്കൂളിൽ രാവിലെ 10 മണിക്ക് നടന്ന സമ്മേളനത്തിൽ വികാരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ അദ്ധ്യക്ഷനായിരുന്നു. CMC പ്രൊവിൻഷ്യൽ റവ. ഡോ. സി. പ്രസന്ന CMC ഒസാപ് കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഡോ. പി.സി. അനിയൻകുഞ്ഞ് മാർഗനിർദ്ദേശക ക്ലാസ് നയിച്ചു. റവ. സി. സാങ്റ്റാ സി.എം.സി. ആശംസകൾ നേർന്നു സംസാരിച്ചു. റവ. സി. പ്രീമാ CMC കൃതജ്ഞത പ്രകാശിപ്പിച്ചു. പിന്നീട് ഒസാപ് ലെവൽ 1, ഫുൾ ടൈം കോഴ്സുകൾ ആരംഭിച്ചു.

ജൂൺ 15 ശനിയാഴ്ച രാവിലെ 9 മണിക്ക് ചേർന്ന സമ്മേളനത്തിൽ മണിമല ഫൊറോനാ ഇടവകയിൽ ആരംഭിക്കുന്ന ഒസാപ് കേന്ദ്രത്തിന്റെ ഉദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിർവഹിച്ചു. പെരിയ ബഹു. ജോർജ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ഡോ. സ്റ്റീഫൻ മാത്യൂസ്, പ്രൊഫ. ജോസഫ് ടിറ്റോ, ഡോ. രാജൻ കെ. അമ്പൂരി എന്നിവർ മാർഗനിർദേശക പ്രസംഗങ്ങൾ നടത്തി. ഫാ. വർഗീസ് വെട്ടുകുഴിയിൽ, സെന്റർ കോർഡിനേറ്റർ ശ്രീ. ജോസ് വർഗീസ് എന്നിവർ നേതൃത്വം നൽകി. ലെവൽ I, II ക്ലാസുകൾ ആരംഭിച്ചു. ജൂലൈ 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് ചേർന്ന സമ്മേളനത്തിൽ ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവകയിൽ ആരംഭിക്കുന്ന ഒസാപ് കേന്ദ്രത്തിന്റെ ഉദ്ഘാടനം സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിച്ചു. കത്തീഡ്രൽപള്ളി വികാരി പെരിയ ബഹു. കുര്യൻ പുത്തൻപുര അദ്ധ്യക്ഷനായിരുന്നു. ഡോ. പി.സി. അനിയൻകുഞ്ഞ് മാർഗനിർദേശക ക്ലാസ് നയിച്ചു. കോർഡിനേറ്റർ ശ്രീ. മാത്തുക്കുട്ടി ജോസഫ് കൃതജ്ഞത പ്രകാശിപ്പിച്ചു. ഫാ. സോണി പള്ളിച്ചിറയിൽ, ഡോ. റെജിമോൾ സി. ചെറിയാൻ, ഡോ. ആന്റണി മാത്യൂസ്, ജോമ്മ കാട്ടടി, സ്കറിയാ കടവിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ലെവൽ I, II ക്ലാസുകൾ ആരംഭിച്ചു.

## സിവിൽ സർവീസ് പാർട്ട്ടൈം പ്രോഗ്രാം

ട്രസ്റ്റിന്റെ നേതൃത്വത്തിലുള്ള ചങ്ങനാശേരി സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുവരുന്ന പാർട്ട്ടൈം പരിശീലന കോഴ്സിന്റെ അഞ്ചാമത് ബാച്ച് ഉദ്ഘാടനം ജൂലൈ 20 ശനിയാഴ്ച രാവിലെ 10 മണിക്ക് വികാരി ജനറാൾ പെരിയ ബഹു. ഡോ. ഫിലിപ്പ് വടക്കേക്കളം നിർവഹിച്ചു. ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ് ആമുഖപ്രഭാഷണം നടത്തി. അക്കാദമിക് കോർഡിനേറ്റർ ശ്രീ. മാർഷൽ സെബാസ്റ്റ്യൻ, ഡോ. റെജിമോൾ സി. ചെറിയാൻ എന്നിവർ ആശംസകൾ നേർന്നു. കുമാരി അൽമാ ജെറി മാത്യു കൃതജ്ഞത പ്രകാശിപ്പിച്ചു. പിന്നീട് നടന്ന പ്രത്യേക സമ്മേളനത്തിൽ 2018 സിവിൽ സർവീസ് പരീക്ഷയുടെ ഇന്റർവ്യൂവിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ച കുമാരി ആര്യ ആർ നായർ തന്റെ സിവിൽ സർവീസ് പരീക്ഷാ അനുഭവങ്ങൾ പങ്കുവച്ച് സംസാരിച്ചു. അസംപ്ഷൻ കോളജ് പ്രിൻസിപ്പൽ റവ.സി. ചെറുപുഷ്പം CMC മുഖ്യാതിഥിയായി പങ്കെടുത്തു.

**ഡോ. ജിജി. ജോസഫ്**
**പ്രൊഫ. ജോസഫ് ടിറ്റോ**
**ഡോ. രാജൻ കെ. അമ്പൂരി**
(ജനറൽ കോർഡിനേറ്റേഴ്സ്)

**ഡോ. പി. സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)

### 1. ആരോഗ്യഗ്രാമം: വാർഡുതല കൺവെൻഷൻ

മുട്ടാർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ആരോഗ്യഗ്രാമത്തിന്റെ ഭാഗമായി വാർഡുതലകൺവെൻഷനുകൾ നടത്തപ്പെട്ടു. ജൂലൈ 9,10,11,12,13 തീയതികളിലായി മുട്ടാർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും വാർഡുതല കൺവൻഷൻ നടത്തി. ആരോഗ്യഗ്രാമം ഒരു ജനകീയ മുന്നേറ്റമാക്കുവാനുള്ള പദ്ധതിയുടെ ഭാഗമായി മേഖലാ കൺവൻഷനുകളും നടത്തപ്പെട്ടു. ഓരോ വാർഡിനേയും 4 മേഖലകളാക്കി തിരിച്ചു. 13 വാർഡുകളിലായി 52 മേഖലകളിലും മീറ്റിംഗുകൾ നടത്തുകയും ആരോഗ്യഗ്രാമത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്തു. വാർഡുതലത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ കൊടുത്തത് കോഴിക്കോട് 'നിറവ്' എന്ന സംഘടനയുടെ ഡയറക്ടർ ശ്രീ. ബാബു പറമ്പത്താണ്. ജനകീയ പങ്കാളിത്തം നല്ലതുപോലുണ്ടായിരുന്നു.

### 2. പ്ലാസ്റ്റിക് വിമുക്ത മുട്ടാർ

ആരോഗ്യഗ്രാമത്തിന്റെ ആദ്യപടിയായി മുട്ടാർ ഗ്രാമത്തിൽ നിന്നും പ്ലാസ്റ്റിക് പൂർണ്ണമായി മാറ്റുന്നു. വീടുകളിലും, പറമ്പിലും, പൊതുസ്ഥലങ്ങളിലുമായി കിടക്കുന്ന പ്ലാസ്റ്റിക് ശേഖരിച്ച് ചാക്കുകളിലാക്കുവാനുള്ള പ്രത്യേക പരിശീലനം ജനങ്ങൾക്കു നല്കിക്കഴിഞ്ഞു. ജൂലൈ 27,28 തീയതികളിലായി മിത്രക്കരി മേഖലയിലുള്ള 6 വാർഡുകളിലുള്ള ഓരോ കുടുംബവും ഒരു ചാക്കിൽ പ്ലാസ്റ്റിക്കും മറ്റൊരു ചാക്കിൽ ലതർ സാധനങ്ങൾ, ബൾബ്, ട്യൂബ് എന്നിവയും ശേഖരിച്ചു വയ്ക്കണം. അതുപോലെതന്നെ ആഗസ്റ്റ് 10,11 തീയതികളിൽ മുട്ടാർ മേഖലയിലെ 7 വാർഡുകളിലുള്ള കുടുംബങ്ങളും പ്ലാസ്റ്റിക് ശേഖരിച്ച് വയ്ക്കണം. തുടർന്ന് അറിയിപ്പ് കിട്ടുന്ന ദിവസം ഇവയെല്ലാം ഓരോ വാർഡിന്റെയും ഒരു പൊതുസ്ഥലത്ത് കൊണ്ടുവന്ന് ലോറികളിലാക്കി റീ-സൈക്ലിംഗ് സ്ഥലത്തേയ്ക്ക് കയറ്റി വിടുന്നു. തുടർന്ന് ഓരോ വീടുകളിലുമായി ഉണ്ടാകുന്ന പ്ലാസ്റ്റിക്കും, ലതർസാധനങ്ങളും രണ്ടു ചാക്കുകളിലാക്കുന്നതും ഹരിതകർമ്മസേനയുടെ സഹായത്തോടെ മാസംതോറും വീടുകളിൽപോയി ശേഖരിക്കുകയും ചെയ്യും.

### 3. എയ്ഞ്ചൽസ് ഫെസ്റ്റ് : ഇത്തിത്താനം ഇടവകയിൽ

ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുവാനുള്ള സംരംഭത്തിന്റെ ഭാഗമായി ഇടവകകൾതോറും നടത്തുന്ന എയ്ഞ്ചൽസ് ഫെസ്റ്റ് ജൂലൈ 28-ാം തീയതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 12 വരെ ഇത്തിത്താനം ഇടവകയിൽ നടത്തപ്പെടുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾ ഉണ്ടാക്കുന്ന ഉല്പ്പന്നങ്ങളാണ് ഫെസ്റ്റിൽ വില്പനയ്ക്കായി വയ്ക്കുന്നത്. അച്ചാറുകൾ, ഭക്ഷണസാധനങ്ങൾ, കൊന്തകൾ, വാഷിംഗ് പൗഡറുകൾ, ലോഷൻ മുതലായവയാണ് മേളയ്ക്കുള്ളത്. ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ അദ്ധ്യാപകരുടെയും, മാതാപിതാക്കളുടെയും സഹായവും സഹകരണവും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കുന്നു.

### 4. ആശാഭവനിൽ കാർമ്മൽ ദിനം ആഘോഷിച്ചു

കർമ്മല മാതാവിന്റെ തിരുനാളായ ജൂലൈ 16-ാം തീയതി ആശാഭവനിൽ കാർമ്മൽദിനം ആഘോഷിച്ചു. ആശാഭവന്റെ ആരംഭം മുതൽ സി.എം.സി.

സിസ്റ്റേഴ്സ് നല്കുന്ന സേവനങ്ങൾ നന്ദിയോടെ അനുസ്മരിക്കാനും അവരുടെ ശുശ്രൂഷയ്ക്ക് പ്രചോദനമാകുവാനുമാണ് കാർമ്മൽ ദിനം ആശാഭവനിൽ ആഘോഷിച്ചത്. അന്നേദിവസം 11:30-ന് ഫാ. സെബാസ്റ്റ്യൻ പുന്നശേരി വി. കുർബാന അർപ്പിച്ചു. ഡയറക്ടർ വെരി. റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, ട്രഷറർ ഫാ. ജോൺസൺ കാരാട്ട്, പ്രീസ്റ്റ് ഹോം ഡയറക്ടർ ഫാ. ജോസഫ് അയ്യങ്കരി, ഫാ. ജോസ് പി. കൊട്ടാരം എന്നിവരും ജിമ്മി പടനിലം സെന്ററിലെ സ്റ്റാഫ് പ്രതിനിധികളും, ആയുഷയിലെ സിസ്റ്റേഴ്സും ആഘോഷത്തിൽ പങ്കുചേർന്നു.

## 5. സൗജന്യരോഗ നിർണ്ണയ ക്യാമ്പ്

മുട്ടാർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ആരോഗ്യഗ്രാമത്തിന്റെ ഭാഗമായി ജൂലൈ 20,22 തീയതികളിലായി സൗജന്യരോഗ നിർണ്ണയ ക്യാമ്പ് നടത്തപ്പെട്ടു. ചാരിറ്റി വേൾഡിന്റെ മൊബൈൽ ലാബിന്റെ സഹായത്തോടെ 1-ാം വാർഡിലെ 4 മേഖലകളിലായിട്ടാണ് ആണ് രോഗനിർണയം നടത്തിയത്. പി.എച്ച്.സി മേഖലക്കാരും ചിറയിൽ കലുങ്ക് മേഖയിൽ ഉള്ളവർക്കുമായി മിത്രക്കരി സെന്റ്. സേവ്യേഴ്സ് സ്ക്കൂളിന്റെ ഹാളിൽ ജൂലൈ 20-ാം തീയതി ക്യാമ്പ് നടത്തി. നെല്ലാനിക്കൽ മിത്രക്കരി പടിഞ്ഞാറേ എസ്.എൻ.ഡി.പി. മേഖലയിലുള്ളവർ എസ്.എൻ.ഡി.പിയിലും എത്തുകയുണ്ടായി. സൗജന്യ രോഗനിർണ്ണയ ക്യാമ്പിലൂടെ സമ്പൂർണ്ണ വൃക്കരോഗനിർണ്ണയം, ജീവിതശൈലി രോഗ പരിശോധന, രോഗപ്രതിരോധ ബോധവത്ക്കരണം എന്നിവ നടത്തപ്പെട്ടു. 250 ഓളം ആളുകൾ ക്യാമ്പിൽ സംബന്ധിച്ചു.

## 6. പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്

പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക് പദ്ധതിയുടെ ഭാഗമായ ഭക്ഷണ കിറ്റുകളുടെ വിതരണം ജൂലൈ 15-ന് നടന്നു. പട്ടിണിയിൽ കഴിയുന്ന 100 കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷണസാധനങ്ങൾ അടങ്ങിയ 100 കിറ്റുകളാണ് കൊടുക്കുന്നത്. തുരുത്തി മറിയാമ്മ & ഫിലിപ്പോസ് ദമ്പതികളുടെ സ്മരണാർത്ഥം ആലഞ്ചേരി ഫൗണ്ടേഷനാണ് ഇതിനുള്ള സാമ്പത്തിക സഹായം നല്കുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ
9447564836

*ഫ്രാൻസിസ്കൻ അല്മായസഭ 68-ാം പേജ് തുടർച്ച....*

യുടെ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും സംസ്ക്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

നമ്മുടെ ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെയും, പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും വി. ക്ലാരയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി ആശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

## കരിസ്മാറ്റിക് നവീകരണം -ഓഗസ്റ്റ് 2019

'ദൈവസ്നേഹവും ജീവിക്കുന്ന ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധവും സ്വപ്നം കാണുന്നതിൽ നിന്ന് നമ്മെ പിന്നോട്ട് വലിക്കുന്നില്ല, നമ്മുടെ ചക്രവാളങ്ങളെ ഇടുങ്ങിയതാക്കാൻ അവ ആവശ്യപ്പെടുന്നുമില്ല. മറിച്ച് മെച്ചപ്പെട്ടതും കൂടുതൽ സുന്ദരവുമായ ജീവിതത്തിലേയ്ക്ക് ആ സ്നേഹം നമ്മെ ഉയർത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.'(ഫ്രാൻസീസ് മാർപാപ്പാ - ക്രിസ്തൂസ് വിവിത് (138) എന്ന അപ്പസ്തോലിക ഉത്ബോധനത്തിൽ നിന്നും)

## കരിസ്മാറ്റിക് കൺവൻഷൻ 2019

ചങ്ങനാശേരി കരിസ്മാറ്റിക് സോണൽ കൺവൻഷൻ നവംബർ മാസം 28-29-30 തീയതികളിൽ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുവാൻ തീരുമാനിച്ചു. ശാലോം ടീം ആണ് ഈ വർഷത്തെ ത്രിദിന കൺവൻഷൻ നയിക്കുന്നത്. അതിന്റെ സുഗമമായ നടത്തിപ്പിനായി മുൻപരിചയവും, നവീകരണശുശ്രൂഷയുടെ വൈവിധ്യമാർന്ന മേഖലകളിൽ കഴിവ് തെളിയിച്ചവരുമായ സഹോദരങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് ബഹു. താന്നിയത്ത് അച്ചന്റെ നേതൃത്വത്തിൽ ഒരു കൺവൻഷൻ കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ ആദ്യമീറ്റിംഗ് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ ജൂലൈമാസം 19-ാം തീയതി നടത്തപ്പെടുകയും ചെയ്തു. ഈ മീറ്റിംഗിൽ ചങ്ങനാശേരി കരിസ്മാറ്റിക് സോണിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയി പുതുതായി ചാർജ് എടുക്കുന്ന ബഹു. ജെനി ഇരുപതിൽ അച്ചനെ ഡയറക്ടർ അച്ചൻ എല്ലാവർക്കുമായി പരിചയപ്പെടുത്തി. സർവീസ് ടീം അംഗങ്ങൾ എല്ലാവരും ഈ മീറ്റിംഗിൽ പങ്കെടുത്തു.

കമ്മിറ്റിയുടെ വിപുലീകരിക്കപ്പെട്ട ഫുൾകോറം മീറ്റിംഗ് ഈ മാസം 25 നു 2 മണി മുതൽ പാസ്റ്ററൽ സെന്ററിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## പൈതൃകപരിപാലനം

ബഹു. താന്നിയത്ത് അച്ചന്റെ വില്ലൂന്നി ഇടവകയിലേയ്ക്കുള്ള ട്രാൻസ്ഫർ മൂലം ചങ്ങനാശേരി കരിസ്മാറ്റിക് സർവീസ് ടീം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യുവാനായി അഭിവന്ദ്യ പെരുന്തോട്ടം പിതാവുമായി ഏതാനും സർവീസ് ടീം അംഗങ്ങൾ കൂടിക്കാഴ്ച നടത്തി. താന്നിയത്ത് അച്ചനെ സഹായിക്കുവാനും സർവീസ് ടീമിനെ കൂടെനിന്ന് നയിക്കുവാനുമായി ഒരു വൈദികനെ നൽകണമെന്ന അപേക്ഷ വളരെ അനുഭാവപൂർവ്വം പരിഗണിക്കുകയും ബഹു. ജെനി ഇരുപതിൽ അച്ചനെ അതിനായി ചുമതലപ്പെടുത്താമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ഇടവകയോടു ചേർന്നുനിന്നു കരിസ്മാറ്റിക് നവീകരണത്തിന് കുടുംബകൂട്ടായ്മകളുടെ ശാക്തീകരണത്തിൽ ഏതുതരത്തിലുള്ള സംഭാവന ചെയ്യുവാൻ കഴിയുമെന്നുള്ള വിധത്തിൽ കൂടിക്കാഴ്ചാ മദ്ധ്യേ നടന്ന ആലോചനയിൽ അഭിവന്ദ്യ പിതാവ് സംസാരിക്കുകയും, കുടുംബകൂട്ടായ്മാ ഡയറക്ടർ അച്ചനുമായി പ്രസ്തുത കാര്യങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം ജൂലൈ 16-ാം തീയതി കുടുംബക്കൂട്ടായ്മാ

ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരിയുമായി സർവീസ് ടീം അംഗങ്ങൾ മീറ്റിംഗ് നടത്തുകയും വിവിധ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. തുടർ ചർച്ചകളിലൂടെയും ഒന്നിച്ചുള്ള പ്രവർത്തനങ്ങളിലൂടെയും കൂട്ടായ്മകളുടെ ശാക്തീകരണം ഉറപ്പാക്കുവാൻ പരിശ്രമിക്കാമെന്ന് ബഹു. ജെന്നി അച്ചൻ ഉറപ്പു നൽകി.

## രണ്ടാം ശനിയാഴ്ച കൂട്ടായ്മ

പതിവുപോലെ ജൂലൈ 13-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ അഞ്ചുമണിവരെ സോണിലെ എല്ലാ സബ്സോണുകളേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ കത്തീഡ്രൽ കബറിട ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും പ്രാർത്ഥിക്കുകയും ചെയ്തു. 'കരിസ്മാറ്റിക് നവീകരണത്തിന്റെ പ്രസക്തിയും അടിസ്ഥാനപരമായ വീക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. തോമസ് ഇരുമ്പുകുത്തി സി.എം.ഐ അച്ചൻ ക്ലാസ് നയിച്ചു. ഇടവകതോറും കൂട്ടായ്മകൾ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ചും ഇന്നത്തെ സാഹചര്യത്തിൽ അതിന്റെ അനിവാര്യതയെക്കുറിച്ചും അച്ചൻ ഊന്നിപ്പറഞ്ഞു.

## സബ്റീജിയൻ ഫോർമേഷൻ പ്രോഗ്രാം

പാലാ ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ ജൂൺമാസം 28-29 തീയതികളിൽ സബ്റീജിയൻ ഫോർമേഷൻ പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടു. ബഹു. KST ചെയർമാൻ ഫാ. ജോസഫ് താമരവെളിയച്ചന്റെയും മറ്റു വൈദീകരുടെയും പ്രഗൽഭരായ അൽമായ ശുശ്രൂഷകരുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ദ്വിദിന ഫോർമേഷൻ പ്രോഗ്രാമിൽ നാല് സോണുകളിൽ നിന്നുള്ള 100-ഓളം അംഗങ്ങൾ പങ്കെടുത്തു. ചങ്ങനാശേരി സോണിൽ നിന്നും 8 അംഗങ്ങൾ പങ്കെടുത്തു.

## സോണൽ സർവീസ് മീറ്റിംഗ്

ജൂലൈ മാസത്തിലെ സോണൽ സർവീസ് ടീം മീറ്റിംഗ് പ്രത്യേക സാഹചര്യത്തിൽ 5-ാം തീയതി ഉച്ചകഴിഞ്ഞു 2 മണി മുതൽ 5 മണി വരെ സോണൽ ആനിമേറ്ററച്ചന്റെ പുതിയ ഇടവകയായ വില്ലൂന്നി ദൈവാലയത്തിന്റെ മീറ്റിംഗ് ഹാളിൽ നടത്തപ്പെട്ടു. യോഗത്തിൽ 2019 നവംബർ മാസം 28-30 തീയതികളിൽ നടക്കാനിരിക്കുന്ന ചങ്ങനാശേരി കരിസ്മാറ്റിക് കൺവെൻഷന് മുൻപായി കാർമൽമൗണ്ട് ധ്യാനകേന്ദ്രം തീരുമാനിച്ച വിവരം ബഹു. താന്നിയത്ത് അച്ചനെ അറിയിച്ചു.

5 മണിക്ക് പ്രാർത്ഥനയോടെ മീറ്റിംഗ് പര്യവസാനിച്ചു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



144

# പുരോഹിതനും വിശ്വാസപരിശീലനവും

(തിരുവചനഭാഗം: ശ്ലീഹ 19,1-41)

പൗലോസ്ശ്ലീഹായുടെ മൂന്നാം പ്രേഷിതയാത്രയിൽ ശുശ്രൂഷ നിർവഹിച്ച പ്രധാനപ്പെട്ട നഗരങ്ങളിലൊന്നായ എഫേസോസിലെ ശുശ്രൂഷയുടെ വിശദാംശങ്ങളാണ് ശ്ലീഹ 19-ാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. എഫേസോസിലെ സുവിശേഷ ശുശ്രൂഷയിൽ പൗലോസ്ശ്ലീഹായ്ക്കുണ്ടായ അനുഭവങ്ങൾ, ഒരു പുരോഹിതന് തന്റെ ശുശ്രൂഷയിൽ നേരിടേണ്ടി വരാവുന്ന ചില പ്രത്യേക സാഹചര്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും അവയെ എങ്ങനെ നേരിടണമെന്നു മനസ്സിലാക്കുവാനും സഹായകരമാണ്. ഈ അദ്ധ്യായം താഴെപ്പറയുംവിധം നമുക്കു വിഭജിക്കാം.

1. പൗലോസ് വീണ്ടും എഫേസോസിൽ (19,1-7)
2. പൗലോസിന്റെ എഫേസോസിലെ ശുശ്രൂഷ (19,8-10)
3. പൗലോസിന്റെ അടയാളങ്ങളും സ്കേവായുടെ പുത്രന്മാരും (19,11-16)
4. അന്ധവിശ്വാസനാശവും വചനപ്രചാരണവും (19,17-22)
5. വെള്ളിപ്പണിക്കാരുടെ ലഹള (19,23-41)

### 1. പുരോഹിതൻ: തുടർപരിശീലകൻ

*"അപ്പോൾ പൗലോസ് പറഞ്ഞു: യോഹന്നാൻ തനിക്കു പിന്നാലെ വരുന്നവനിൽ, അതായത്, ഈശോയിൽ വിശ്വസിക്കണമെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് അനുതാപത്തിന്റെ സ്നാനമാണ് നല്കിയത്. അവർ ഇതുകേട്ട് കർത്താവായ ഈശോയുടെ നാമത്തിൽ സ്നാനം സ്വീകരിച്ചു. പൗലോസ് അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. അവർ ഏകദേശം പന്ത്രണ്ടു പേരുണ്ടായിരുന്നു"* (19,4-7).

എഫേസോസിൽവച്ച് പൗലോസ് പന്ത്രണ്ടു ശിഷ്യന്മാരെ കാണുകയുണ്ടായി. 'ശിഷ്യൻ' എന്ന പദം മിശിഹായിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ച് സാധാരണ ഉപയോഗിച്ചു വന്നിരുന്നതാണ്. എന്നാൽ അവർ അപ്പോളോസിനെപ്പോലെ, യോഹന്നാന്റെ സ്നാപനം മാത്രമേ അറിഞ്ഞിരുന്നുള്ളു. പരിശുദ്ധാത്മദാനം ലഭിക്കാത്ത, പന്തക്കുസ്താനുഭവത്തിനു മുമ്പുള്ള അവസ്ഥയെ ചൂണ്ടിക്കാണിക്കുന്നതാണ് യോഹന്നാന്റെ സ്നാപനം. അപ്പോളോസും എഫേസോസിലെ ശിഷ്യരും യോഹന്നാന്റെ സ്നാപനമേ സ്വീകരിച്ചിരുന്നുള്ളു. അതുകൊണ്ട് എഫേസോസിലെ ശിഷ്യന്മാർക്ക് പൗലോസ് ഈശോമിശിഹായുടെ നാമത്തിലുള്ള മാമ്മോദീസാ നല്കി. മാത്രമല്ല, പൗലോസ് അവരുടെമേൽ കൈകൾവച്ച് പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്തു. അതായത്, അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് പൂർണ്ണ

മായി പ്രവേശിപ്പിച്ചു. അതിനുശേഷം ദൈവരാജ്യത്തെക്കുറിച്ച് ധൈര്യപൂർവ്വം പ്രസംഗിച്ചു എന്നുംകൂടി അവിടെ പറയുന്നു.

ഈ സംഭവം ശ്ലീഹ 8,17 ൽ മിശിഹായിൽ വിശ്വാസം സ്വീകരിച്ച സമറിയാക്കാരുടെമേൽ പത്രോസ് കൈകൾവച്ച സംഭവവുമായി താരതമ്യപ്പെടുത്താവുന്നതാണ്. അതായത്, അവരെ പ്രവേശനകൂദാശകൾ നല്കി പൂർണ്ണമായ വിശ്വാസത്തിലേക്കു പ്രവേശിപ്പിച്ചു. 'ഈശോയുടെ നാമത്തിൽ' എന്നിവിടെ വിശേഷിപ്പിച്ചിരിക്കുന്നത് 'പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ'തന്നെയായിരിക്കാനാണ് സാധ്യത. മറ്റു സ്നാനങ്ങളിൽനിന്നും തിരിച്ചറിയുവാൻവേണ്ടി 'ഈശോയുടെ നാമത്തിൽ' എന്നു പറയുന്നതാവാം. അതുകൊണ്ട് ക്രിസ്തീയവിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് അവരെ പ്രവേശിപ്പിച്ചുകൊണ്ട് പൗലോസ് അവരെ പഠിപ്പിച്ചു എന്നുവേണം നാം മനസ്സിലാക്കുവാൻ. മിശിഹാശിഷ്യത്വം, പ്രവേശനകൂദാശാസ്വീകരണവും തുടർന്നുള്ള വിശ്വാസപരിശീലനവും ആവശ്യപ്പെടുന്നു എന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. മാമ്മോദീസാ നല്കി പഠിപ്പിച്ച് ശിഷ്യരാക്കുവാനാണല്ലോ ഈശോ ശ്ലീഹന്മാരോട് ആവശ്യപ്പെട്ടത് (മത്താ 28,19). അതുകൊണ്ട് പുരോഹിതർ കൂദാശാശുശ്രൂഷകൊണ്ടുമാത്രം തൃപ്തിപ്പെടാതെ വിശ്വാസത്തിലുള്ള തുടർപരിശീലനത്തിലും പ്രബോധനത്തിലും പ്രത്യേകം ശ്രദ്ധിക്കണം.

## 2. പുരോഹിതൻ: വിശ്വാസപ്രബോധകൻ

*"അവർ സിനഗോഗിൽ പ്രവേശിച്ച് ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് മൂന്നു മാസം പ്രസംഗിക്കുകയും വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ദുർവാശിക്കാരായ ചിലർ വിശ്വസിക്കാൻ വിസമ്മതിക്കുകയും സമൂഹത്തിന്റെ മുമ്പിൽ ക്രിസ്തുമാർഗ്ഗത്തെ ദുഷിക്കുകയും ചെയ്തു. അതിനാൽ അവൻ അവരെ വിട്ട് ശിഷ്യരെയുംകൂട്ടി ടിറാനോസിന്റെ പ്രസംഗശാലയിൽപോയി എല്ലാ ദിവസവും വിവാദത്തിൽ ഏർപ്പെട്ടുപോന്നു"* (19,8-9).

എഫേസോസിൽ പതിവുപോലെ സിനഗോഗു കേന്ദ്രീകരിച്ചാണ് പൗലോസ് തന്റെ പ്രസംഗവും പ്രബോധനവും നല്കിയത്. അവിടെ ധൈര്യപൂർവ്വം ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിക്കുകയും വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തു. പ്രസംഗിക്കുക മാത്രമല്ല, വാദപ്രതിവാദത്തിലേർപ്പെടുകയും ചെയ്തുവെന്ന് പ്രത്യേകം എടുത്തു പറയുന്നു. ഇത് പ്രവേശനകൂദാശകൾ സ്വീകരിച്ചതിനുശേഷമുള്ള വിശ്വാസപ്രബോധനത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രം ക്രിസ്തീയജീവിതം നയിക്കുന്നവനാകുകയില്ല. അവൻ ബുദ്ധിജീവിയായതുകൊണ്ട് വിശ്വാസത്തെ ചോദ്യംചെയ്യുന്ന പല ചോദ്യങ്ങളും അവന്റെ മനസ്സിലുയരുക സ്വാഭാവികമാണ്. ആ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻ വിശ്വാസപരിശീലകർ തയ്യാറായിരിക്കണം. ദൈവശാസ്ത്രപഠനങ്ങളെല്ലാം വിശ്വാസത്തെ മനസ്സിലാക്കുവാനുള്ള പരിശ്രമങ്ങളായിട്ടു നാം കാണണം. അപ്രകാരമുള്ള വിശ്വാസപ്രബോധനം പുരോഹിതശുശ്രൂഷയുടെ ഒരു അവശ്യഘടകമാണ്.

പല സ്ഥലങ്ങളിലുമുണ്ടായ അനുഭവം പൗലോസിന് എഫേസോസിലുമുണ്ടായി. സിനഗോഗിലെ ഒരു വിഭാഗം ആളുകൾ പൗലോസിനോടു ചേർന്നുവെങ്കിലും, മറ്റൊരു കൂട്ടർ അദ്ദേഹത്തെ എതിർത്തു. അതുമൂലം കോറിന്തോസിൽവച്ചു ചെയ്തതുപോലെ വിശ്വാസികളുടെ സമൂഹത്തെ എതിരാളികളിൽനിന്നും അദ്ദേഹം വേർതിരിച്ചു. അതിനുള്ള സൗകര്യം അവിടെ പൗലോസിനു ലഭിക്കുകയും

ചെയ്തു. എഫേസോസിലെ ടിറാനോസിന്റെ പേരിൽ ഒരു വിദ്യാലയമുണ്ടായിരുന്നു. സ്കൂളിലെ അദ്ധ്യാപനം രാവിലെ 11 മണികൊണ്ട് അവസാനിക്കുകയും, പിന്നീട് മദ്ധ്യാഹ്നശേഷം 4 മണിക്കു പുനരാരംഭിക്കുകയുമാണ് ചെയ്തിരുന്നത്. അതുകൊണ്ട് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 4 വരെയുള്ള സമയം വിശ്വാസികൾക്കു കൂടിച്ചേരാൻ ആ വിദ്യാലയം സൗകര്യപ്രദമായി ലഭിച്ചു. ഇങ്ങനെ രണ്ടു വർഷക്കാലം പൗലോസ് ആ സ്ഥലം കേന്ദ്രമാക്കി സുവിശേഷപ്രബോധനം നടത്തുകയും സഭയെ ബലപ്പെടുത്തുകയും ചെയ്തു. തുടർവിശ്വാസപ്രബോധനത്തിലൂടെ സഭയെ വളർത്തുവാൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം.

## 3. പുരോഹിതൻ: അടയാളങ്ങളോടുകൂടെ പ്രബോധിപ്പിക്കുന്നവൻ

*''പൗലോസിന്റെ കരങ്ങൾവഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവന്റെ ശരീരസ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരികയും ചെയ്തിരുന്നു. പിശാചുബാധ ഒഴിപ്പിച്ചിരുന്ന ചില യഹൂദർ പൗലോസ് പ്രസംഗിക്കുന്ന ഈശോയുടെ നാമത്തിൽ നിന്നോടു ഞാൻ കല്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അശുദ്ധാത്മാക്കളുടെമേൽ കർത്താവായ ഈശോയുടെ നാമം പ്രയോഗിച്ചുനോക്കി''* (19,11-13).

പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിനും പ്രബോധനത്തിനും അകമ്പടിയായി അത്ഭുതങ്ങൾ ഉണ്ടായിരുന്നു എന്ന് ഇവിടെ എടുത്തുപറയുന്നു. സുവിശേഷപ്രഘോഷണത്തോടൊപ്പം അടയാളങ്ങളുണ്ടാകുമെന്ന് ഈശോ വാഗ്ദാനം ചെയ്തിട്ടുള്ളതാണ് (മർക്കോ 16,17-18). ഇവിടെ എടുത്തുപറയുന്ന അത്ഭുതപ്രവൃത്തികൾ ഈശോയെപ്പറ്റി മർക്കോസ് 5,27 മുതലും 6,56 മുതലും പറയുന്ന കാര്യങ്ങളോട് ചേർന്നുപോകുന്നതാണ്. നടപടിഗ്രന്ഥത്തിൽത്തന്നെ പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിനും അപ്രകാരം സംഭവിക്കുന്നതായി കാണുന്നുണ്ട് (ശ്ലീഹ 5,15). സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ഭാഗമായി അത്ഭുതകരമായ അടയാളങ്ങളുണ്ടാകും - ഉണ്ടാവണം - എന്നതിനു സംശയമില്ല. അതുകൊണ്ട് പുരോഹിതന്റെ സുവിശേഷപ്രഘോഷണത്തിന്റെയും പ്രബോധനത്തിന്റെയും ശുശ്രൂഷകളോടനുബന്ധിച്ച് അപ്രകാരമുള്ള അടയാളങ്ങൾ ഉണ്ടാകുന്നതിനെ ഭാവാത്മകമായിത്തന്നെയാണ് നാം കാണേണ്ടത്.

അതേസമയം അവയോടുള്ള വിശ്വാസികളുടെ സമീപനത്തിലും സുവിശേഷപ്രഘോഷകർ അത് ഉപയോഗപ്പെടുത്തുന്ന രീതിയിലും ആഭിമുഖ്യഭ്രംശമുണ്ടാകാമെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തോടനുബന്ധിച്ചുണ്ടായ അത്ഭുതങ്ങൾ കണ്ട യഹൂദമന്ത്രവാദികളും സ്കേവായുടെ പുത്രന്മാരും പൗലോസ് പ്രസംഗിച്ച ഈശോയുടെ നാമം തങ്ങളുടെ മന്ത്രപ്രയോഗത്തിനു സഹായകമായി ഉപയോഗിക്കുവാൻ ശ്രമിച്ചു (19,13-14). അവരുടെ ശ്രമത്തെ ഒരു പിശാചുബാധിതനെ ആവേശിച്ചിരുന്ന അശുദ്ധാത്മാവ് പരാജയപ്പെടുത്തി. മന്ത്രവാദികൾ അപകടത്തിലുമായി (19,15-16). അതിന്റെ ഫലമായി പലരും മന്ത്രവാദത്തിൽനിന്നും പിന്മാറിയെങ്കിലും, എപ്പോഴും അതുപോലെ സംഭവിക്കണമെന്നില്ല. സുവിശേഷപ്രഘോഷണത്തോടനുബന്ധിച്ചുണ്ടാകുന്ന അടയാളങ്ങൾ ദുരുപയോഗിക്കപ്പെടുന്ന സാഹചര്യങ്ങൾ ഇന്നുമുണ്ടാകുന്നുണ്ട്. അത്ഭുതകരമായ അടയാളങ്ങളെ പലപ്പോഴും മാന്ത്രികമായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതായി നമുക്കറിയാം. ഇത് നാം ശ്രദ്ധിക്കേണ്ട ഒന്നാണ്. ജനങ്ങളെ

ശരിയായ വിശ്വാസത്തിൽനിന്നും അകറ്റുകയും കേവലം കാര്യസാധ്യത്തിനുള്ള മാന്ത്രിക ഉപാധികളായി അത്ഭുതങ്ങളെ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് ഒഴിവാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

## 4. പുരോഹിതൻ: അന്ധവിശ്വാസമകറ്റുന്ന സുവിശേഷപ്രബോധകൻ

*''കൂടാതെ, വിശ്വാസം സ്വീകരിച്ച പലരും വന്ന്, തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ്, കുറ്റം സമ്മതിച്ചു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകം ആളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി. അവയുടെ ആകെ വില കണക്കാക്കിയപ്പോൾ അമ്പതിനായിരം വെള്ളിനാണയങ്ങൾ വരുമെന്നു കണ്ടു. അങ്ങനെ കർത്താവിന്റെ വചനം വിപുലമായി പ്രചരിക്കുകയും അതിന്റെ ശക്തി വെളിപ്പെടുകയും ചെയ്തു''* (19,18-20).

പൗലോസ് എഫേസോസിൽ ചെയ്ത ശുശ്രൂഷ വളരെ വിജയപ്രദമായിരുന്നു. അതിന്റെ ഫലമായി ഏഷ്യാസംസ്ഥാനത്തിൽ സഭ വിസ്മനീയമാംവിധം പ്രചരിച്ചുവളർന്നു. എന്നാൽ അത് പൗലോസിനെ സംബന്ധിച്ചിടത്തോളം ആപൽക്കരമായ അനേകം അനുഭവങ്ങളിൽക്കൂടിയാണ് പരിശുദ്ധാത്മാവ് സാധിച്ചത്. അവയെപ്പറ്റിയുള്ള ഒരു സൂചന പിന്നീട് പൗലോസ് തന്നെ നല്കുന്നുണ്ട്: ''പൂർണ്ണവിനയത്തോടും കണ്ണുനീരോടും, യഹൂദന്മാരുടെ ഗൂഢാലോചനയാൽ എനിക്കുണ്ടായ പരീക്ഷണങ്ങളോടുംകൂടി ഞാൻ കർത്താവിനു ശുശ്രൂഷ ചെയ്തു. നിങ്ങളുടെ നന്മയ്ക്കുതകുന്ന ഏതെങ്കിലും കാര്യം നിങ്ങൾക്കു പറഞ്ഞുതരാൻ ഞാൻ മടി കാണിച്ചിട്ടില്ല. പൊതുസ്ഥലത്തുവച്ചും വീടുതോറുംവന്നും ഞാൻ നിങ്ങളെ പഠിപ്പിച്ചു'' (ശ്ലീഹ 20,19). പൗലോസിന്റെ ത്യാഗോജ്ജ്വലമായ പ്രബോധനശുശ്രൂഷയാണ് സഭയുടെ ഈ വളർച്ചയ്ക്ക് പരിശുദ്ധാത്മാവ് ഉപകരണമാക്കിയത്.

ഈ പ്രബോധനം പ്രധാനമായും അന്ധവിശ്വാസത്തെ അകറ്റി ശരിയായ വിശ്വാസജീവിതത്തിലേക്ക് ജനങ്ങളെ കൊണ്ടുവരുന്ന പ്രബോധനശുശ്രൂഷയായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഒരു വിവരണമാണ് ഈ ഭാഗത്തു കാണുന്നത്: ''വിശ്വാസം സ്വീകരിച്ച പലരുംവന്ന് തങ്ങളുടെ ദുർനടപടികൾ ഏറ്റുപറഞ്ഞ് കുറ്റം സമ്മതിച്ചു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകമാളുകൾ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് എല്ലാവരും കാൺകെ അഗ്നിക്കിരയാക്കി. അവയുടെ ആകെ വില കണക്കാക്കിയപ്പോൾ അമ്പതിനായിരം വെള്ളിനാണയങ്ങൾ വരുമെന്നു കണ്ടു. അങ്ങനെ കർത്താവിന്റെ വചനം വിപുലമായി പ്രചരിക്കുകയും അതിന്റെ ശക്തി വെളിപ്പെടുകയും ചെയ്തു'' (19,18-20). ഇന്നും ക്രൈസ്തവസമൂഹത്തിൽ ഒത്തിരി അന്ധവിശ്വാസങ്ങൾ നിലവിലുണ്ട്. അവയെ നിർമ്മാർജ്ജനം ചെയ്യുവാൻ തക്കവിധം വിശ്വാസപ്രബോധനം നല്കുവാൻ സാധിച്ചെങ്കിലേ ജനങ്ങൾ യഥാർത്ഥ വിശ്വാസത്തിൽ വളരുകയുള്ളു.

## 5. പുരോഹിതൻ: ജീവിതപിൻബലത്തോടെ പ്രബോധിപ്പിക്കുന്നവൻ

*''ആയിടെ ക്രിസ്തുമാർഗ്ഗത്തെ സംബന്ധിച്ചു വലിയ ഒച്ചപ്പാടുണ്ടായി. അർത്തേമിസ് ദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളിമാതൃകകൾ ഉണ്ടാക്കിക്കൊണ്ടിരുന്ന വെള്ളിപ്പണിക്കാരനായ ദമേത്രിയോസ് ശില്പവേലക്കാർക്കു വലിയ തോതിൽ തൊഴിലുണ്ടാക്കിക്കൊടുത്തുപോന്നു. ഇവരെയും ഇതേ തൊഴിലിലേർപ്പെട്ടിരുന്ന മറ്റുള്ളവരെയും വിളിച്ചുകൂട്ടി അവൻ പറഞ്ഞു: മാന്യരേ, നമ്മുടെ സമ്പത്തുമുഴുവൻ ഈ തൊഴിലിൽനിന്നാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ കൈകൊണ്ടുണ്ടാക്കിയ ദൈവങ്ങൾ ദൈവങ്ങളേയല്ല എന്നു പ്രഖ്യാപിച്ചുകൊണ്ട്*

*പൗലോസ് എന്ന ഈ മനുഷ്യൻ ഏഫേസോസിൽമാത്രമല്ല, ഏഷ്യയിലാകെ വളരെപ്പേരെ വഴിതെറ്റിക്കുന്നത് നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യു ന്നുണ്ടല്ലോ''* (19,23-26).

എഫേസോസിൽവച്ച് പൗലോസിന് വിജാതീയരുമായി ഏറ്റുമുട്ടേണ്ടി വന്നു. മനുഷ്യന്റെ ധനസമ്പാദനാസക്തിയെ മതവികാരങ്ങളുമായി ചേർത്തിണക്കി രൂപം കൊടുത്ത സംസ്കാരങ്ങൾ ചരിത്രത്തിലെ ഒരു വലിയ യാഥാർത്ഥ്യമാണ്. അർത്തേമീസ് മഹാദേവിയെ കേന്ദ്രമാക്കി എഫേസോസിൽ അത്തരമൊരു സംസ്കാരം നിലവിൽ വന്നിരുന്നു. പൗലോസോ സഹപ്രവർത്തകരോ അതിനെ ചോദ്യം ചെയ്തില്ല. എന്നാൽ ദൈവത്തെ അരൂപിയായി ഉദ്ഘോഷിക്കുന്ന ക്രൈസ്തവരുടെ സുവിശേഷപ്രസംഗം ആ മതസംവിധാനത്തെ നിരാകരിക്കുവാൻ അനേകരെ പ്രോത്സാഹിപ്പിക്കുമെന്ന്, ആ സംസ്കാരത്തെ നിലനിർത്തിയിരുന്നവർ ന്യായമായി ഭയപ്പെട്ടു. പ്രായോഗികമായി അത് അവരുടെ ധനാഗമമാർഗ്ഗത്തെ ഇല്ലാതാക്കുമെന്ന് അവർ മനസ്സിലാക്കി. ആ അടിസ്ഥാനത്തിലാണ് ദമേത്രിയോസും സഹപ്രവർത്തകരും, അതിനോട് അനുഭാവമുള്ളവരും ബഹളമുണ്ടാക്കിയത് (19,28-34).

എഫേസോസിലെ 'ജനപ്രമുഖന്മാരിൽ' ചിലരുമായി സുഹൃത്ബന്ധം സ്ഥാപിക്കുവാൻ പൗലോസിന് ഇതിനകം കഴിഞ്ഞിരുന്നു. അവരും എഫേസോസിലെ വിശ്വാസികളും തടഞ്ഞിരുന്നില്ലെങ്കിൽ, ഈ സാഹചര്യത്തിൽ പൗലോസ് ജനസമൂഹത്തെ നേരിട്ട് അഭിമുഖീകരിക്കുമായിരുന്നു (19,30-31). ആ സാഹസത്തിനു ശ്ലീഹാ മുതിർന്നിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് നമുക്ക് ഊഹിക്കാവുന്നതല്ല. ഏതായാലും അതു സംഭവിച്ചില്ല; നഗരാധിപൻ വന്ന് ജനസമൂഹത്തെ നിശബ്ദരാക്കുകയും ന്യായമായ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്ത് ജനക്കൂട്ടത്തെ പിരിച്ചുവിടുകയും ചെയ്തു.

ഇവിടെ 'മിശിഹാമാർഗ്ഗം' എന്നാണ് ക്രിസ്തീയവിശ്വാസത്തെ വിശേഷിപ്പിച്ചിരിക്കുന്നത് (19,23). വിശ്വാസജീവിതം ഒരു ജീവിതശൈലിയായിട്ടാണ് അറിയപ്പെട്ടിരുന്നതും ജനങ്ങൾ മനസ്സിലാക്കിയിരുന്നതും. അതു പൊതുവേ ജനങ്ങൾക്ക് സ്വീകാര്യവുമായിരുന്നു. അതുകൊണ്ടാണ് ജനപ്രമുഖന്മാരും നഗരാധിപനും ഇടപെട്ട്, ബഹളംവച്ച ജനക്കൂട്ടത്തെ ശാന്തമാക്കിയത്. നമ്മുടെ വിശ്വാസപ്രസംഗവും പ്രബോധനവും ജീവിതത്തിന്റെ പിൻബലത്തോടെ ആയിരിക്കണമെന്ന് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

## ജീവിതസൂചിക

1. മുതിർന്നവരുടെ വിശ്വാസത്തിലുള്ള തുടർപരിശീലനത്തിന് ഞാൻ എത്രമാത്രം പ്രാധാന്യം നല്കുന്നുണ്ട്?
2. സഭയുടെ വിശ്വാസം പഠിച്ചും യുക്തിസഹജമായവിധം ന്യായീകരിച്ചും വിശ്വാസപരിശീലനം നല്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. സത്യവിശ്വാസത്തിന് അനുയോജ്യമായ അടയാളങ്ങളോടുകൂടെ വിശ്വാസപരിശീലനം നല്കാൻ എനിക്കു കഴിയുന്നുണ്ടോ?
4. അന്ധവിശ്വാസത്തെ ദൂരീകരിക്കത്തക്കവിധമുള്ള വിശ്വാസപ്രബോധനമാണോ ഞാൻ നല്കുന്നത്?
5. ജീവിതത്തിന്റെ പിൻബലത്തോടെ വിശ്വാസപ്രബോധനം നല്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ 2019**

27 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട തിയോളജിഫോറത്തിൽ അധ്യക്ഷതവഹിച്ചു.

28 തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് പാറേൽ SH പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് സെന്റ് ജെറോം നസ്രത്ത് ദൈവാലയത്തിൽ കൂട്ടുമ്മേൽ ബഹു. സിറിയക് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ മാർതോമ്മാ വിദ്യാനികേതനിലെ അധ്യാപകരുടെ സംഗമത്തിൽ പങ്കെടുത്തു.

29 SD സന്യാസിനി സമൂഹാംഗമായ സി. ജൂലിയായുടെ നിര്യാണത്തെത്തുടർന്ന് ചെത്തിപ്പുഴ SD പ്രൊവിൻഷ്യൽ ഹൗസിൽ രാവിലെ നടത്തിയ അനുസ്മരണകുർബാനയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് ചെത്തിപ്പുഴ ഇടവകാംഗമായ അപ്പച്ചൻ വട്ടപ്പറമ്പിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ശേഷം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു. തുടർന്ന് പാറേൽ SH പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയസന്യാസിനി സമൂഹാംഗമായ സി. സോഫി റോസ് നിരപ്പേലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ സംഘടിപ്പിച്ച ചങ്ങനാശേരി ഫൊറോനയുടെ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തു. വൈകുന്നേരം മീൻകുളം ലൂർദ്മാതാ ദൈവാലയത്തിൽ പുതുതായി പണികഴിപ്പിച്ച മണിമാളിക വെഞ്ചരിക്കുകയും പുതിയ ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

30 സെന്റ് ജൂഡ് ആറ്റിങ്ങൽ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് വെഞ്ഞാറമ്മൂട് പാസ്റ്ററൽ സെന്ററിൽ സന്ദർശനം നടത്തി.

**ജൂലൈ 2019**

01 വൈകുന്നേരം ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ DST സന്യാസിനിസമൂഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

02 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ദുക്റാന തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

03 രാവിലെ മാങ്ങാനം MOC യിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് റാസ കുർബാന അർപ്പിച്ചു. തുടർന്ന് മാർതോമ്മാ വിദ്യാനികേതന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുകയും അഭിവന്ദ്യ പവ്വത്തിൽ പിതാവിന് മാർ തോമ്മാ പുരസ്കാരം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഇത്തിത്താനം പ്രീസ്റ്റ്ഹോം സന്ദർശിക്കുകയും തോമസ് നാമധാരികളായ വൈദികർക്ക് ആശംസകൾ നേരുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്ര ത്തിൽ ദുക്റാനതിരുനാൾ ആഘോഷങ്ങളിൽ പങ്കുചേരുകയും തോമസ് നാമധാരികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

04 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകു ന്നേരം കൈനകരി ഇടവകാംഗമായ റോസമ്മ ചാക്കോ കാളാശ്ശേരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

05 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ആലപ്പുഴ പുന്നപ്രയിൽ പുതുതായി നിർമ്മിക്കുന്ന മദർതെരേസ കെയർ ഹോമിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. വൈദികർക്കും ബ്രദേ ഴ്സിനുമൊപ്പം ജന്മദിനം ആഘോഷിച്ചു.

06 വൈകുന്നേരം നെടുമങ്ങാട് നിർമ്മാണം പൂർത്തിയാക്കിയ മദർതെരേസ Old Age Home-ന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു.

07 രാവിലെ ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് ചങ്ങനാശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന നിരണം തീർത്ഥാടനം ഫ്ളാഗ് ഓഫ് ചെയ്യുകയും തീർത്ഥാടനത്തിൽ പങ്കെടുക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ പ്രവാസി അപ്പോസ്ത ലേറ്റിന്റെ ഡയറക്ടറായിരുന്ന പുത്തൻപുരയ്ക്കൽ ബഹു. ഫ്രാൻസിസ് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് പറാൽ സെന്റ് ആന്റണീസ് ദൈവാലയസിമിത്തേരിയിൽ സ്ഥാപിച്ച ഐക്കൺ വെഞ്ചരിക്കുകയും തുടർന്നുനടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്നു മെത്രാപ്പോലീത്തൻ ഇടവകാംഗമായ തങ്കമ്മ തോമസ് ശങ്കൂരിക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർ ത്ഥിച്ചു.

08 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 രാവിലെ മെത്രാപ്പോലീത്തൻ ഇടവകാംഗമായ ചാക്കപ്പൻ അങ്ങാടിയിൽ പോളക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുന്നപ്ര ഗ്രിഗോറിയോസ് കോളേജിൽ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

10 ഉച്ചകഴിഞ്ഞ് വായ്പൂര് സെന്റ് ജോസഫ് ദൈവാലയത്തിൽ മാടപ്പാട്ട് ബഹു. ജോണച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹി ച്ചു. ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു.

11 SB കോളജ് ചാപ്പലിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 അസംപ്ഷൻ കോളജിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ എപ്പാർക്കിയൽ കൺസൾട്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം അർത്തുങ്കൽ റീത്താലയ ITI Schoolൽ നടത്തപ്പെട്ട KCSL State Camp ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 രാവിലെ അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന സന്യസ്തസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും സമാപനസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചയ്ക്ക് കോട്ടയം ലൂർദ്ദ് ദൈവാലയത്തിൽ കോട്ടയം ഫൊറോന കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് മാന്നാനം കെ. ഇ. സ്കൂളിൽ നടന്ന കുടമാളൂർ ഫൊറോന യുവജനക്യാമ്പിൽ സന്ദേശം നൽകി. വൈകുന്നേരം ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ പുത്തൻപറമ്പിൽ ബഹു. മാത്യു TOR അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ അധ്യക്ഷത വഹിച്ചു. കായൽപ്പുറം സെന്റ് ആന്റണീസ് ഇടവകാംഗമായ സെബിൻ കൊച്ചുപറമ്പിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

14 പൂമറ്റം-പുതുപ്പള്ളി സെന്റ് ആന്റണീസ് ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി.

15 രാവിലെ പാലാ രൂപതാകേന്ദ്രത്തിൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

16 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ എക്യുമെനിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട എക്യുമെനിക്കൽ സംഗമത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം CMC ഹോളിക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസിൽ കർമ്മലമാതാവിന്റെ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

17 വൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ച് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ രാവിലെ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

18 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ഇരവുചിറയിൽ അഗതികൾക്കായി സ്ഥാപിതമായ കെയർ ഹോമിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

19 ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥിരം സിനഡ് അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്തു.

20 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കൊടുപ്പുന്ന സെന്റ് ജോസഫ് ദൈവാലയത്തിൽ കിഴക്കേടത്ത് ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21 പൊങ്ങുംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് കർമ്മം നിർവഹിക്കുകയും കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിക്കുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം ഫൊറോനയുടെ നേതൃത്വ

ത്തിലുള്ള തീർത്ഥാടനം ദൈവാലയത്തിൽ എത്തിച്ചേർന്നപ്പോൾ വചന സന്ദേശം നല്കി. വൈകുന്നേരം കാരേറ്റുള്ള 'സ്നേഹതീരം' പുനരധിവാസകേന്ദ്രം സന്ദർശിക്കുകയും അന്തേവാസികൾക്കും സിസ്റ്റേഴ്സിനുമൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

22 രാവിലെ മാമ്മൂട് ലൂർദ്ദ്മാതാപള്ളിയുടെ സിമിത്തേരിയിൽ പുത്തൻപുരയ്ക്കൽ ബഹു. തോമസ് (Jr.) അച്ചന്റെ പിതാവിന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് നെടുങ്കുന്നം മദർതെരേസാ ഹോമിൽ ബഹു. വൈദികരെയും അന്തേവാസികളെയും സന്ദർശിച്ചു. തുടർന്ന് നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് B.Ed. കോളേജിന്റെ രജതജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിക്കുകയും അവാർഡുദാനം നിർവഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ ഫൊറോനാ വികാരിമാരുടെയും സെക്രട്ടറി അച്ചന്മാരുടെയും യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തിന് തുടക്കം കുറിച്ചു.

23 റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനം വൈകുന്നേരത്തോടെ പര്യവസാനിപ്പിച്ചതിനുശേഷം ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു.

24 ഉച്ചയ്ക്ക് അതിരൂപതാ പാസ്റ്ററൽ കൗൺസിലിനെപ്പറ്റി ഡോക്യുമെന്ററി തയ്യാറാക്കിയ ടീമിനെ അഭിനന്ദിക്കുകയും അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

## മാർ തോമസ് തറയിൽ

**ജൂൺ 2019**

6-14 ജർമ്മനിയിലെ ഹൂസും ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും ഇടവകകൂട്ടായ്മയിൽ പങ്കെടുക്കുകയും ചെയ്തു. മ്യുൻസ്റ്റർ രൂപതയിലെ ചങ്ങനാശേരി അതിരൂപതാംഗങ്ങളായ വൈദികരോടൊപ്പം ചെലവഴിച്ചു. 9-ാം തീയതി മുതൽ ബാംബർഗ് രൂപതയിലെ വൈദികരെ സന്ദർശിച്ചു. റേഗൻസ്ബുർഗ് ബിഷപ്പ് ഡോ. റുഡോൾഫ് ഫോഡർഹോൾസറിനെയും ബാംബർഗ് സഹായമെത്രാൻ ഡോ. ഹെർവിഗ് ഗോസലിനെയും സന്ദർശിച്ചു. ഐസ്റ്റേറ്റിലെ കത്തോലിക്കാ സർവ്വകലാശാല സന്ദർശിച്ചു. നൂറൻബർഗിൽ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്റ്റിഫ്റ്റുംഗ് വാഗ്നർ എന്ന സ്ഥാപനവും സന്ദർശിച്ചു. 13-ാം തിയതി പ്ലാറ്റ്ലിംഗ് ഇടവകയിൽ പരി.കുർബാനയർപ്പിച്ചു. ബവേറിയായിലെ ശാസ്ത്ര സാംസ്കാരികവകുപ്പുമന്ത്രി ബേംഡ് സിബ്ലറുമായി കൂടിക്കാഴ്ച നടത്തി.

14-17 അമേരിക്കയിലെ നോർത്ത് കരോളീനയിലെത്തി. റാലെയ് സീറോമലബാർ പള്ളിയിൽ വി.കുർബാനയർപ്പിച്ചു.

17-20 ചിക്കാഗോ സീറോമലബാർ രൂപതയിലെ വൈദികർക്ക് ധ്യാനം പ്രസംഗിച്ചു.

21-22 ചിക്കാഗോയിലെ ചങ്ങനാശേരിക്കാരുടെ കൂട്ടായ്മയിലും എക്യുമെനിക്കൽ സമ്മേളനത്തിലും പങ്കെടുത്തു.

23-24 ന്യൂയോർക്കിൽ അതിരൂപതാകേന്ദ്രം സന്ദർശിച്ചു.

25-29 കോർപസ് ക്രിസ്റ്റിയിൽ കാലായിൽ ബഹു. ജേക്കബ് അച്ചന്റെ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. കോർപസ് ക്രിസ്റ്റി ബിഷപ്പ് ഡോ. മൈക്കിൾ മൾവിയെയും സാൻഅന്റോണിയോ ആർച്ചുബിഷപ്പ് ഡോ. ഗുസ്താവോ ഗാർഡിയയെയും സന്ദർശിച്ചു.

30 ഡാളസ് സെന്റ് തോമസ് സീറോമലബാർ പള്ളിയിൽ പരി. റാസകുർബാനയർപ്പിച്ചു.

**ജൂലൈ 2019**

03 രാവിലെ ചങ്ങനാശേരി മെത്രാപ്പോലീത്തൻപള്ളിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. കുറിച്ചി മൈനർ സെമിനാരിയിലെ ദുക്റാനത്തിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. മാർത്തോമ്മാ വിദ്യാനികേതനിൽ മാർതോമ്മാ പുരസ്കാരദാന ചടങ്ങിൽ സംബന്ധിച്ചു. നിരണം മാർതോമ്മാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ ദുക്റാനത്തിരുനാൾ സന്ദേശം നല്കി. സായാഹ്നത്തിൽ പായിപ്പാട് ലൂർദ്ദ്മാതാ ദൈവാലയത്തിൽ സൺഡേസ്കൂൾ വാർഷികത്തിലും പ്രതിഭാ സംഗമത്തിലും അധ്യക്ഷതവഹിച്ചു. തുടർന്ന് ചെത്തിപ്പുഴ സെയിന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന വൈദികരെ സന്ദർശിച്ചു. വൈകിട്ട് അതിരൂപതാകേന്ദ്രത്തിൽ നാമഹേതുകത്തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

04 രാവിലെ തിരുവനന്തപുരം ലൂർദ്ദ്മാതാ കെയറിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും രോഗികളെ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് കുറ്റിച്ചൽ ലൂർദ്ദ്മാതാ കോളജിൽ നടന്ന ഇൻഡക്ഷൻ പരിപാടിയിൽ സംബന്ധിക്കുകയും വിദ്യാർത്ഥികളെയും അധ്യാപകരെയും നേരിൽ കണ്ട് സംസാരിക്കുകയും ചെയ്തു. വൈകുന്നേരം നെടുമങ്ങാട് മദർ തെരേസാ വൃദ്ധമന്ദിരത്തിലെ പുതുതായി നിർമ്മിച്ച ദൈവാലയം കുദാശ ചെയ്തു. തുടർന്ന് തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ എക്യുമെനിക്കൽ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

05 ഇത്തിത്താനം പ്രീസ്റ്റ്ഹോമിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും തോമസ് നാമധാരികളായ വൈദികർക്ക് ആശംസ നേരുകയും ചെയ്തു. തുടർന്ന് കൈനകരി സെയിന്റ് മേരീസ് ഇടവകാംഗമായ ശ്രീമതി റോസമ്മ കാളാശ്ശേരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ അഭി. പെരുന്തോട്ടം പിതാവിന്റെ ജന്മദിനാഘോഷത്തിൽ ആശംസകളറിയിച്ചു സംസാരിച്ചു.

06 ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ആഘോഷപൂർവമായ കുർബാനസ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് കൂത്രപ്പള്ളി സെയിന്റ് മേരീസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം നെടുമങ്ങാട് മദർ തെരേസാ വൃദ്ധമന്ദിരത്തിന്റെ ആശീർവ്വാദകർ

മ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് പൊതുസമ്മേളനത്തിൽ ആശംസകളറിയിച്ചു സംസാരിക്കുകയും ചെയ്തു.

07 നിരണം മാർത്തോമ്മാ ശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ യുവദീപ്തി-SMYM തീർത്ഥാടനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ OSAP ഓറിയന്റേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് മെത്രാപ്പോലീത്തൻ ഇടവക ശങ്കൂരിക്കൽ ശ്രീമതി റോസമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. വൈകിട്ട് വിജയപുരം ലത്തീൻരൂപതയിലെ വൈദികർക്ക് ധ്യാനംനയിച്ചു.

08-11 വിമലഗിരി കത്തീഡ്രൽ ദൈവാലയത്തിൽ വിജയപുരം രൂപതാവൈദികരുടെ വാർഷികധ്യാനം പ്രസംഗിച്ചു. 10-ാം തീയതി ബുധനാഴ്ച വൈകുന്നേരം വായ്പ്പൂർ സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ അതിരൂപതാംഗമായ മാടപ്പാട്ട് ബഹു. ജോൺ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

12 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കൺസൾട്ടേഴ്സ് യോഗത്തിലും ആശാഭവൻ ബോർഡ് മീറ്റിംഗിലും സംബന്ധിച്ചു. ശേഷം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പുളിങ്കുന്ന് ഫൊറോനാ യുവദീപ്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

13 ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ മൂവാറ്റുപുഴ കൃപാജ്യോതി പ്രൊവിൻഷ്യൽഹൗസ് സന്ദർശിച്ചു. തുടർന്ന് കോതമംഗലം രൂപതയിലെ മതബോധനാധ്യാപക സംഗമത്തിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരി സന്ദർശിക്കുകയും അതിരൂപതയിലെ വൈദികവിദ്യാർത്ഥികളെ നേരിൽകണ്ടു സംസാരിക്കുകയും ചെയ്തു. തുടർന്ന് അങ്കമാലി കരയാംപറമ്പ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വൈകിട്ട് മാന്നാനം സെയിന്റ് എഫ്രേംസ് സ്കൂളിൽ കുടമാളൂർ ഫൊറോനാ യുവദീപ്തി ക്യാമ്പിൽ യുവജനങ്ങളുമായി സംവദിച്ചു.

14 ആനക്കുളം സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തുകയും ഇടവകയിലെ കിടപ്പുരോഗികളെ ഭവനത്തിൽ സന്ദർശിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാംഗമായ പുത്തൻപുരയ്ക്കൽ ബഹു. തോമസ് (അജി) അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ വൈദികർക്കായി നടത്തിയ വാർഷികധ്യാനത്തിൽ ആമുഖസന്ദേശം നല്കി.

15 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് പുന്നപ്രദനഹാലയിൽ ക്ലാസ് നയിച്ചു. സായാഹ്നത്തിൽ തിരുമൂലപുരം മലങ്കര ദൈവാലയത്തിൽ നടത്തിയ മാർ ഈവാനിയോസ് അനുസ്മരണയോഗത്തിൽ സന്ദേശം നല്കി സംസാരിക്കുകയും കോപ്റ്റിക് പാത്രിയാർക്കിസ് ഇബ്രാഹിം ഇസാക് സിദ്രാക് ബാവയെ സ്വീകരിക്കുകയും ചെയ്തു.

16 CMC സന്യാസസമൂഹത്തിന്റെ ചങ്ങനാശേരി ഹോളിക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പരി.

കുർബാനയർപ്പിച്ച് സന്ദേശം നല്കി. ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ആഘോഷപൂർവ്വമായ കുർബാനസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം മാന്നില ഹോളിഫാമിലി ഇടവക പുതുപ്പറമ്പിൽ ശ്രീമതി അന്നമ്മ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 രാവിലെ പുളിങ്കുന്ന് സെയിന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ ആഘോഷപൂർവ്വമായ കുർബാനസ്വീകരണത്തിൽ മുഖ്യകാർമ്മികനായി. തുടർന്ന് പുളിങ്കുന്ന് ഫൊറോന ചിറ്റേടം ശ്രീ. ഔസേപ്പ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് കായൽപ്പുറം സെയിന്റ് ജോസഫ്സ് ഇടവകാംഗമായ മൂലേപ്പറമ്പിൽ ബഹു. അജി CMI അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് കുന്നന്താനം ധ്യാനകേന്ദ്രത്തിൽ വൈദികരുടെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു.

18 മണിമല ഹോളി മേജൈ ഫൊറോനാ ദൈവാലയത്തിൽ മാമ്മോദീസാ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് പുന്നപ്ര ദനഹാലയിൽ ക്ലാസ് നയിച്ചു. പിന്നീട് തൃശൂർ അതിരൂപത സഹായമെത്രാൻ അഭി. ടോണി നീലങ്കാവിലിന്റെ പിതാവ് ഷെവ. എൻ.എ. ഔസേഫിന്റെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു. തുടർന്ന് കോഴിക്കോട് MSMI പ്രൊവിൻഷ്യൽ ഹൗസും കോഴിക്കോട് ലത്തീൻ ബിഷപ്പ് ഹൗസും സന്ദർശിച്ചു.

19 കോഴിക്കോട് കുളത്തുവയൽ MSMI ജനറലേറ്റിൽ ക്ലാസ് നയിച്ചു. വൈകിട്ട് കോതമംഗലം ബിഷപ് ഹൗസിൽ അഭി. ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനെ സന്ദർശിച്ചു.

20 രാവിലെ കോതമംഗലം രൂപതാകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് ചൊവ്വരയിൽ കാഞ്ഞൂപ്പറമ്പിൽ ബഹു. സക്കറിയാസ് CSsR അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പിന്നീട് തൊടുപുഴ സെയിന്റ് സെബാസ്റ്റ്യൻസ് ഫൊറോനപ്പള്ളിയിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് പാലാരൂപത തൊടുങ്ങനാട് സെയിന്റ് തോമസ് ഇടവകയിൽ പരേതയായ ശ്രീമതി ത്രേസ്യാമ്മ കരിയിലക്കുളത്തിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. തുടർന്ന് കൊടുപ്പുന്ന സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ അതിരൂപതാംഗമായ കിഴക്കേടത്ത് ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ സഹകാർമ്മികത്വം വഹിച്ചു.

21 രാവിലെ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ നിന്ന് പൊങ്ങുമ്മൂട് സെയിന്റ് അൽഫോൻസാ ദൈവാലയത്തിലേക്കു നടത്തിയ അൽഫോൻസാ തീർത്ഥാടനം ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് പൊങ്ങുമ്മൂട് സെയിന്റ് അൽഫോൻസാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നല്കുകയും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു നേതൃത്വം നല്കുകയും ചെയ്തു. വൈകുന്നേരം കണ്ണൂർ ലത്തീൻ രൂപതയിലെ വൈദികരുടെ ധ്യാനത്തിന് നേതൃത്വം നൽകി.

22-25 കണ്ണൂർ രൂപതയിലെ വൈദികരുടെ വാർഷികധ്യാനം നയിച്ചു.



# E N G A G E M E N T S

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 AUGUST

| | | |
|---|---|---|
| 01 | **09:00 a.m.** | Academic Year Inauguration of LMCST @ Kuttichal |
| 02 | | Engaged |
| 03 | **07:00 a.m.** | DST Convent Chapel Blessing @ Chathanad |
| | **12:15 p.m.** | Message @ St Alphonsa Pilgrimage, Kudamaloor |
| 04 | **11:00 a.m.** | Holy *Qurbana* & Message @Thekkenmekhala +1, +2 Catechism Students meet, Lourdes Forane, Tvm |
| | **07:00 p.m.** | Vianney Day Celebration @ Priest Home Ithithanam |
| 05 | **09:30 a.m.** | 70th Anniversary of the Eparchy of Pala @ Bishop House, Pala |
| 05-09 | | KCBC Retreat |
| 10 | | Engaged |
| 11-13 | | CBCI @ Bangalore |
| 14 | **02:00 p.m.** | Holy *Qurbana* & Berchmans' Day Celebration @ SB HSS |
| | **05:30 p.m.** | *Solemn Ramsa* @ St. Sebastian's Church Thekkekara |
| | **07:30 p.m.** | Birthday Celebration of Mar Joseph Powathil @ Abp House |
| 15 | **07:00 a.m.** | Kodiyettu & Holy *Qurbana* @ St. Mary's Church Kainakray |
| | **02:30 p.m.** | Conferring of honorary doctorate to Mar Joseph Powathil @ Paurastya Vidhyapitham, Vadavathoor |
| | **04:00 p.m.** | Certificate Distribution of Theology Course @ Holy Family Church Mudiyoorkara |
| | **06:30 p.m.** | Parish Day @ St. Mary's Church Punnamada |
| 16 | **02:00 p.m.** | Teacher's Day Celebration @ SB HSS |
| | **05:00 p.m.** | HRD Trust Meeting @ Abp House |
| | **06:30 p.m.** | Message @ Chethipuzha Bible Convention |
| 17 | **10:00 a.m.** | Ecumenical Youth Meet @ Pastoral Centre |
| | **05:00 p.m.** | Holy *Qurbana* @ Kudamaloor St. Alphonsa Bhavan |
| 18 | | Pastoral Visit @ Little Flower Church, Kollad |
| 19–30 | | Syro Malabar Bishops' Synod @ Mount St. Thomas Kakkanad |
| 31 | **07:00 p.m.** | Handmaids of Mary Convent Chapel Blessing @ Perumkavu |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 AUGUST

| | | |
|---|---|---|
| 01-05 | | Syro-Malabar National Convention @ Houston, USA |
| 05-09 | | KCBC Retreat @ POC, Palarivattam |
| 09 | **06:00 p.m.** | Inter Departmental Meeting @ Archbishop House |
| 10 | **10:30 a.m.** | Sacraments of Initiation @ Ettumanoor |
| | **11:30 a.m.** | DCMS *Dharna* Inauguration @ Kottayam |
| | **02:30 p.m.** | Interaction with Athirampuzha Forane Yuvadeepthi @ Kottackapuram |
| | **08:00 p.m.** | Altar Boys Camp @ Ayoor |
| 11 | **07:00 a.m.** | Parish Visit @ Aryankavu |
| 12 | **06:15 a.m.** | *Qurbana* @ F.C.C. Provincial House |
| | **10:00 a.m.** | *Mathruvedi Karmapadhathi Samapanam* @ Nedumkunnam |
| | **11:30 a.m.** | Jubilee Message @ Chanjody |
| | **02:30 p.m.** | **Visitors Time** |
| | **06:30 p.m.** | Orientation talk : Malankara Priests Council @ Mavelikara |
| 13 | **10:00 a.m.** | Kollam - Ayoor Priest Conference @ Kollam |
| | **04:30 p.m.** | *Qurbana* @ Pallipuram, Cherthala |
| 14 | **08:30 a.m.** | Curia |
| | **02:30 p.m.** | **Visitors Time** |
| | **05:00 p.m.** | *Qurbana* @ Cathedral |
| 15 | **02:30 p.m.** | *Paurasthya Vidyapitham*, Vadavathoor |
| | **05:30 p.m.** | Altar *Qudasa* & Cemetry Blessing @ CMI Monastery, Muttar |
| 16 | **06:15 a.m.** | *Qurbana* @ Priest Home |
| | **08:30 a.m.** | Curia |
| | **11:30 a.m.** | Class @ Amala Theological College, Parel |
| | **02:00 p.m.** | Silver Jubilee of Berchmans Institute of Management Studies @ SB College |

| | | |
|---|---|---|
| | **05:00 p.m.** | CAHRD Board Meeting @ Archbishops House |
| | **07:00 p.m.** | Class @ Kurichy |
| 17 | **06:30 a.m.** | *Qurbana* @ Adoration Monastery, Nedumkunnam |
| | **09:00 a.m.** | House Blessing @ Thazhathuvadakara |
| | **03:00 p.m.** | Forane Koottayma Leaders Meet @ Edathua |
| | **06:00 p.m.** | Interaction with youth @ Pallikoottumma |
| 18 | **08:00 a.m.** | Parish visit @ Meenkulam |
| 19-30 | | Synod @ Kakkanad |
| 31 | **10:00 a.m.** | Class @ Niranam |
| | **03:00 p.m.** | Forane Koottayma Leaders Meet @ Changanacherry |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468